# സുന്നി അഫ്കാർ

2011 മെയ് 18 | 14 ജമാദുൽ ആഖർ 1432 | പുസ്തകം 01 ലക്കം 35

**22/കോട്ടുമല ടിഎം ബാപ്പു മുസ്‌ലിയാർ**
സമസ്ത മധ്യമേഖല
ഉലമാ സമ്മേളനം ഉയർത്തുന്ന ചിന്ത

**25/ഫൈസി അബൂനുഅ്മാൻ അരിപ്ര**
തിരുസന്നിധിയിൽ
ചെന്നണയുന്നു

## പാകിസ്ഥാനിൽനിന്ന് ഒരാൾ സ്നേഹപൂർവം

08



സികെ ഫൈസൽ പുത്തനഴി

## ദയൂബന്ദികളും ബറേൽവികളും വിയോജിപ്പിന്റെ നിദാനങ്ങൾ



12

പിഎ സ്വാദിഖ് ഫൈസി താനൂർ

## അല്ല, എന്താണ് നിങ്ങൾ പറയുന്ന ഈ പൗരോഹിത്യം

18



ഗഫൂർ റഹ്മാനി കമ്പളക്കാട്

വായനക്കാരുടെ എഴുത്തുകൾ
ഒറ്റൊന്ന്
വാർത്ത
വിചാരപഥം

**28/എംഎ ജലീൽ സഖാഫി പുല്ലാര**
അല്ലാഹുവിന്റെ ദാത്ത്
സലഫിന്റെയും
ഖലഫിന്റെയും രീതികൾ

**31/സുബൈർ റഹ്മാനി വാവൂർ**
ഭാഷാപാരമ്പര്യത്തോട്
നൂൽബന്ധം തീർത്ത്
'മജല്ലത്തുന്നൂർ'

**വില 5 രൂപ**
സമസ്താലയം, ചേളാരി
തേഞ്ഞിപ്പലം - 673 636
മലപ്പുറം ജില്ല, കേരള
ഫോൺ: 0494 2400938
sunniafkar@gmail.com

**മാനേജിങ് ഡയറക്ടർ : പാണക്കാട് സയ്യിദ് ഹൈദറലി ശിഹാബ് തങ്ങൾ**

**ചീഫ് എഡിറ്റർ**
പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ
**എക്സിക്യൂട്ടീവ് എഡിറ്റർ**
പിപി മുഹമ്മദ് ഫൈസി
**എഡിറ്റർ**
വേങ്ങൂർ സ്വലാഹുദ്ദീൻ റഹ്മാനി

**എക്സിക്യൂട്ടീവ് ഡയറക്ടർ**
ഹാജി കെ മമ്മദ് ഫൈസി
**ജനറൽ മാനേജർ**
അബ്ദുസ്സമദ് പൂക്കോട്ടൂർ
**പബ്ലിഷർ**
എംപിഎം അസ്സൻ ശരീഫ് കുരിക്കൾ

**സർക്കുലേഷൻ**
സിപി ഇഖ്ബാൽ
**കവർ**
ശംസീർ
**ലേ-ഔട്ട്**
ഹമീദ് മേൽമുറി

## വായനക്കാരുടെ എഴുത്തുകൾ

കത്തുകൾ ഇ–മെയിലും ചെയ്യാം: editorsunniafkar@gmail.com



# ഈ മരണവ്യാപാരത്തിനൊരു അവസാനം വേണം

**ഇപി അബ്ദുറഹ്മാൻ ബാഖവി**
കാസർക്കോട്

രക്തപരിശോധന നടത്തിനോക്കിയാൽ നമ്മിൽ മിക്കവരുടെയും രക്തത്തിൽ ഏതെങ്കിലും തരത്തിൽ വിഷാംശം ഉണ്ടാവാൻ സാധ്യത കൂടുതലാണ്. കാരണം, നാം കുടിക്കുന്ന ആഹാരങ്ങളിൽ പ്രത്യേകിച്ച് പച്ചക്കറികളിലും പഴവർഗങ്ങളിലും അശാസ്ത്രീയമായും അമിത അളവിലും ഉപയോഗിക്കപ്പെടുന്ന കീടനാശിനികളും മറ്റു രാസപദാർത്ഥങ്ങളും ചെറിയ തോതിലെങ്കിലും ശരീരത്തെ ബാധിക്കുമെന്ന് ഉറപ്പാണ്.

പഴവർഗങ്ങൾ വേഗത്തിൽ പഴുക്കാനും ആകർഷകമായ വർണം ലഭിക്കാനും പച്ചക്കറികൾ പെട്ടെന്ന് വളരാനും കീടങ്ങൾ ആക്രമിക്കാതിരിക്കാനും ഇന്ന് ആശ്രയിക്കുന്നത് ആരോഗ്യത്തിന് ഏതെങ്കിലും വിധത്തിൽ ഹാനികരമായ രാസ മിശ്രിതങ്ങളെയാണ്.

പല രാജ്യങ്ങളും പൂർണമായി നിരോധിക്കുകയോ കർശന നിയന്ത്രണം ഏർപ്പെടുത്തുകയോ ചെയ്തവയിൽ പെട്ട അറുപത്തിയഞ്ചു ഇനം കീട നാശിനികൾക്കു ഇന്ത്യയിൽ യാതൊരു വിലക്കുമില്ലെന്നറിയുമ്പോഴാണ്, നമ്മുടെ രാജ്യത്ത് നിയമാനുസൃതം നടക്കുന്ന ‘മരണ വ്യാപാരം’ നമ്മെ ഞെട്ടിപ്പിക്കുന്നത്. ഇത്തരം കീടനാശിനികളിൽ പലതും മണ്ണിനെയും വെള്ളത്തെയും വായുവിനെയും വിഷമയമാക്കുന്നു എന്നു മാത്രമല്ല, തലമുറകളെ തന്നെ നശിപ്പിക്കാൻ പോന്നതാണ്.

ഇതേ പ്രകാരം കശുമാവിൻ പൂക്കളെ നശിപ്പിക്കുന്ന കൊതുകുകളെ കൊന്നൊടുക്കാനെന്ന പേരിൽ രാജ്യത്ത് വ്യാപകമായി ഉപയോഗിക്കുന്ന മാരക കീടനാശിനിയാണ് എൻഡോസൾഫാൻ. മനുഷ്യരിൽ

ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന രാസ വസ്തുവാണിത്. ദൂരവ്യാപകമായ പ്രത്യാഘാത ങ്ങൾക്കു കാരണമാകുന്ന ജനിതക തകരാറുകൾ, തല വലുതാകൽ, ചലനശേഷി നഷ്ടമാവൽ, ബുദ്ധിമാന്ദ്യം തുടങ്ങി മാരകമായ പല രോഗ ങ്ങൾക്കും ഈ വിഷമരുന്ന് കാരണമാകും.

കാസർക്കോട്ടെ അയ്യായിരത്തോളം ഹെക്ടർ വരുന്ന കശുമാവിൻ തോട്ട ങ്ങളിൽ സംസ്ഥാന സർക്കാർ സ്ഥാപ നമായ പ്ലാന്റേഷൻ കോർപ്പറേഷൻ കാൽ നൂറ്റാണ്ടു കാലമായി ഈ വിഷ മരുന്ന് തളിക്കുകയാണ്.

കാസർക്കോട് മാത്രം ആയിരത്തി ലധികം ആളുകൾ എൻഡോ സൾഫാൻ ദുരന്തത്തിൽ കൊല്ലപ്പെട്ടി ട്ടുണ്ട്. പതിനൊന്നു പഞ്ചായത്തുകളി ലായി പരന്നുകിടക്കുന്ന ദുരന്തഭൂമി യിൽ ആയിരക്കണക്കിന് ആളുകൾ വിവിധ ദുരന്തങ്ങൾക്കു അടിമപ്പെട്ട് ജീവിതം തള്ളിനീക്കുന്നു. ജീവച്ഛവ ങ്ങളായി കഴിയുന്നവരും മരണം കൺമുമ്പിൽ കാണുന്നവരും ഇക്കൂട്ട ത്തിലുണ്ട്.

കർണാടകയിലെ ബൽത്തങ്ങാടി, പുത്തൂർ താലൂക്കുകളിലും ഇത്തരം ദുരിത ബാധിതരെ കണ്ടെത്തിയിട്ടു ണ്ട്. ശരിയായ പഠനം നടന്നാൽ മറ്റു സംസ്ഥാനങ്ങളിലും എൻഡോ സൾഫാൻ കെടുതികൾ കണ്ടെത്താ നാവും.

ഈ സാഹചര്യത്തിലാണ് എൻഡോസൾഫാൻ രാജ്യവ്യാപക മായി നിരോധിക്കണമെന്ന ആവശ്യം ഉയരുന്നത്. ഈ ആവശ്യം ഒരു വൻ സരമക്കൊടുങ്കാറ്റായി ആഞ്ഞുവീശാൻ തുടങ്ങിയത് കാസർക്കോട് നിന്നു തന്നെയാണ്. ഇവിടെ തുടങ്ങിയ എൻഡോസൾഫാൻ വിരുദ്ധസമരം കാട്ടുതീ പോലെ രാജ്യമാകെ പടരുക യാണിപ്പോൾ. 81 രാജ്യങ്ങൾ ഈ കീട നാശിനി നിരോധിച്ചിട്ടും നമ്മുടെ രാജ്യം ഭരിക്കുന്നവർ ഇതൊന്നും കണ്ട ഭാവമില്ല.

എൻഡോസൾഫാൻ മാത്രമല്ല, മനുഷ്യ ജീവന് ഭീഷണിയായ എല്ലാ കീടനാശിനികളെയും നമ്മുടെ മണ്ണിൽ നിന്നും കെട്ടു കെട്ടിക്കാൻ ശക്തമായ ജനകീയ മുന്നേറ്റങ്ങൾ ആവശ്യമാണ്. ഇത്തരം സമരങ്ങൾക്കു നേരെ കണ്ണട ക്കാൻ ഭരണാധികാരികൾക്കു അധിക നാൾ സാധിക്കുകയില്ല.

# ദൂരേക്ക് കണ്ണയച്ചിരിക്കുന്ന കാലത്ത് അടുത്തിരിക്കുന്നവൻ അവഗണിക്കപ്പെടുന്നു

**ഫസ്‌ലുല്ല കെ മണ്ണാർമല**
കാവനൂർ മജ്മഅ്

ഹൃദയമാണ് മനുഷ്യനെ നിയന്ത്രി ക്കുന്നത്. മറ്റുള്ള അവയവങ്ങൾ അതിന്റെ ആജ്ഞാനുവർത്തികൾ മാത്രം. നന്മയും തിന്മയും മനസ്സെന്ന പടപ്പറമ്പിൽ പടവെട്ടുന്നു. വിജയി ക്കുന്നവ പ്രായോഗിക രൂപങ്ങളുടെ പുടവയണിഞ്ഞ് പുറത്തുവരുന്നു. പരാജയപ്പെടുന്നവ പത്തി താഴ്ത്തി വിധേയത്വം പ്രഖ്യാപിക്കുന്നു. ഹൃദ യദാർഢ്യൻ വിവേകത്തിന്റെ താഴു കൊണ്ട് വഴികേടിന്റെ വാതിലുകൾ പൂട്ടുന്നു. രോഗാതുരമായ വികാര ങ്ങളെ പടിക്ക് പുറത്തു നിർത്തുന്നു. സദാചാരത്തിന്റെ ചിന്താവിഷ്കാര ങ്ങളെ താലോലിക്കുന്നു. ദുർവികാര ങ്ങളെ കൊണ്ടു നടന്നവൻ മരിക്കും മുമ്പെ നിർജ്ജീവമായവനാണ്; 'ചത്തതിനൊക്കുമേ ജീവിച്ചിരി ക്കലും' എന്ന പഴമൊഴിയുടെ ഉടൽരൂ പങ്ങൾ.

കാണുന്നതും കേൾക്കുന്നതും അപ്പാടെ പകർത്തുന്നവനാണ് യഥാർത്ഥ ഹൃദയശൂന്യൻ. അത് ഹൃദയവന്ധ്യതയാണ്. അധാർമികത ക്കെതിരെ പടച്ചട്ടയണിയലാണ് ഹൃദ യത്തിന്റെ പ്രമുഖദൗത്യം. മൃതശരീര ങ്ങളും പാഴ്തടികളും ഒഴുക്കിനൊത്ത് ചലിക്കുന്നവയാണ്. ഒഴുക്കിനെതിരെ നീന്താൻ ജീവനുള്ളവയ്ക്കേ കഴിയൂ. കരിയിലകൾ മന്ദമാരുതനിൽ പോലും പിടിച്ചു നിൽക്കാനാകാതെ പാറിപ്പോകും. കൊടുങ്കാറ്റ് വന്നാലും ഉറച്ച് നിൽക്കാനാവുക ജീവനുള്ള മരത്തിന്റെ ഇലക്ക് മാത്രമാണ്. ഇപ്ര

കാരം ദൂഷിത വികാരങ്ങളെ അകറ്റി നിർത്താൻ കഴിയുക ആരോഗ്യവും ഓജസ്സുമുള്ള ഹൃദയത്തിനു മാത്രമാണ്. അസാൻമാർഗികതയുടെ കുത്തൊഴുക്കിനെതിരെ ശരീരത്തെ നയിക്കാനാവണമെങ്കിൽ ഹൃദയം ധവളിമ പൊഴിച്ചേ പറ്റൂ.

ഈസാ നബി(അ)യെ കൊച്ചുകുട്ടികളെ ഉപയോഗിച്ച് പ്രതിയോഗികൾ പീഡിപ്പിക്കാറുണ്ടായിരുന്നു. തന്നെ കല്ലെറിയുകയും കൂക്കി വിളിക്കുകയും ചെയ്തിരുന്ന കുട്ടികൾക്ക് ഈസാ(അ) മുന്തിരി വാങ്ങി നൽകാറാണ് പതിവ്. 'പ്രയാസപ്പെടുത്തിയിട്ടും താങ്കളെന്തിനാണ് അവർക്ക് പഴം നൽകുന്നത്?" അനുയായികൾ ആശ്ചര്യം കൊണ്ടും ഈസാ നബി(അ) പറഞ്ഞു: "ഒരു പാത്രത്തിലുള്ളതാണ് അതിൽനിന്നും പുറത്തുവരിക. എന്റെ ഹൃദയത്തിലുള്ളത് നന്മയാണ്. അതിനാൽ എനിക്ക് നന്മ ചെയ്യാൻ കഴിയുന്നു. അവരിലുള്ളത് പകയും മാത്സര്യവുമാണ്. അതിനാലവർ പീഡകരായി മാറിയിരിക്കുന്നു."

പലരും നിസ്സാരകാര്യങ്ങളുടെ പേരിൽ ദേഷ്യപ്പെടുന്നത് കാണാം. അതോടെ അവർ സ്വയം മറക്കുന്നു. അന്തഃരംഗത്ത് അമർഷത്തിന്റെ അഗ്നിനാളങ്ങൾ രൂപപ്പെടുന്നതോടെ അധികപേരുടെയും ആലോചനാശേഷി നശിക്കുന്നു; മസ്തിഷ്കം മരവിക്കുന്നു. വികാരം വിവേകത്തെ ആട്ടിപ്പായിക്കുന്നു. അതോടെ പേപ്പിടിച്ചവനെപ്പോലെ പുലഭ്യം പറയുന്നു. അതുകൊണ്ടാണ് ഹൃദയ രോഗങ്ങളിലെ 'ക്യാൻസറായി' ചിന്താവിശാരദന്മാർ അകാരണദേഷ്യത്തെ എണ്ണിയത്. വിവേകി ആദ്യം പടിയടച്ച് പിണ്ഡം വക്കേണ്ടത് അസൂയെയും ദേഷ്യത്തെയുമാണ്.

അഹന്തയാണ് മറ്റൊരുതരം രോഗം. ലോഭർപ്പക്രോധമാത്സര്യാദികളും വഞ്ചനാത്മകാന്തരാഭിനിവേശങ്ങളും ഇന്ന് അഭിനവ ഹൃദയങ്ങളെ തകർത്തെറിഞ്ഞു കൊണ്ടിരിക്കുകയാണ്. കിലോ മീറ്ററുകൾ അകലെയുള്ള വിവരങ്ങൾ കണ്ണിമവെട്ടും മുമ്പെ അറിയാൻ ഇന്ന് സംവിധാനമുണ്ട്. പക്ഷേ, അടുത്തിരിക്കുന്നവന്റെ/അയൽവാസിയുടെ മനഃക്ലേശങ്ങളെയും ഹൃദയഖിന്നതകളെയും തിരിച്ചറിയാൻ യന്ത്രസംസ്കാരത്തിന്റെ മടിയിൽ തലവച്ചുറങ്ങുന്ന ആധുനിക സംസ്കാരത്തിന്റെ വശത്ത് സംവിധാനമില്ല. ഹൃദയമലിനീകരണത്തിനായി ഇവിടെ ആരാണ് ഹിമഗിരിശൃംഖനാദം മുഴക്കിയത്?!

പ്രവാചക സവിധത്തിലേക്ക് ഒരാൾ കടന്നുവന്നു. സ്വഹാബാക്കൾക്കിടയിൽ അത്ര പരിചയമില്ലാത്ത ആ വ്യക്തിയെ സംബന്ധിച്ച് പ്രവാചകൻ(സ്വ) പറഞ്ഞു: "അദ്ദേഹം സ്വർഗാവകാശിയാണ്." സ്വർഗപ്രവേശനത്തിനുതകുന്ന ഏത് കാര്യത്തെയും സസൂക്ഷ്മമന്വേഷിക്കുന്ന ശിഷ്യാനുചരൻമാർ ആ വ്യക്തിയുടെ ജീവിതം നിരീക്ഷിക്കാനാരംഭിച്ചു. സ്വഹാബാക്കൾക്ക് അയാളിൽ ഒരു പ്രത്യേക ആരാധനയും കാണാൻ കഴിഞ്ഞില്ല. പക്ഷെ, പിന്നീട് സ്വഹാബത്തിന് ബോധ്യമായി അയാൾ ഹൃദയശുദ്ധി നേടിയ വ്യക്തിയാണെന്ന്, അയാൾക്ക് ലോകത്തൊരാളോടും പകയും വിദ്വേഷവുമില്ലെന്ന്.

മഹാനായ തത്ത്വജ്ഞാനിയാണല്ലോ ലുഖ്മാനുൽ ഹകീം(റ). അദ്ദേഹത്തോടൊരിക്കൽ യജമാനൻ ആടിനെ അറുത്തു അതിൽനിന്ന് ഏറ്റവും രിചിയുള്ള ഭാഗം പാകം ചെയ്തു കൊണ്ടുവരാൻ ആവശ്യപ്പെട്ടു. ലുഖ്മാൻ(റ) ആടിനെ അറുത്ത് നാവും ഹൃദയവും പാകം ചെയ്തു നൽകി. മറ്റൊരിക്കൽ യജമാനൻ ആടിനെ അറുത്ത് ഏറ്റവും അരുചികരമായ ഭാഗം പാകം ചെയ്തുകൊണ്ടുവരാൻ കൽപ്പിച്ചു. ലുഖ്മാൻ(റ) അപ്പോഴും നാവും ഹൃദയവും പാകം ചെയ്തു നൽകി. യജമാനൻ ആശ്ചര്യഭരിതനായി കാരണമന്വേഷിച്ചു. മഹാനവർ അരുളി: "ഏതൊരു ജീവിയിലെയും നല്ല ഭാഗങ്ങൾ നാവും ഹൃദയവുമാണ്. അത് ശുദ്ധമാവണമെന്ന് മാത്രം. അശുദ്ധമായാലോ ഏറ്റവും അരുചികരവും അതു തന്നെയായിരിക്കും."

നാവും ഹൃദയവും തമ്മിൽ അചിന്ത്യവും അപ്രതിരോധ്യവുമായ ബന്ധമുണ്ട്. ഹൃദയത്തിന്റെ രോഗവും ആരോഗ്യവും നാവിനെ ആശ്രയിച്ചിരിക്കും. തന്റെ ഗുരുവിന്റെ മോശം വാക്കുകളാണ് ഡോ. ത്വാഹാ ഹുസൈൻ എന്ന സാഹിത്യകാരന്റെ ഹൃദയത്തിൽ പണ്ഡിതവിദ്വേഷം വളർത്തിയത് എന്ന് കൃതികൾ പരിശോധിച്ചാലറിയാം. "എവിടെ ക്ലാസിലെ കണ്ണു പൊട്ടൻ?" എന്ന ചോദ്യമാണ് കുഞ്ഞുംനാളിൽ ത്വാഹാഹുസൈന് കേൾക്കേണ്ടിവന്നതത്രെ. അത് ഹൃദയത്തിൽ ആഴത്തിലേറ്റെടുത്ത ത്വാഹാഹുസൈൻ പിന്നീട് തന്റെ തൂലികയുടെ തലപ്പ് നനച്ച് പണ്ഡിതൻമാർക്കെതിരെ അച്ചുനിരത്തിയെന്നതാണ് വസ്തുത. നാവ് ഹൃദയത്തിന്റെ പിന്നിലേ നിൽക്കാവൂ എന്നു പറയാൻ കാരണം ഇതൊക്കെയാവാം.

തീവ്രതയും ഭീകരതയും അളിഞ്ഞു നാറിയ ഹൃദയത്തിന്റെ ചത്ത ഉത്പന്നമാണ്. തൻപ്രമാണിത്തവും അധികാരപ്രമത്തതയുമാണ് അതിന്റെ മുഖ്യസന്തതികൾ. തന്റെ അധികാരസമയം കഴിയുന്നതിന്റെ 20 മിനുട്ട് മുമ്പ് അമേരിക്കൻ പ്രസിഡന്റ് നിക്സൺ പ്രഖ്യാപിച്ചു: "ഞാൻ ആറ്റംബോംബിന്റെ ബട്ടണമർത്തി സപ്തലോകവും ചുട്ടെരിക്കും." അഹംഭാവത്തിന്റെ മൂർദ്ധന്യദശയാണ് നിക്സണെ ഇതു പറയാൻ പ്രേരിപ്പിച്ചത് എന്ന് സാരം. ഈ 'ഈഗോമാനിയ' തന്നെയാണ് ഇന്ന് അറേബ്യൻ രാഷ്ട്രങ്ങളിലടക്കം അള്ളിപ്പിടിച്ച താന്തോന്നികളായ ഏകാധിപതികളുടെ മുഷ്കിന്റെ പിന്നിലെ ശക്തിരഹസ്യം.

താൻ ജനിച്ചത് അന്യന്റെ വ്യഥകൾക്ക് നിവാരണം കാണാനാണെന്ന തിരിച്ചറിവുള്ള ഹൃത്തടം ദൈവീക സവിധത്തിൽ വിലയംപ്രാപിച്ചിരിക്കും. ഹൃദയദർപ്പണത്തെ ഇലാഹീ സമർപ്പണത്തിന്റെ ആൽത്താരയിൽ പ്രതിഷ്ഠിച്ച വിശ്വാസിയുടെ മനസ്സ് ലാക്ഷണികമായ മോഹങ്ങളാൽ അലയില്ല.


സുന്നി അഫ്കാർ വാരിക

വരിസംഖ്യ

| | |
|---|---|
| ഒരു വർഷം | 250/- |
| ആറു മാസം | 125/- |

bske

ഒറ്റൊന്ന്

• പാണക്കാട് സയ്യിദ് ബശീറലി ശിഹാബ് തങ്ങൾ
*basheeralithangal@gmail.com*

# അറിവിന്റെ സ്ഫോടനാത്മക വളർച്ചക്ക് എഴുന്നേറ്റു നിൽക്കുക

**ലോ**കം ഇന്നു വിസ്ഫോടനാത്മകമായ അറിവിന്റെ പുതിയ ലോകങ്ങൾതേടിയുള്ള യാത്രയിലാണ്. ലോകത്തെ മുച്ചൂടും ഗ്രസിച്ചുകഴിഞ്ഞിരുന്ന അന്ധതയുടെ അന്ധകാര ഇടനാഴികൾ ഇന്ന് പ്രഭാപൂരിതമായിരിക്കുന്നു. അറിവും വിജ്ഞാനവും വിദ്യാഭ്യാസവും നിറഞ്ഞ സമൂഹം ഇന്നു ഫാഷനായി മാറുകയും പണ്ഡിതർ സമൂഹത്തിൽ ആദരിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷം അത്യധികം ശുഭോദർക്കമത്രെ. ഒന്നു രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പ് യൂറോപ്പിലാകമാനം വീശിയടിച്ച മാറ്റത്തിന്റെ കാറ്റു വിതച്ച നവോത്ഥാനത്തിന്റെ ബാക്കിപത്രമാണ് വിജ്ഞാനത്തിന്റെ ഈ മഹാവിസ്ഫോടനം.

എന്നാൽ, അതിനും നൂറ്റാണ്ടുകൾക്കു മുമ്പ് യൂറോപ്പിനിപ്പുറം അറേബ്യൻ വൻകരയിലും, അപ്പുറം സ്പെയിനിന്റെ തീരങ്ങളിലും വിജ്ഞാനത്തിന്റെ മലർവാടി തീർത്ത മറ്റൊരു വൈജ്ഞാനിക സംസ്കാരമുണ്ടായിരുന്നു. ആ സംസ്കാരത്തിന്റെ തണലിലാണ് ഇന്നത്തെ യൂറോപ്യൻ സംസ്കാരം പൂത്തുകിളിർത്തത്. ആ മഹാമേരുവിന്റെ ഉദരത്തിലാണ് ഇത്തിക്കണ്ണി പോലെ മായികമായ യൂറോപ്യൻ വിജ്ഞാനീയങ്ങൾ പറ്റിപ്പിടിച്ചുകിടന്ന് വളർന്നു പന്തലിച്ചത്.

ക്രിസ്തീയ ലോകത്തിന്റെ എല്ലാമെല്ലാമായ റോമിലെ മാർപ്പാപ്പയുടെ ഗ്രന്ഥാലയത്തിൽ വെറും ആറായിരം ഗ്രന്ഥങ്ങൾ മാത്രമുണ്ടായിരുന്നപ്പോൾ ലക്ഷക്കണക്കിനു പുസ്തകങ്ങളുള്ള അതിവിശാലമായ ലൈബ്രറിയുമായി തങ്ങളുടെ കൊട്ടാരത്തിനു മകുടം ചാർത്തിയ മുസ്‌ലിം ഉമ്മത്ത് തന്നെയാണ് ആധുനിക യൂറോപ്പിന്റെ ഗുരു.

യൂറോപ്പിന്റെ കടൽത്തീരങ്ങളിൽ ആബാലവൃദ്ധം ജനങ്ങൾ വ്യക്തമായ ദിശാബോധമില്ലാതെ മീൻപിടിച്ച് ചുട്ടുതിന്നും കക്ക പെറുക്കിയും പാതിരാവായാൽ മണൽതിട്ടയിൽ തന്നെ മലർന്നു കിടന്ന് ആകാശം നോക്കിയും നേരം വെളുപ്പിച്ച കാലത്ത്, കടലിന്റെ മറുകരയിൽ ലോകത്തിലെ ആദ്യത്തെ സർവകലാശാല സ്ഥാപിച്ചും വാനനിരീക്ഷണ കേന്ദ്രങ്ങളിൽ പുലരുവോളം നക്ഷത്രങ്ങളെ കണ്ടും അറിഞ്ഞും ജീവിച്ചവരാണ് മുസ്‌ലിം സമൂഹം. ഹിജ്റ വർഷം 656-ൽ ഇസ്‌ലാമിക സംസ്കാരത്തിന്റെ സ്വച്ഛന്ദമായ പുൽമേടുകളിൽ സംഹാരരുദ്രമായി മേഞ്ഞു നടന്ന ചെങ്കിസ്ഖാന്റെ കാളക്കൂറ്റൻമാർ കടിച്ചുതുപ്പിയ ബാഗ്ദാദിലെ ഒലീവ് മരച്ചില്ലകളും ചെസ്റ്റ്നട്ട് മരങ്ങളും യൂറോപ്പിന് പുനരുദ്ധാരണത്തിന്റെ അമൃത്‌വർഷമായത് ചരിത്രത്തിന്റെ നിയോഗമായിരിക്കാം.

അന്ന് ബാഗ്ദാദിലെ സർവകലാശാലകളും ഗ്രന്ഥാലയങ്ങളും പൊളിച്ചടുക്കി വിജ്ഞാനത്തിന്റെ അമൂല്യസ്രോതസ്സുകളായ പുസ്തകക്കെട്ടുകൾ ആർത്തലക്കുന്ന ടൈഗ്രീസിനു കുറുകെയിട്ട് പാലം പണിതപ്പോൾ, സമുദ്രസമാനമായ ടൈഗ്രീസ് അമൂല്യഗ്രന്ഥങ്ങളിലെ മഷികലങ്ങി കറുത്ത നിറമാർന്നുപോയത്രെ. ആ പതനത്തിൽ നിന്നും ഊർജ്ജമുൾക്കൊണ്ട യൂറോപ്പാണ് വിജ്ഞാനത്തിന്റെ ഉപാസകരായി ഉദയംചെയ്തിരിക്കുന്നത്. അധുനാതന പാശ്ചാത്യ സമൂഹത്തിന്റെ വിജ്ഞാനതൃഷ്ണയെ വായിക്കേണ്ടത് മുൻ അമേരിക്കൻ പ്രസിഡന്റും വിദ്യാഭ്യാസ വിചക്ഷണനുമായ തോമസ് ജഫേഴ്സണിന്റെ വാക്കുകളിലൂടെയാണ്. തന്റെ കല്ലറയിൽ കൊത്തിവെക്കാൻ അദ്ദേഹം കൽപ്പിച്ചത് ഇതായിരുന്നു: "Here was burried thomas Jafferson, the father of the university of Virjenia."

ഇത്തരമൊരു ഉത്ഥാനത്തിലേക്ക് യൂറോപ്പിനെ നയിച്ചത് മതനിരാസമായിരുന്നുവെങ്കിൽ, മുസ്‌ലിം സമൂഹത്തെ നയിച്ചത് മതാഭിനിവേശമായിരുന്നു. യൂറോപ്പിന്റെ പരിഷ്കൃതജനത 'അവസാനത്തെ പാതിരിയെ അവസാനത്തെ രാജാവിന്റെ കുടൽമാലയിൽ തൂക്കിക്കൊല്ലുക' എന്നാക്രോശിച്ച് മത, രാഷ്ട്രീയ നേതൃത്വത്തെ വെല്ലുവിളിച്ചപ്പോൾ മുസ്‌ലിം സമൂഹത്തെ നയിച്ചത് "പറയുക, അജ്ഞരും അറിവാളന്മാരും തുല്യരാണോ" എന്ന ഖുർആൻ വചനമായിരുന്നു.

"ഇസ്‌ലാമിനെ ആഴത്തിൽ പഠിച്ച് സ്വന്തം ജനതയെ മാർഗനിർദേശംചെയ്യുന്ന ഒരു കൂട്ടം എന്തുകൊണ്ട് നിങ്ങളിൽനിന്നും ഇറങ്ങിപ്പുറപ്പെടുന്നില്ല" എന്ന് വിശുദ്ധ ഖുർആൻ.



# പാകിസ്ഥാനിൽനിന്ന് ഒരാൾ സ്നേഹപൂർവം

അതിരുകൾക്കപ്പുറം

• സികെ ഫൈസൽ പുത്തനഴി

ഗളിവരുടെ യാത്രകളിലെ ഏതോ വിചിത്ര രാജ്യങ്ങളിലൊന്നാണോ പാകിസ്ഥാൻ എന്ന് തോന്നിപ്പിക്കുന്ന വാർത്തകളാണ് അവിടെനിന്നും വന്നുകൊണ്ടിരിക്കുന്നത്. ലില്ലിപുട്ടുകാരെ പോലുള്ള രാഷ്ട്രീയക്കാരും ബ്രോബ്ഡിനാകിയൻ പട്ടാള മേധാവികളും കൊണ്ടു നിറഞ്ഞിരിക്കുകയാണ് ഈ രാഷ്ട്രം. ഈ കുഞ്ഞൻ രാഷ്ട്രീയക്കാരിൽനിന്ന് വേറിട്ടു നിൽക്കുന്ന വിവേകപൂർണമായ ഒരു ശബ്ദമാണ് 'അവാമി നാഷണൽ' പാർട്ടിയും അതിന്റെ നേതാവായ അസ്സൻദിയാർ വാലീഖാനും. ബാദുഷാ ഖാൻ, ഷേറെ അഫ്ഗാൻ, ഗാന്ധിയെ സർഹാദ് (അതിർത്തി ഗാന്ധി) എന്നൊക്കെയറിയപ്പെട്ട ഖാൻ അബ്ദുൽ ഗാഫർഖാന്റെ പൗത്രനും പാകിസ്ഥാനിലെ ലിബറൽ സെക്യുലർ രാഷ്ട്രീയത്തിന്റെ നായകനായിരുന്ന ഖാൻ അബ്ദുൽ വാലി ഖാന്റെ പുത്രനുമാണ് അസ്സൻദിയാർ വാലി ഖാൻ. അക്രമോത്സുകരായ പത്താൻക്കാരെ വിദ്യാസമ്പന്നരും സേവനമനസ്കരും സമാധാന കാംക്ഷികളുമാക്കാൻ യത്നിച്ച മഹത് വ്യക്തിയായിരുന്നു ഖാൻ അബ്ദുൽ ഗാഫർ ഖാൻ. അദ്ദേഹം സ്ഥാപിച്ച ഗുദായെ ഖിദ്മത്ത് ഗർ(അല്ലാഹുവിന്റെ സേവകർ) മാനവ സേവയാണ് ഈശ്വര സേവ എന്ന തത്വം ഉയർത്തിപിടിച്ചു. സ്വാതന്ത്ര്യത്തിനും ഹിന്ദു മുസ്‌ലിം ഐക്യത്തിനും വേണ്ടി നിലകൊണ്ട ഖാൻ അബ്ദുൽ ഗാഫർഖാൻ ഇന്ത്യാവിഭജനത്തെ ശക്തമായി എതിർത്തിരുന്നു. ഇന്ത്യൻ നാഷണൽ



കോൺഗ്രസ് അതിന്റെ അധ്യക്ഷ സ്ഥാനം വാഗ്ദാനം ചെയ്തപ്പോൾ സ്നേഹപൂർവം നിരസിച്ചെങ്കിലും കോൺഗ്രസുമായും ഗാന്ധിജിയുമായും ഊഷ്മളമായ ബന്ധം മരണം വരെ അതിർത്തി ഗാന്ധി സൂക്ഷിച്ചു. അദ്ദേഹത്തിന്റെ സഹോദരൻ ഡോക്ടർ ഖാൻ സാഹിബ് 1937-ൽ വടക്കു പടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിൽ കോൺഗ്രസിന്റെ മുഖ്യ മന്ത്രിയായിരുന്നു. ഇത് അദ്ദേഹത്തിനെ പാകിസ്ഥാനിൽ രാജ്യദ്രോഹി എന്നു മുദ്രയടിക്കുന്നതിൽ കലാശിച്ചു. പലപ്പോഴും പാക്ജയിലുകളിൽ അദ്ദേഹം കിടക്കേണ്ടിയും വന്നിട്ടുണ്ട്. ഇന്ത്യയാവട്ടെ പരമോന്നത സിവിലിയൻ പുരസ്കാരമായ 'ഭാരത്രത്ന' നൽകി അദ്ദേഹത്തെ ആദരിക്കുകയാണുണ്ടായത്.

ഖാൻ അബ്ദുൽ ഗാഫർഖാന്റെ പാരമ്പര്യം പുത്രൻ ഖാൻ അബ്ദുൽ വാലി ഖാനും പിന്തുടരുകയുണ്ടായി. കോൺഗ്രസുമായുള്ള ബന്ധം ഖാൻ അബ്ദുൽവാലി ഖാനും തുടർന്നു. 1972-75 കാലഘട്ടത്തിൽ പാകിസ്ഥാൻ പാർലമെന്റിലെ പ്രതിപക്ഷ നേതാവായിരുന്നു അദ്ദേഹം. 1960-കളിലും 1980-കളിലും പട്ടാളഭരണത്തിനെതിരെയും ജനാധിപത്യ പുനഃസ്ഥാപനത്തിനുവേണ്ടിയുമുള്ള ജനകീയ മുന്നേറ്റത്തിന് നേതൃത്വം നൽകിയത് ഖാൻ അബ്ദുൽ വാലിഖാനായിരുന്നു.

വടക്കു പടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിൽ പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ ജോയിന്റ് സെക്രട്ടറിയായാണ് അദ്ദേഹം രാഷ്ട്രീയ ജീവിതം തുടങ്ങുന്നത്. ക്വിറ്റ് ഇന്ത്യ പ്രക്ഷോഭത്തിൽ പങ്കെടുത്ത അദ്ദേഹം ഇന്ത്യാ വിഭജനത്തെ ശക്തമായി എതിർത്തു. വിഭജനം ഉറപ്പായപ്പോൾ വടക്കു പടിഞ്ഞാറൻ അതിർത്തി പ്രവിശ്യയെ പഖ്തോണിസ്ഥാൻ എന്ന സ്വതന്ത്ര രാഷ്ട്രമാക്കാൻ അദ്ദേഹം ശ്രമിച്ചു. വിഭജനത്തിനു ശേഷം പഖ്തോണി സ്വയംഭരണത്തിനായി അദ്ദേഹം സമരം ചെയ്തു. വിഭജനത്തിനു ശേഷം ഹുദാ യെ ഖിദ്മത് ഗർ പ്രസ്ഥാനം പാകിസ്ഥാനിൽ നിരോധിക്കപ്പെടുകയും വാലിഖാൻ തുറങ്കലടക്കപ്പെടുകയും ചെയ്തു.

1986-ൽ നാഷണൽ അവാമി പാർട്ടിയുടെ സ്ഥാപനത്തിൽ അദ്ദേഹം പിതാവിനോടൊപ്പം വലിയ പങ്ക് വഹിക്കുകയുണ്ടായി. ജനറൽ അയ്യൂബ്ഖാൻ അധികാരം പിടിച്ചെടുത്തപ്പോൾ അദ്ദേഹം രാഷ്ട്രീയ പാർട്ടികളെ നിരോധിക്കുകയും രാഷ്ട്രീയ നേതാക്കളെ തടവിലാക്കുകയും ചെയ്തു. ഖാൻ അബ്ദുൽ വാലി ഖാനും തടവിലാക്കപ്പെട്ടു. 1962-ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഫാത്തിമ ജിന്നയെ സംയുക്ത പ്രതിപക്ഷ സ്ഥാനാർത്ഥിയാക്കുന്നതിൽ അദ്ദേഹം പ്രധാന പങ്കുവഹിച്ചു. അതേ വർഷം അയ്യൂബ് ഖാന്റെ അഴിമതി ഭരണത്തിനെതിരെ ശൈഖ് മുജീബ് റഹ്മാനുമായി ചേർന്ന് അദ്ദേഹം പ്രക്ഷോഭം നയിക്കുകയുമുണ്ടായി.





*ഖാൻ അബ്ദുൽ ഗാഫർ ഖാൻ, ഖാൻ അബ്ദുൽ വാലി ഖാൻ, അസൻദിയാർ വാലിഖാൻ*

**ഖാൻ അബ്ദുൽ ഗാഫർഖാന്റെ പാരമ്പര്യം പുത്രൻ ഖാൻ അബ്ദുൽ വാലി ഖാനും പിന്തുടരുകയുണ്ടായി. കോൺഗ്രസു മായുള്ളബന്ധം ഖാൻ അബ്ദുൽവാലി ഖാനും തുടർന്നു. 1972-75 കാലഘട്ടത്തിൽ പാകിസ്ഥാൻ പാർലമെന്റിലെ പ്രതി പക്ഷ നേതാവായിരുന്നു അദ്ദേഹം. 1960-കളിലും 1980-കളിലും പട്ടാളഭരണത്തിനെതിരെയും ജനാധിപത്യ പുനഃസ്ഥാപന ത്തിനുവേണ്ടിയുമുള്ള ജനകീയ മുന്നേറ്റത്തിന് നേതൃത്വം നൽകിയത് ഖാൻ അബ്ദുൽ വാലിഖാനായിരുന്നു**

1970-ലെ പൊതുതെരഞ്ഞെടുപ്പിൽ ശൈഖ് മുജീബ് റഹ്മാന്റെ അവാമി ലീഗ് ഭൂരിപക്ഷം നേടിയെങ്കിലും അധികാരം കൈമാറാൻ ജനറൽ യഹ്‌യാഖാൻ തയ്യാറായില്ല. ഇത് ബംഗ്ലാദേശ് പ്രതിസന്ധിയിലേക്ക് നയിച്ചു. അബ്ദുൽ വാലിഖാൻ, ശൈഖ് മുജീബ് റഹ്മാനും മന്ത്രിസഭ രൂപീകരിക്കുന്നതിനുള്ള പിന്തുണ നൽകുകയുണ്ടായി. കിഴക്കൻ പാകി സ്ഥാനിൽ (ബംഗ്ലാദേശിൽ) പാകി സ്ഥാൻ നടത്തിയ സൈനിക അതിക്ര മത്തെ ശക്തമായി എതിർത്ത അപൂർവ്വം പാക് നേതാക്കളിലൊരാ ളാണ് ഖാൻ അബ്ദുൽ വാലിഖാൻ. അതിനു പ്രതികാരമായി നാഷണൽ അവാമി പാർട്ടി നിരോധിക്കപ്പെടു കയും പ്രവർത്തകർ പീഡനത്തിനിര യാവുകയും ചെയ്തു.

1972-ൽ പ്രതിപക്ഷ നേതാവായി രുന്ന വാലിഖാൻ, സുൽഫീക്കർ അലി ബൂട്ടോയുമായി ഉണ്ടാക്കിയ കരാർ പ്രകാരം പാകിസ്ഥാനിൽ ഭര ണഘടനാ നിർമാണത്തിന് തുടക്കമി ട്ടു. 1973-ലെ ഭരണഘടനയിൽ പ്രവി ശ്യാസ്വയംഭരണം, നിഷ്പക്ഷ ജുഡീ ഷ്യറി എന്നീ ആശയങ്ങൾ ഉൾപ്പെടു ത്തുന്നതിൽ വാലിഖാൻ വലിയ പങ്കു വഹിച്ചു. 1973-ൽ റാവൽപിണ്ടിയിലെ ലിയാഖത്ത് ബാഗിൽ ഫെഡറൽ സെക്യൂരിറ്റി ഫോഴ്സ് നടത്തിയ വെടി വെപ്പിൽ നാഷണൽ അവാമി പാർട്ടി പ്രവർത്തകർ കൊല്ലപ്പെട്ടപ്പോൾ വാലിഖാൻ കൈകൊണ്ട സംയമനം ഏറെ പ്രശംസ നേടി. 1971-ൽ ഇന്ദിരാ ഗാന്ധിയും സുൽഫീക്കർ അലി ബൂട്ടോയും ഒപ്പിട്ട സിംല കരാറിനെ ഹൃദയപൂർവം പിന്തുണച്ച നേതാ വാണ് ഖാൻ അബ്ദുൽവാലി ഖാൻ.

1974-ൽ വടക്കു പടിഞ്ഞാറൻ അതിർത്തി പ്രവിശ്യയുടെ ഗവർണർ ഹയാത് ഷെപ്പാറോയുടെ കൊലപാത കത്തിൽ പങ്കുണ്ടെന്നാരോപിച്ച് വാലി ഖാൻ വീണ്ടും പ്രോസിക്യൂട്ട് ചെയ്യപ്പെ ടുകയുണ്ടായി. ഹൈദരാബാദ് ട്രൈബ്യൂണൽ വിചാരണ എന്നറിയ പ്പെട്ട ഈ വിചാരണയിൽ തന്റെ ഭാഗം വാദിക്കാൻ ഖാൻ അബ്ദുൽ വാലി ഖാൻ തയ്യാറായില്ല. ഇന്ദിരാഗാന്ധി യിൽനിന്ന് വൻതുക കൈക്കൂലി വാങ്ങിയെന്നുപോലും ആരോപണമു യർന്നു. പ്രതിസന്ധിഘട്ടങ്ങളിലെല്ലാം തന്റെ പിതാവിന്റെ ഗാന്ധിയൻ അഹിംസാ പാരമ്പര്യം വാലിഖാൻ മുറുകെപ്പിടിച്ചു. പാകിസ്ഥാന്റെ രൂപീക രണം ബ്രിട്ടീഷ്‌കാരുടെ ഭിന്നിപ്പിച്ച് ഭരി ക്കൽ തന്ത്രത്തിന്റ ഫലമായിരുന്നു വെന്ന സത്യം ചരിത്രരേഖകളുടെ അടി സ്ഥാനത്തിൽ പ്രസ്താവിക്കാൻ ധൈര്യം കാണിച്ച നേതാവായിരുന്നു വാലിഖാൻ. ഫ്യൂഡൽ പ്രഭുക്കളുടെയും ജിന്നയുടെയും ഈ നീക്കത്തിലെ പങ്ക് അദ്ദേഹം Facts are Facts എന്ന കൃതിയി ലൂടെ പുറത്തുകൊണ്ടുവന്നു.

നാഷണൽ അവാമി പാർട്ടിയും മറ്റു പുരോഗമന വിഭാഗങ്ങളും ലയിച്ച് 1986-ൽ അവാമി നാഷണൽ പാർട്ടി രൂപീകരിച്ചു. അബ്ദുൽ വാലി ഖാൻ തന്നെയായിരുന്നു ആദ്യപ്രസി ഡന്റ്. 1986-88ലെ ജനാധിപത്യ പുനഃ സ്ഥാപനത്തിനുള്ള പ്രക്ഷോഭത്തിന് അവാമി നാഷണൽ പാർട്ടി നേതൃത്വം നൽകി. 1990-ൽ അദ്ദേഹം രാഷ്ട്രീയ ത്തിൽനിന്നും വിരമിച്ചു. മതമൗലിക വാദികളുടെയും ചാരസംഘടനയായ ഐഎസ്ഐയുടെയും വർധിച്ചുവ രുന്ന സ്വാധീനത്തിൽ വ്യാകുലനാ യാണ് അദ്ദേഹം രാഷ്ട്രീയ വനവാസ ത്തിലേക്ക് പോയത്. അഫ്ഗാനിസ്ഥാ നിലെ അൽഖയ്ദ-താലിബാൻ സ്വാധീനത്തെ ശക്തമായി എതിർത്ത പാക് നേതാവാണ് ഖാൻ അബ്ദുൽ

വാലിഖാൻ.

അബ്ദുൽ വാലിഖാൻ ഇന്ത്യാപക്ഷ വാദിയാണെന്നായിരുന്നു സുൽഫീക്കർ അലി ബൂട്ടോയുടെ ആരോപണം. പലതവണ വധശ്രമത്തിൽ നിന്നും രക്ഷപ്പെട്ടിട്ടുണ്ട് അദ്ദേഹം. Facts are sacred എന്ന കൃതിയിൽ അദ്ദേഹവും കുടുംബവും പാക് ഭരണകൂടത്തിൽനിന്ന് സഹിച്ച യാതനകളുടെ കഥ പറയുന്നുണ്ട്. ജനറൽ സിയാവുൽ ഹഖിന്റെ കാലത്ത് പ്രധാന മന്ത്രി പദവി വാഗ്ദാനം ചെയ്തപ്പോൾ നിരസിച്ച പാരമ്പര്യം ഖാൻ അബ്ദുൽ വാലിഖാനുണ്ട്. 2006-ലാണ് ഖാൻ അബ്ദുൽ വാലിഖാൻ നിര്യാതനായത്.

ഖാൻ അബ്ദുൽ ഗാഫർ ഖാന്റെ പൗത്രനും ഖാൻ അബ്ദുൽ വാലിഖാന്റെ പുത്രനുമായ അസ്സൻദിയാർ വാലിഖാൻ ഈയിടെ ഇന്ത്യ സന്ദർശിക്കുകയുണ്ടായി. അവാമി നാഷണൽ പാർട്ടിയുടെ ഇപ്പോഴത്തെ അധ്യക്ഷനും പാകിസ്ഥാൻ പാർലമെന്റ് അംഗവുമാണ് അദ്ദേഹം. സന്ദർശനത്തിനിടെ കേരളവും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. ഇതാണ് അദ്ദേഹത്തിന്റെ മതേതര ജനാധിപത്യ അഹിംസാ പാരമ്പര്യത്തെ സ്മരിക്കാൻ ഇപ്പോൾ പ്രേരകമായത്.

തന്റെ കുടുംബപാരമ്പര്യം പിന്തുടർന്ന് 1975-ൽ അയ്യൂബ് ഖാന്റെ സ്വാച്ഛാധിപത്യത്തിനെതിരെയുള്ള ജനകീയ മുന്നേറ്റത്തിൽ പങ്കെടുത്തുകൊണ്ടാണ് അസ്സൻദിയാർ രാഷ്ട്രീയത്തിലെത്തിയത്. പ്രതിഫലം കൽതുറങ്കും പീഡനവുമായിരുന്നു. ഹൈദരാബാദ് ട്രൈബ്യൂണൽ അദ്ദേഹത്തെ 15 വർഷത്തെ തടവിനു ശിക്ഷിക്കുകയും ചെയ്തു.1999-ലാണ് അദ്ദേഹം അവാമി നാഷണൽ പാർട്ടിയുടെ അധ്യക്ഷനാകുന്നത്.

ഈയിടെ നടന്ന ഇന്ത്യാ സന്ദർശനവേളയിൽ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള പ്രശ്നങ്ങൾ ഒന്നിച്ചിരുന്ന് ഉഭയകക്ഷി ചർച്ചകളിലൂടെ പരിഹരിക്കണമെന്ന് അസ്സൻദിയാർ പ്രസ്താവിക്കുകയുണ്ടായി. അത് മേഖലയിൽ സമാധാനം നിലനിർത്താൻ അത്യാവശ്യമാണെന്നും ഇന്ത്യയുടെ പിന്തുണയില്ലാതെ പാകിസ്ഥാന് തീവ്രവാദത്തിനു തടയിടാനാവില്ലെന്നും അദ്ദേഹം പറഞ്ഞു. പാകിസ്ഥാൻ നേരിടുന്ന തീവ്രവാദ മതമൗലികവാദ പ്രശ്നങ്ങൾക്ക് മേഖലാതലത്തിലുള്ള പരിഹാരമാണു വേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഡൽഹിയിലെ ജാമിഅ മില്ലിയ ഇസ്‌ലാമിയ യൂണിവേഴ്സിറ്റിയിലെ അക്കാദമിക് ഓഫ് തേർഡ് വേൾഡ് സ്റ്റഡീസിലെ പ്രഥമ ഖാൻ അബ്ദുൽ ഗാഫർഖാൻ സ്മാരക പ്രഭാഷണം നടത്തവെയാണ് ഈ അഭിപ്രായങ്ങൾ അദ്ദേഹം പ്രകടിപ്പിച്ചത്. "21-ാം നൂറ്റാണ്ടിലെ പാകിസ്ഥാനുവേണ്ടിയുള്ള വീക്ഷണം" എന്നതായിരുന്നു പ്രഭാഷണവിഷയം. മേഖലയുടെ വികസനവും ഭദ്രതയും പാകിസ്ഥാന്റെ വികസനത്തിനും അനിവാര്യമാണെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. അതിനായി ഇന്ത്യയുടെ സഹകരണം അദ്ദേഹം അഭ്യർത്ഥിച്ചു. തശാവാർ മുറിച്ചുകടക്കുന്ന എന്തും കൽക്കത്തയിലാണ് അവസാനിച്ചിട്ടുള്ളതെന്ന ചരിത്രപാഠം ഉദ്ധരിച്ച അദ്ദേഹം വടക്കു പടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിലെ തീവ്രവാദം അമർച്ച ചെയ്യേണ്ടത് ഇന്ത്യയുടെ കൂടി ആവശ്യമാണെന്നു ചൂണ്ടിക്കാട്ടി.



**ഖാൻ അബ്ദുൽ ഗാഫർ ഖാന്റെ പൗത്രനും ഖാൻ അബ്ദുൽ വാലിഖാന്റെ പുത്രനുമായ അസ്സൻദിയാർ വാലിഖാൻ ഈയിടെ ഇന്ത്യ സന്ദർശിക്കുകയുണ്ടായി. അവാമി നാഷണൽ പാർട്ടിയുടെ ഇപ്പോഴത്തെ അധ്യക്ഷനും പാകിസ്ഥാൻ പാർലമെന്റ് അംഗവുമാണ് അദ്ദേഹം. സന്ദർശനത്തിനിടെ കേരളവും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. ഇതാണ് അദ്ദേഹത്തിന്റെ മതേതര ജനാധിപത്യ അഹിംസാ പാരമ്പര്യത്തെ സ്മരിക്കാൻ ഇപ്പോൾ പ്രേരകമായത്**

മതമൗലിക വാദത്തിലും സൈനിക ആധിപത്യത്തിലും പെട്ട് ദിശാബോധം നഷ്ടപ്പെടുന്ന പാകിസ്ഥാനിൽ അസ്സൻദിയാർ വാലിഖാന്റെ ജനാധിപത്യ മതേതര സമാധാനവാദ രാഷ്ട്രീയ പാരമ്പര്യം ഏറെ വിലമതിക്കപ്പെടേണ്ടതുണ്ട്. അദ്ദേഹത്തിന്റെയും അവാമി നാഷണൽ പാർട്ടിയുടെയും വിവേകപൂർണമായ ശബ്ദം ഭാവിയിലും വേറിട്ടു കേൾക്കുമെന്ന് പ്രതീക്ഷിക്കാം. പാകിസ്ഥാന്റെ പ്രിയപ്പെട്ട കവി ഫെയ്സ് അഹ്മദ് ഫെയ്സിന്റെ വരികൾ നമുക്ക് പ്രാർത്ഥനയാവട്ടെ:

*"ഞാൻ ലാഹോറിന്റെ*
*പുഷ്പ സുഗന്ധവുമായി വരാം*
*നീ ബനാറസിന്റെ*
*ഇളംതെന്നലായി വരൂ...*
*എന്നിട്ട് നമുക്ക് ചോദിക്കാം*
*ആരാണ് നമ്മുടെ ശത്രുക്കൾ"*



# ദയൂബന്ദികളും ബറേൽവികളും വിയോജിപ്പിന്റെ നിദാനങ്ങൾ

പ്രധാന സ്റ്റോറി

**• പിഎ സ്വാദിഖ് ഫൈസി താനൂർ**

**ഇ**രുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഇന്ത്യൻ മുസ്‌ലിംകൾക്കിടയിൽ രൂപപ്പെട്ട രണ്ടു ചിന്താധാരകളാണ് ദയൂബന്ദിയ്യത്തും ബറേൽവിയ്യത്തും. ന്യൂഡൽഹിയിൽനിന്ന് 153 കിലോമീറ്റർ അകലെയുള്ള ഒരു സാധാരണ ഗ്രാമമാണ് ഉത്തർ പ്രദേശിലെ ദയൂബന്ദ്. ഇപ്പോഴും കാര്യമായ പുരോഗതികളൊന്നുമെത്താത്ത ഉത്തരേന്ത്യൻ ഗ്രാമങ്ങളുടെ ഒരു പരിച്ഛേദം. മുഹമ്മദ്ഖാസിം നാനൂത്വവി(1832-1880)യുടെ നേതൃത്വത്തിൽ ആറുപേർ ചേർന്നു 1967-ൽ അവിടെ ദാറുൽ ഉലൂം എന്ന പേരിൽ ആധുനിക രീതിയിലുള്ള ഒരു മതപാഠശാലക്ക് തുടക്കംകുറിച്ചതോടെയാണ് ദയൂബന്ദ് ശ്രദ്ധേയമാകുന്നത്. ഈ സ്ഥാപനത്തിനു നേതൃത്വം നൽകിയവരും അതുമായി ബന്ധപ്പെട്ടവരുമാണ് ഇന്ന് 'ദയൂബന്ദികൾ' എന്ന പേരിൽ അറിയപ്പെടുന്നത്.

1824-ൽ ഹജ്ജിനു പോയ ഷാ ഇസ്മാഈൽ ദഹ്‌ലവി അവിടെ പ്രവർത്തനമാരംഭിച്ച വഹാബീ പ്രസ്ഥാനത്തിൽ ആകൃഷ്ടനാവുകയും ഇബ്നു അബ്ദിൽ വഹാബിന്റെ (1703-1787) ആശയങ്ങൾ ഇന്ത്യയിലേക്കു ഇറക്കുമതി ചെയ്യാൻ ശ്രമിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി അദ്ദേഹം രചിച്ച ഗ്രന്ഥമാണ് തഖ്‌വിയത്തുൽ ഈമാൻ. സുന്നി വിശ്വാസധാരയിൽ നിലകൊണ്ടിരുന്ന ദയൂബന്ദീ പണ്ഡിതൻമാരിൽ ചിലർ ഇസ്മാഈൽ ദഹ്‌ലവിയുടെ വഹാബീ ചിന്തയിൽ ആകൃഷ്ടരാവുകയും അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെയും പ്രകീർത്തിക്കുകയും ചെയ്യാൻ തുടങ്ങി. അതിന്റെ അപകടം മനസ്സിലാക്കിയ അഅ്‌ലാ ഹസ്റത്ത് ഇമാം അഹ്മദ് റസാഖാൻ ബറേൽവി (1856-1921) ദയൂബന്ദികളുടെ പുതിയ നീക്കത്തിനെതിരെ ശക്തമായി രംഗത്തുവരികയും പാരമ്പര്യ മുസ്‌ലിംകളെ സംഘടിപ്പിക്കുകയും ചെയ്തു.

അങ്ങനെയാണ് ദയൂബന്ദികൾ, ബറേൽവികൾ എന്നീ രണ്ടു ചേരികൾ ഉടലെടുക്കുന്നത്.

അൻവർശാഹ് കാശ്മീരി(1875-1933), റശീദ് അഹ്മദ് ഗംഗോഹി(1829-1905), അശ്‌റഫ് അലി സാനവി(1863-1943), ശബീർ അഹ്മദ് ഉസ്മാനി(1886-1949), ഖലീൽ അഹ്മദ് സഹാറൻപൂരി(ഹി. 1269-1346), മുഹമ്മദ് ഇൽയാസ് (1883-1944), ഹുസൈൻ അഹ്മദ് മദനി(1879-1957) മൻസൂർ നുഅ്മാനി(1997), അബുൽ ഹസൻ അലി നദ്‌വി(1914-2000), മുഹമ്മദ് തഖി ഉസ്മാനി(1943) തുടങ്ങിയവർ ദയൂബന്ദീ നേതാക്കളായി അറിയപ്പെടുന്നു. ഫിഖ്ഹിൽ നാലാലൊരു മദ്ഹബും അഖീദയിൽ അശ്അരി, മാതുരീതി സരണികളിൽ ഒന്നും തസവ്വുഫിൽ ഖാദിരി, ചിശ്തി, നഖ്ശബന്ദി, സുഹ്‌റവർദി എന്നീ ത്വരീഖകളും സ്വീകരിക്കുന്നവരാണ് തങ്ങളെന്ന് പലയിടത്തും (ഉദ: അൽ മുഹന്നദ് 29,30) ദയൂബന്ദികൾ അവകാശപ്പെട്ടിട്ടുണ്ട്. പക്ഷെ, ഇതു വാക്കാൽ പറയുകയും കർമ്മത്തിൽ തള്ളിക്കളയുകയും ചെയ്യുന്ന ശൈലിയാണവരിൽ പലപ്പോഴും കണ്ടുവരുന്നത്. ബറേൽവികൾ എന്നറിയപ്പെടുന്ന ഉത്തരേന്ത്യൻ സുന്നികളോടുള്ള ദയൂബന്ദികളുടെ എതിർപ്പിന്റെ മർമ്മവും ഇതു തന്നെ.

അഹ്‌ലേ ഹദീസിനും ബറേൽവികൾക്കുമിടയിൽ മിതത്വത്തിന്റെ വഴി സ്വീകരിക്കാൻ ശ്രമിച്ചവരായിരുന്നു ആദ്യകാല ദയൂബന്ദികൾ. എന്നാൽ അടുത്തകാലത്തായി ആഗോള തലത്തിൽ വഹാബിവത്കരണത്തിനു വേണ്ടി നടന്ന നിഗൂഢശ്രമങ്ങൾ ദയൂബന്ദ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെയും ബാധിച്ചു. ഇപ്പോൾ ഏതാണ്ട് പൂർണമായി വഹാബിസത്തിന്റെ വഴിയിലാണവർ. ദയൂബന്ദികളുടെ സാംസ്കാരിക മേഖലയെ രണ്ടായി തിരിക്കാം. ഒന്ന്, വൈജ്ഞാനിക ആത്മീയ മേഖല, ദാറുൽ ഉലൂം ദയൂബന്ദ്, മസാഹിറുൽ ഉലൂം സഹാറൻപൂർ, നദ്‌വത്തുൽ ഉലമ ലക്നോ തുടങ്ങിയ സ്ഥാപനങ്ങൾ ഇതു നിർവഹിക്കുന്നു. രണ്ടു പ്രബോധന പ്രവർത്തന മേഖല. ഇതിനുള്ള സംവിധാനമാണ് തബ്‌ലീഗ് ജമാഅത്ത്. 1919-ൽ രൂപീകൃതമായ ജംഇയ്യത്തുൽ ഉലമാ ഏ ഹിന്ദ്, ദയൂബന്ദികളുടെ നിയന്ത്രണത്തിലുള്ള മറ്റൊരു സംഘടനയാണ്.

1926-ൽ ഊരുചുറ്റിത്തുടങ്ങിയ തബ്‌ലീഗ് ജമാഅത്തിന്റെ സ്ഥാപകൻ ഷാ മുഹമ്മദ് ഇൽയാസ്(1885-1944) ആണ്. ഉത്തർപ്രദേശിലെ കാന്ദലയിൽ ജനിച്ച ഇൽയാസ് സാഹിബിന്റെ പ്രധാന ഗുരു റശീദ് അഹ്മദ് ഗംഗോഹിയാണ്. ചില വിഷയങ്ങളിൽ തനി വഹാബി വീക്ഷണം വച്ചു പുലർത്തിയിരുന്ന ഗംഗോഹിയുടെ ചിന്തകൾ തന്നെ ശക്തമായി സ്വാധീനിച്ചിട്ടുണ്ടെന്ന് ഇൽയാസ് തന്നെ തുറന്നു പറഞ്ഞിട്ടുണ്ട്. ഇൽയാസ് സ്വന്തമായി ഗ്രന്ഥങ്ങളൊന്നും രചിച്ചിട്ടില്ല. പക്ഷേ, അദ്ദേഹത്തിന്റെ വരമൊഴികൾ 'മകാതീബ്' എന്ന പേരിൽ അബുൽ ഹസൻ അലി നദ്‌വിയും വാമൊഴികൾ 'മൽഫൂളാത്ത്' എന്ന പേരിൽ മൻസൂർ നുഅ്മാനിയും സമാഹരിച്ചിട്ടുണ്ട്.

തനിക്കുണ്ടായ ചില സ്വപ്നദർശനങ്ങളുടെ അടിസ്ഥാനത്തിലാണ് തബ്‌ലീഗ് ജമാഅത്തിനു തുടക്കം കുറിക്കുന്നതെന്നാണ് ഇൽയാസ് പറയുന്നത്.(മൽഫൂളാത്ത് 51,52) ഡൽഹിയുടെ തെക്കു ഭാഗത്തുള്ള എല്ലോറ, ഭരത്പൂർ, മധുര എന്നീ പ്രദേശങ്ങൾ ഉൾകൊള്ളുന്ന മേവാത്തിലാണ് ജമാഅത്തിന്റെ ഉത്ഭവം. മതപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിന്നിരുന്ന മേവാത്തിലെ ജനങ്ങളെ അദ്ദേഹം സംസ്കരിച്ചെടുക്കാൻ ശ്രമിച്ചു. നിരന്തര കത്തുകളിലൂടെ അവർക്ക് ബോധനം നൽകി. ഈ കത്തുകളാണ് പിന്നീട് 'കോത്തീബ്' എന്ന പേരിൽ സമാഹരിക്കപ്പെട്ടത്. വീടുകൾതോറും കയറിയിറങ്ങിയും കവലകളും പള്ളികളും കേന്ദ്രീകരിച്ചും മുഖാമുഖം പ്രബോധനം ചെയ്യുകയാണ് തബ്‌ലീഗ് സ്വീകരിച്ച ശൈലി. വ്യക്തിസമ്പർക്കത്തിലൂടെ നേർക്കുനേർ പ്രബോധനം ചെയ്യുന്ന ഈ ശൈലി മേവാത്തിലെയും പരിസര പ്രദേശങ്ങളിലെയും ജനങ്ങളെ നന്നായി ആകർഷിക്കുകയും പലരും ജീവിതശൈലി തന്നെ മാറ്റാൻ തയ്യാറാവുകയും ചെയ്തു എന്നത് എടുത്തുപറയേണ്ട വസ്തുത തന്നെയാണ്. പ്രകടനപരതക്കു പകരം ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനും അവരെ അഭിമുഖീകരിക്കാനും തബ്‌ലീഗുകാർ ധൈര്യം കാണിച്ചു. പക്ഷേ, അതിന്റെ അമരത്തുള്ളവർ ഉള്ളിലൊതുക്കിവക്കുകയും അവസരത്തിനൊത്ത് വിസർജ്ജിക്കുകയും ചെയ്ത ബിദ്അത്തിന്റെ വിഷാംശം ഉപേക്ഷിച്ചിരുന്നുവെങ്കിൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ ഏറ്റവും വലിയ നവോത്ഥാന പ്രസ്ഥാനമായി തബ്‌ലീഗ് ജമാഅത്തിനു ഉയർന്നുവരാൻ സാധിക്കുമായിരുന്നു.

വഹാബീ ചിന്ത ഉള്ളിലൊളിപ്പിച്ച് അഹ്‌ലുസുന്നയുടെ വേഷം കെട്ടിയവരെന്ന് സുന്നികളും ഖുറാഫി -ഖുബൂരി ആശയങ്ങളുടെ വക്താക്കളെന്ന് വഹാബികളും വിമർശിക്കുന്ന വിഭാഗമാണ് ഇന്ന് ജമാഅത്തും അതിനു തണലേകുന്ന ദയൂബന്ദിയ്യത്തും. ഇരു പക്ഷത്തിനും അവരുടേതായ ന്യായങ്ങളുണ്ടെങ്കിലും വഹാബിസത്തിന്റെ ആരോപണങ്ങളോരോന്നും അംഗീകരിച്ചുകൊണ്ട് സ്വന്തം ഗുരുനാഥൻമാരെ പോലും തള്ളിപ്പറഞ്ഞ് ആ പക്ഷത്തേക്കു പതുക്കെ നീങ്ങുകയാണ് അവരുടെ പുതിയ

**അഹ്‌ലേ ഹദീസിനും ബറേൽവികൾക്കുമിടയിൽ മിതത്വത്തിന്റെ വഴി സ്വീകരിക്കാൻ ശ്രമിച്ചവരായിരുന്നു ആദ്യകാല ദയൂബന്ദികൾ. എന്നാൽ അടുത്തകാലത്തായി ആഗോള തലത്തിൽ വഹാബിവത്കരണത്തിനുവേണ്ടി നടന്ന നിഗൂഢശ്രമങ്ങൾ ദയൂബന്ദ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെയും ബാധിച്ചു. ഇപ്പോൾ ഏതാണ്ട് പൂർണമായി വഹാബിസത്തിന്റെ വഴിയിലാണവർ. ദയൂബന്ദികളുടെ സാംസ്കാരിക മേഖലയെ രണ്ടായി തിരിക്കാം**

തലമുറ. തബ്ലീഗിസത്തിന്റെ ആശയ വൈകല്യങ്ങൾ നമുക്കിടയിൽ നിരന്തരം ചർച്ച ചെയ്യപ്പെട്ടതാണല്ലോ.

## ബറേൽവികളുടെ പ്രതിരോധം

ഉത്തർപ്രദേശിന്റെ തലസ്ഥാനമായ ലക്നോവിൽനിന്ന് 236 കിലോമീറ്റർ ദൂരത്തുള്ള ഒരു നഗരമാണ് ബറേലി. അവിടെയാണ് ബറേൽവികൾ എന്നു വിളിക്കപ്പെടുന്ന ഉത്തരേന്ത്യൻ സുന്നികളുടെ അമരക്കാരൻ അഅ്ലാ ഹസ്റത്ത് ഇമാം അഹ്മദ്റസാഖാൻ ബറേൽവി(റ) അന്ത്യവിശ്രമം കൊള്ളുന്നത്. ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ സുന്നി സമൂഹത്തിന്റെ ആത്മീയ കേന്ദ്രവും ആസ്ഥാനവുമാണത്.

ബിദ്അത്തിന്റെ കരിനാഗങ്ങളെ സുന്നത്തിന്റെ വിശുദ്ധ മന്ത്രത്തിലൂടെ മയക്കികിടത്തുകയും സുന്നീ സമൂഹത്തിനു ഊർജ്ജം പകരുകയുമായിരുന്നു റസാഖാൻ. മലയാളമണ്ണിൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ഏറ്റെടുത്തുനടത്തിയ മഹാദൗത്യമാണ് ഉത്തരേന്ത്യയിൽ അദ്ദേഹം നിർവഹിച്ചത്. ആയിരത്തോളം പഠന ഗ്രന്ഥങ്ങൾ രചിച്ച അഅ്ലാ ഹസ്റത്ത് കൈവക്കാത്ത വൈജ്ഞാനിക മേഖല ഇല്ലെന്നുതന്നെ പറയാം. ഖാദിയാനിസം, ശീഇസം, വഹാബിസം, തബ്ലീഗിസം, നാചറലിസം, മോഡേണിസം തുടങ്ങിയ സർവ്വ ബിദ്അത്തിന്റെയും കഴുത്തറുക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ രചനകൾ. 'മുജദ്ദിദുൽ ഉമ്മ' എന്നു മുസ്‌ലിം ലോകം വിശേഷിപ്പിച്ച ആ മഹാപ്രതിഭയാണ് ഇന്ത്യയിൽ പാരമ്പര്യ ഇസ്‌ലാമിനെ സംരക്ഷിച്ചു നിർത്താൻ വലിയ കഠിനാധ്വാനം ചെയ്തത്.

ദയൂബന്ദികളുടെ ബിദ്അത്തിലേക്കുള്ള വഴിമാറ്റത്തെയും അവരിൽ വഹാബിസം സൃഷ്ടിച്ച സ്വാധീനത്തെയും നേരത്തെ തിരിച്ചറിയുകയും ശക്തമായി പ്രതികരിക്കുകയും ചെയ്തപ്പോഴാണ് അഅ്ലാ ഹസ്റത്ത് അവരുടെ കണ്ണിലെ കരടായി മാറിയത്. ബിദ്അത്തിനെ ബൗദ്ധികമായും പ്രാമാണികമായും പ്രതിരോധിക്കുന്നതോടൊപ്പം സാമൂഹ്യജീർണതകളെ വിപാടനം ചെയ്യാനും കരുത്തുറ്റ ഒരു തലമുറയെ വളർത്തിക്കൊണ്ടുവരാനും അദ്ദേഹം ശ്രമിച്ചു. 30/09/2009-നു ഇന്ത്യാടുഡേ പുറത്തുവിട്ട സർവ്വെ പ്രകാരം ഇന്ത്യൻ മുസ്‌ലിംകളിൽ മഹാഭൂരിപക്ഷവും ബറേൽവി ചിന്താധാര അംഗീകരിക്കുന്നവരാണ്. ബ്രിട്ടനിലേക്കു കുടിയേറിപ്പാർത്ത സൗത്ത് ഏഷ്യൻ രാജ്യങ്ങളിലെ മഹാഭൂരിപക്ഷം മുസ്‌ലിംകളും ബറേൽവി ചിന്താധാര അനുസരിച്ച് ജീവിക്കുന്നവരാണെന്ന് ലണ്ടനിലെ ടൈം മാഗസിൻ(26/04/2010) പുറത്തുവിട്ട സർവ്വെയിലും പാകിസ്ഥാനിലെ ജനങ്ങളിൽ ഭൂരിപക്ഷം ബറേൽവികൾക്കാണെന്ന് word war 4 report.com റിപ്പോർട്ടിലും പറയുന്നു. അഅ്ലാ ഹസ്റത്തിന്റെ അത്യദ്ധ്വാനവും ആത്മാർത്ഥതയും സൗത്ത് ഏഷ്യൻ രാജ്യങ്ങളിലെ മുസ്‌ലിംകളുടെ ഈമാനിനു കാവൽ നിൽക്കുന്നതിലും ബിദ്അത്തിനെ പ്രതിരോധിക്കുന്നതിലും എത്രത്തോളം പങ്കുവഹിച്ചു എന്ന് ഈ കണക്കുകളിൽനിന്നു മനസ്സിലാക്കാം.

## പിൻമുറക്കാർ

മുസ്ത്വഫാ റസാഖാൻ (1892-1981), ഹാമിദ് റസാഖാൻ (1875-1943), അബ്ദുൽ അലീം സിദ്ദീഖി(1892-1954), നഈമുദ്ദീൻ മുറാദാബാദി(1883-1948), സയ്യിദ് അബ്ദുല്ല ഷാ നഖ്ശബന്ദി, ഹൈദരാബാദ്(1872-1964), മുഫ്തി അഹ്മദ് യാർഖാൻ നഈമി(1906-1971), ഷാ അഹ്മദ് നൂറാനി പാകിസ്ഥാൻ(1926-2003), മുജദ്ദിദ് അബ്ദുൽ വഹാബ് സിദ്ദീഖി, ലാഹോർ(1942-1994), ശൈഖ് മുഹമ്മദ് കറംഷാ അൽ അസ്ഹരി(1918-1998), സയ്യിദ് ശുജാഅത്ത് അലി ഖാദിരി(1941-1993), അല്ലാമാ അർശദുൽ ഖാദിരി(1925-2002) തുടങ്ങിയവരാണ് അഅ്ലാ ഹസ്റത്തിനു ശേഷം ഈ ഉപഭൂഖണ്ഡത്തിൽ സുന്നി സമൂഹത്തിനു നേതൃത്വം നൽകിയവർ.

മുസ്ത്വഫാ റസാഖാനും ഹാമിദ് റസാഖാനും അഅ്ലാ ഹസ്റത്തിന്റെ പുത്രൻമാരാണ്. 13-ാം വയസിൽ തന്നെ മുഫ്തിയായി അറിയപ്പെട്ട മുസ്ത്വഫാ റസാഖാന്റെ 50,000 ഫത്‌വകൾ സമാഹരിക്കപ്പെട്ടിട്ടുണ്ട്. 'ഫതാവാ മുസ്ത്വഫാവിയ്യ' എന്നാണതിന്റെ പേര്. കൂടാതെ, വിവിധ വിഷയങ്ങളിലായി അദ്ദേഹത്തിന് നാൽപത് ഗ്രന്ഥങ്ങളുമുണ്ട്. ഹുജ്ജത്തുൽ ഇസ്‌ലാം എന്ന് അഭിസംബോധനം ചെയ്യപ്പെട്ട ഇളയപുത്രൻ ഹാമിദ് റസാഖാൻ അത്തഹിയ്യാത്തിൽ ആയിരക്കെയാണ് പരലോകം പ്രാപിച്ചത്. പിതാവിന്റെ ചാരത്തു തന്നെയാണ് രണ്ടുപേരുടെയും ഖബ്ർ. (2007 സപ്തംബർ നാലിനു ആ വിശുദ്ധ സാന്നിധ്യത്തിലെത്തി സിയാറത്തു ചെയ്യാനും ബറേലി ശരീഫ് കാണാനും സാധച്ചിട്ടുണ്ട്.)

മുസ്ത്വഫാ റസാഖാന്റെ പൗത്രൻ അഖ്തർ റസാഖാൻ, മുഹമ്മദ് ഇംദാദ് ഹുസൈൻ പിർസാദ, തുറാബുൽ ഹഖ് ഖാദിരി, ഡൽഹി ഇമാം മുഫ്തി മുകർറം അഹ്മദ്.. തുടങ്ങിയവരാണ് ഇപ്പോൾ ബറേൽവി നേതാക്കളായി അറിയപ്പെടുന്നവർ. പാകിസ്ഥാൻ പ്രധാനമന്ത്രി യൂസുഫ് ഷാ ഗീലാനി, വിദേശകാര്യ മന്ത്രിയായിരുന്ന ഷാ


ബറേൽവിയുടെ ദർഗ ശരീഫ്

മഹ്മൂദ് ഖുറൈശി തുടങ്ങിയവർ പ്രമുഖ ബറേൽവികളാണ്. ബറേലിയിലെ ദാറുൽ ഉലൂം മൻസറെ-ഇസ്‌ലാം, മുബാറക്ക്പൂരിലെ ജാമിഅഃ അശ്‌റഫിയ്യ തുടങ്ങിയവ പ്രമുഖ സ്ഥാപനങ്ങളാണ്. റസാ അക്കാഡമി, മുംബൈ, ദഅ്‌വത്തെ ഇസ്‌ലാമി, വേൾഡ് ഇസ്‌ലാമിക് മിഷൻ എന്നിവ പ്രമുഖ സംഘടനകളാണ്.

ത്വാലിബാനെതിരെ ഏറ്റവും ശക്തമായ സമീപനം സ്വീകരിച്ച വിഭാഗമാണ് ബറേൽവികൾ. ഇസ്‌ലാമിന്റെ സംരക്ഷകരെന്ന് പലരും ത്വാലിബാനെ വാഴ്ത്തിയ ഘട്ടത്തിൽ, അതു വഹാബിസത്തിന്റെ ഭീകരമുഖമാണെന്ന് ഉറക്കെ പറഞ്ഞവരാണ് ബറേൽവികൾ. അതുകാരണം ഇരുവിഭാഗവും പലപ്പോഴും ഏറ്റുമുട്ടാൻ ഇടയായിട്ടുണ്ട്. 2009 ജൂൺ 12ന് പാകിസ്ഥാനിലെ തഹ്‌രീക്കെ ത്വാലിബാൻ നടത്തിയ ഭീകരാക്രമണത്തിൽ പ്രമുഖ പണ്ഡിതനായ സർഫറാസ് അഹ്മദ് നഈമി അടക്കം നിരവധി സുന്നികൾ കൊല്ലപ്പെടുകയുണ്ടായി. ഇപ്രകാരം ദയൂബന്ദി തീവ്രവാദികളിൽനിന്നും ബറേൽവികൾക്ക് ശക്തമായ ആക്രമണം നേരിടേണ്ടിവന്നിട്ടുണ്ട്. 2006 ഏപ്രിലിൽ കറാച്ചിയിൽ സംഘടിപ്പിച്ച മീലാദ് സമ്മേളനത്തിലേക്ക് ദയൂബന്ദി ബന്ധമുള്ള സിഫാ ഏ സ്വഹാബ എന്ന ടെററിസ്റ്റ് ഗ്രൂപ്പ് ബോംബാക്രമണം നടത്തി. 'സുന്നി തഹ്‌രീക്' എന്ന സംഘടനയുടെ ലീഡർ സലീം ഖാദിരി അടക്കം 57 പേരാണ് അന്നു കൊല്ലപ്പെട്ടത്. 2010 ഫെബ്രുവരി 27നു ഫൈസലാബാദിൽ സംഘടിപ്പിച്ച മൗലീദ് സമ്മേളനത്തിലും ഇതുപോലെ ത്വാലിബാൻ, സിഫാ ഏ സ്വഹാബ ആക്രമണം ഉണ്ടായിട്ടുണ്ട്.

## യോജിപ്പ്; വിയോജിപ്പ്

പരസ്പരം കുഫ്‌റാരോപണവും പോർവിളിയും ദയൂബന്ദി-ബറേൽവി വിഭാഗങ്ങൾക്കിടയിൽ ശക്തമായി കൊണ്ടിരിക്കുകയാണ്. ചെറിയ വിയോജിപ്പുകൾ വലുതായി പരിണമിച്ചു സംഘട്ടനങ്ങൾക്കു വഴിയൊരുക്കുകയാണ് പലപ്പോഴും. ഉത്തരേന്ത്യയിൽ തബ്‌ലീഗുകാരുടെ ഏറ്റവും വലിയ ശത്രുക്കൾ ബറേൽവികളാണ്. അവരുടെ ശിർക്ക്, കുഫ്ർ ആരോപണങ്ങളെ പ്രതിരോധിക്കാനാണ് ബറേൽവികൾ കൂടുതൽ ഊർജ്ജം വിനിയോഗിക്കുന്നത്. സുന്നികളിൽ നിന്നുണ്ടാകുന്നു എന്നു പറയപ്പെടുന്ന ശിർക്കീ നടപടികളെല്ലാം ദയൂബന്ദീ നേതാക്കളിൽനിന്നും ഉണ്ടായിട്ടുണ്ടെന്നും അപ്പോൾ സുന്നികളെ പോലെ ദയൂബന്ദികളും മുശ്‌രിക്കുകളാണെന്നു പറയേണ്ടിവരുമെന്നും ബറേൽവി സമർത്ഥിക്കുന്നു. ചിലതു കാണുക:

1) ദയൂബന്ദി പണ്ഡിതനായ ശൈഖ് മുഹമ്മദ് ആശിഖ് ഇലാഹി പറയുന്നു: ഞാനും അശ്‌റഫ് അലി സാനവിയും ശൈഖ് ഖലീൽ അഹ്മദ് സഹാറൻപൂരിയോടൊപ്പം അജ്മീർ ഖാജയുടെ ഖബറിടത്തിൽ ഹാജരായി. അവിടെ സന്ദർശകർ പ്രണാമമർപ്പിക്കുകയും പ്രദക്ഷിണം വക്കുകയുമൊക്കെ ചെയ്യുന്നുണ്ടായിരുന്നു. അവിടെവച്ച് ഖബ്‌റിലേക്ക് തിരിഞ്ഞുകൊണ്ട് ഖലീൽ അഹ്മദ് സഹാറൻപൂരി ധ്യാനനിർഭരനായി ഇരുന്നു. ചുറ്റും നടക്കുന്നതൊന്നും അദ്ദേഹം അറിഞ്ഞിരുന്നില്ല. സഹാറൻപൂരിയുടെ ഇരുത്തത്തിൽ അദബുകേടുണ്ടെന്ന അർത്ഥത്തിൽ സന്ദർശകരെല്ലാം അദ്ദേഹത്തെ ദേഷ്യത്തോടെ നോക്കുന്നുണ്ടായിരുന്നു. മുറാഖബ(ധ്യാനം)യിൽ മുഴുകിയ അദ്ദേഹം ഇതൊന്നും അറിഞ്ഞിരുന്നില്ല. അന്നേരം എഴുന്നേറ്റു നിൽക്കാൻവേണ്ടി ശൈഖിനെ ഉണർത്തിക്കൂടേ എന്ന് സാനവി എന്നോട് ചോദിച്ചു. അതു വേണ്ടെന്നും മുറാഖബ ഭംഗം വരാൻ അതിടയാകുമെന്നും ഞാൻ പറഞ്ഞു. പിന്നെ അൽപ്പം കഴിഞ്ഞു ശൈഖ്, മുറാഖബയിൽനിന്ന് തെളിയുകയും എഴുന്നേറ്റു നിൽക്കുകയും ചെയ്തു. ഞങ്ങളൊന്നിച്ചു പുറത്തേക്കു വരുമ്പോൾ ആളുകളുടെ ദേഷ്യത്തോടെയുള്ള നോട്ടത്തെ കുറിച്ച് ഞാനദ്ദേഹത്തോട് പറഞ്ഞു. 'ഞാനതൊന്നും അറിഞ്ഞില്ല; കാര്യങ്ങൾ അങ്ങനെയൊക്കെ ആയിരുന്നെങ്കിൽ നിങ്ങൾക്കെന്ന ഉണർത്താമായിരുന്നില്ലേ?' അദ്ദേഹം ചോദിച്ചു." (തദ്കിറത്തുൽ ഖലീൽ-371, 372-മുഹമ്മദ് ആശിഖ് ഇലാഹി)

അജ്മീർ ഖാജയുടെ ദർഗയിൽ പോയി ധ്യാനപരവശനായി ഇരിക്കുന്ന ഖലീൽ അഹ്മദ് സഹാറൻപൂരിയെയും അശ്‌റഫ് അലി സാനവിയെയും മുഹമ്മദ് ആശിഖ് ഇലാഹിയെയും ശിർക്ക് ബാധിച്ചവരായി കാണാത്ത ദയൂബന്ദികൾ, ഞങ്ങളെ ശിർക്കിന്റെ വക്താക്കളാക്കി ചിത്രീകരിക്കുന്നത് എന്തുകൊണ്ട്? - ബറേൽവികൾ ചോദിക്കുന്നു.

2) മരിച്ചുപോയവരുടെ ആത്മാവ് മാത്രമല്ല ശരീരവും ഭൗതികലോകത്ത് പ്രത്യക്ഷപ്പെടുമെന്ന് പ്രമുഖരായ പല ദയൂബന്ദികളും രേഖപ്പെടുത്തിയിട്ടുണ്ട്.

എ) ശൈഖുൽ ഹദീസ് എന്ന് തബ്‌ലീഗുകാർ വിശേഷിപ്പിക്കുന്ന സകരിയ്യ സാഹിബ് എഴുതുന്നു: "ഒരിക്കൽ ഒരു സഹോദരന്റെ മാതാവ് മരണപ്പെട്ടു. പെട്ടെന്ന് മയ്യിത്തിന്റെ മുഖം വികൃതമാവുകയും വയർ വീർത്തുവരികയും ചെയ്തു. ഇതു കണ്ടു പ്രയാസപ്പെട്ട പുത്രൻ പ്രാർത്ഥിച്ചപ്പോൾ നബി(സ്വ) അവിടെ പ്രത്യക്ഷപ്പെടു

**അഹ്‌ലുസുന്നയുടെ അടിത്തറ ഭദ്രമാണെന്നു മനസ്സിലായിട്ടും മതനവീകരണ ചിന്തയിൽ ആകൃഷ്ടരായതുകൊണ്ടാണ് ദയൂബന്ദിയ്യത്തിനു ഈ ഗതി സംഭവിച്ചത്. അൻവർഷാ കാശ്മീരിയുടെ 'ഫൈളുൽ ബാരി'യും ശബീർ അഹ്മദ് ഉസ്മാനിയുടെ 'ഫത്ഹുൽ മുൽഹിമും' അടക്കം നിരവധി ദയൂബന്ദി രചനകളിൽ സുന്നി ആശയങ്ങൾ തുറന്നു പറയുന്നതു കാണാം. ഒരിടത്ത് അംഗീകരിക്കുകയും മറ്റൊരിടത്ത് തിരസ്കരിക്കുകയും ചെയ്യുന്ന വൈരുദ്ധ്യാധിഷ്ഠിത സമീപനമാണ് ഇന്നു ദയൂബന്ദിയ്യത്തിന്റെ ഏറ്റവും വലിയ വൈകല്യം. അതിൽ പിടിച്ചു കുലക്കുന്നിടത്താണ് ബറേൽവികൾ വിജയിക്കുന്നതും**

കയും ആ സ്ത്രീയുടെ മുഖവും വയറും തടവുകയും ചെയ്തു. അതോടെ ആ മുസ്വീബത്ത് നീങ്ങി പ്പോയി."(ഫളാഇൽ ദറൂദ് 138)

നബി(സ്വ) ഭൗതിക ശരീരത്തോടു കൂടി വന്നു സഹായിച്ചു എന്ന് സകരിയ്യാ സാഹിബ് എഴുതിവച്ചപ്പോൾ എന്തുകൊണ്ട് അതു ശിർക്കാണെന്നു പറയാൻ ദയൂബന്ദികൾ തയാറാകുന്നില്ല?

ബി) "ശൈഖ് അഹ്മദ് രിഫാഈ(റ) പുണ്യനബിയുടെ ഖബ്ർ സിയാറത്തിനെത്തിയപ്പോൾ ഖബ്റിലേക്ക് തിരിഞ്ഞുകൊണ്ട് 'ഫീ ഹാലത്തിൽ സുഅ്ദി...' എന്ന പ്രസിദ്ധമായ കവിത ആലപിക്കുകയും പ്രവാചകന്റെ തിരുകരം ചുംബിക്കാൻ എനിക്കതൊന്നു നീട്ടിത്തരണമെന്ന് അപേക്ഷിക്കുകയും ചെയ്തു. അന്നേരം തിരുനബി(സ്വ) ഖബ്റിൽനിന്ന് അവിടുത്തെ വിശുദ്ധ കൈ നീട്ടിക്കൊടുത്തു. ശൈഖ് രിഫാഈ(റ) അതു ചുംബിച്ചു. ഈ ചരിത്രസംഭവത്തിനു മഹ്ബൂബുസ്സുബ്ഹാനീ ഖുത്തുബുർറബ്ബാനീ ശൈഖ് അബ്ദുൽഖാദിർ ജീലാനി(റ) ഉൾപ്പെടെ തൊണ്ണൂറായിരം ആളുകൾ സാക്ഷിയായിരുന്നു. അവർക്കെല്ലാം പുണ്യനബിയെ സന്ദർശിക്കാനുള്ള ഭാഗ്യം ലഭിച്ചു." (ഫളാഇൽ ഹജ്ജ് 130-131, ഫളാഇൽ ദാവൂദ് 151)

ഈ സംഭവം സത്യമാണെന്നു അംഗീകരിക്കുന്ന സകരിയ്യാ സാഹിബും പിൻത്തലമുറക്കാരും പിന്നെ എന്തടിസ്ഥാനത്തിലാണ് നബിയോട് അപേക്ഷിക്കാനോ അർത്ഥിക്കാനോ പാടില്ലെന്നും അങ്ങനെ ചെയ്താൽ 'നബി(സ്വ) കേൾക്കില്ലെന്നും പറയുന്നത്? നബി തിരുമേനി മരിച്ചു മണ്ണോട് ചേർന്നിരിക്കുന്നു' എന്ന് എഴുതിവിട്ട (തഖ്വിയത്തുൽ ഈമാൻ 130) ഇസ്മാഈൽ ദഹ്ലവിയെന്ന വഹാബി ആചാര്യനെ എങ്ങനെ ഇവർക്ക് ന്യായീകരിക്കാനാകും?

സി) "ഒരിക്കൽ ദയൂബന്ദ് ദാറുൽ ഉലൂമിലെ അധ്യാപകർക്കിടയിൽ ഒരു തർക്കം ഉടലെടുത്തു. വർഷങ്ങളോളം നീണ്ടുനിന്ന പ്രസ്തുത തർക്കത്തിൽ ശൈഖുൽ ഹിന്ദ് എന്നു വിളിക്കപ്പെടുന്ന ദാറുൽ ഉലൂമിലെ സ്വദർ മുദർരിസ് ശൈഖ് മഹ്മൂദ് ഹസൻ ഉൾപ്പെടെയുള്ളവർ ചേരിതിരിഞ്ഞു. ആ സമയത്ത് ദാറുൽ ഉലൂം പ്രസിഡന്റായിരുന്ന ശൈഖ് റഫീഉദ്ദീന്റെ റൂമിലേക്ക് വർഷങ്ങൾക്ക് മുമ്പ് മരണപ്പെട്ടുപോയ ദാറുൽ ഉലൂം സ്ഥാപകൻ ഖാസിം നാനൂത്വവി തന്റെ ഭൗതിക ശരീരത്തോടുകൂടി കടന്നുവന്നു. അദ്ദേഹം റഫീഉദ്ദീനോടു പറഞ്ഞു: "നിങ്ങൾ മഹ്മൂദ് ഹസനോട് ഒരിക്കലും ഈ തർക്കത്തിൽ കക്ഷി ചേരരുതെന്ന് പറയണം." ഈ വിവരം മഹ്മൂദ് ഹസനെ വിളിച്ചു റഫീഉദ്ദീൻ പറഞ്ഞു. ഇതു കണ്ട മഹ്മൂദ് ഹസൻ അദ്ദേഹത്തോട് പറഞ്ഞു: "ഞാൻ നിങ്ങളുടെ കൈ പിടിച്ച് ഇതാ തൗബ ചെയ്യുന്നു. ഇനി ഒരിക്കലും ഈ തർക്കത്തെ കുറിച്ച് ഞാൻ ഒന്നും ഉരിയാടുകയില്ല." (അർവാഹുൻ സലാസ 261)

ദയൂബന്ദിലെ ഉന്നത പണ്ഡിതനായ ഖാരി മുഹമ്മദ് ത്വയ്യിബാണ് ഈ സംഭവം ഉദ്ധരിച്ചിരിക്കുന്നത്. വർഷങ്ങൾക്കു മുമ്പ് മരണപ്പെട്ടുപോയ ദാറുൽ ഉലൂം സ്ഥാപകൻ ഖാസിം നാനൂത്വവി ഭൗതിക ശരീരത്തോടു കൂടി തന്റെ സ്ഥാപനത്തിൽ പ്രത്യക്ഷപ്പെടുകയും സ്ഥാപനമേധാവികളെ ഉപദേശിക്കുകയും ചെയ്തുവെന്നാണ് ഇവിടെ സ്ഥാപിക്കുന്നത്. ഈ സംഭവം വിശ്വസിക്കുന്ന ദയൂബന്ദികൾക്കെങ്ങനെ പരേതാത്മാക്കൾക്ക് ഭൗതിക ലോകത്ത് ഇടപെടാൻ കഴിയുമെന്നു സുന്നി നിലപാട് ശിർക്കാണെന്നു പറയാൻ കഴിയും?

3) ജീവിതകാലത്തും മരണാനന്തരവും മഹാത്മാക്കളെ തവസ്സുലാക്കി പ്രാർത്ഥിക്കാമെന്ന് ദയൂബന്ദികൾ പറയുന്നു (അൽ മുഹന്നദ് അലൽ മുഫന്നദ് 37, സഹാറൻപൂരി. അശ്ശിഹാബു സ്സാഖിബ്: 56,57 ഹുസൈൻ അഹ്മദ് മദനി) അതേസമയം ഇസ്തിഗാസ പാടില്ലെന്നു വാദിക്കുകയും ചെയ്യുന്നു. ഇസ്തിഗാസയും തവസ്സുലും തത്വത്തിൽ ഒന്നുതന്നെയാണ് എന്ന് ഇമാം ഇബ്നു ഹജറിൽ ഹൈതമി(റ)യെ പോലുള്ളവർ പറയുന്നു. പിന്നെ എന്തടിസ്ഥാനത്തിലാണ് ഇസ്തിഗാസ നടത്തുന്നവർ മുശ്രിക്കുകളാണെന്നു വിധിക്കുന്നത്?

4) ഖാദിരിയ്യ, നഖ്ശബന്ദിയ്യ, ചിശ്തിയ്യ, സുഹ്റ വർദിയ്യ എന്നീ ത്വരീഖത്തുകളുടെ വക്താക്കളാണ് തങ്ങളെന്ന് ദയൂബന്ദികൾ അവകാശപ്പെടുന്നു. എന്നാൽ, ഈ ത്വരീഖത്തുകളുടെ മശാഇഖുമാർ ഓരോരുത്തരും ദയൂബന്ദികൾ ശിർക്ക് എന്നു മുദ്രകുത്തിയ കാര്യങ്ങൾ അനുഷ്ഠിക്കുകയും അതിനു നേതൃത്വം നൽകുകയും ചെയ്തവരാണ്. മുരീദിന്റെ മനസ്സു കാണാൻ കഴിവില്ലാത്ത ശൈഖ് എങ്ങനെയാണ് തർബിയത്ത് നടത്തുക? ലോകത്തെ നിയന്ത്രിക്കുന്ന ഖുതുബിന് അഭൗതികജ്ഞാനമില്ലാതെ എങ്ങനെയാണ് തന്റെ ദൗത്യം നിർവ

ആസ്തമക്കും പാരമ്പര്യ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ
# ദേശീയ ആയുർവ്വേദ ഫാർമസി
പ്ലാസ ബിൽഡിംഗ്, ഊട്ടി റോഡ്, പെരിന്തൽമണ്ണ
Ph: 228484 (Shop), 2233038 (Resi)

മമ്പുറം മഖാമിൽ കാൽ നൂറ്റാണ്ടിലേറെ സേവനമനുഷ്ഠിച്ച് ജനമനസ്സുകൾക്ക് ശാന്തിയും സ്നേഹവും ചൊരിഞ്ഞ് രോഗങ്ങൾക്കും സങ്കീർണ്ണ പ്രശ്നങ്ങൾക്കും പരിഹാര നിർദേശങ്ങൾ നൽകിയ ഹക്കീം ടി.ടി.എം. ഹാജി ഷംസുദ്ദീൻ മൗലവി ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രോഗികളെ പരിശോധിക്കുന്നു. എല്ലാവിധ മാനസിക അസുഖങ്ങൾ, അപസ്മാരം, സ്ത്രീ രോഗങ്ങൾ, ചർമ്മരോഗങ്ങൾ, പൈശാചിക രോഗങ്ങൾ, വന്ധ്യത, ലൈംഗിക രോഗങ്ങൾ, പഴക്കം ചെന്ന വാത രോഗങ്ങൾ, അൾസർ, എല്ലാവിധ അലർജികളും സൈനസൈറ്റിസ് തുടങ്ങിയ എല്ലാ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ ലഭ്യമാണ്.
ഉറക്കിൽ മൂത്രം ഒഴിക്കൽ, വിട്ടുമാറാത്ത തുമ്മൽ, തലവേദന, ആസ്തമ, പ്രമേഹത്തിന് ഇൻസുലിൻ, ഇഞ്ചക്ഷനില്ലാതെ പ്രത്യേകചികിത്സയും ലഭ്യമാണ്.
കൂടാതെ വിദഗ്ധ ഡോക്ടർ
കെ.സി. മുരളീധരൻ D.A.Mന്റെ സേവനവും ലഭ്യമാണ്.
പരിശോധനാ സമയം:
10 മണി മുതൽ 12 മണി വരെ, 3 മണി മുതൽ 6 മണി വരെ

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ത്രിവർണ പതാക കക്കു പോലും, പ്രവാചക പ്രേമം കാരണം 'അബ്ദുൽ മുസ്ത്വഫാ' എന്ന അപരനാമം സ്വീകരിച്ച മൗലാനാ ബറേൽവി(റ)യുമായി ബന്ധമുണ്ട്. ബറേലി ശരീഫിൽ പാറിക്കളിക്കുന്ന പതാകയും കേരളത്തിലെ സുന്നീ സമൂഹം ഉപയോഗിക്കുന്ന പതാകയും ഒന്നുതന്നെയാണ്. 29-12-1963 കാസർക്കോട് ചേർന്ന സമസ്ത മുശാവറ, ബി കുട്ടി ഹസൻ ഹാജി ബോംബെയിൽ നിന്നുകൊണ്ടുവന്ന ബറേൽവികളുടെ പതാക അതിലെ വിശുദ്ധ വചനം ഒഴിവാക്കി അംഗീകരിക്കുകയായിരുന്നു. 1986-ൽ മുംബൈയിൽ ബറേൽവികൾ സംഘടിപ്പിച്ച അന്താരാഷ്ട്ര സുന്നി സമ്മേളനത്തിൽ സമസ്തയുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു

ഹിക്കാനാവുക?

5) "അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മളും നമ്മുടെ മശാഇഖുമാരും അനുഷ്ഠാന കാര്യങ്ങളിൽ ഇമാം അബൂ ഹനീഫ(റ)യെ തഖ്ലീദ് ചെയ്യുന്നവരും വിശ്വാസകാര്യങ്ങളിൽ ഇമാം അബുൽ ഹസനിൽ അശ്അരീ(റ), ഇമാം അബൂമൻസ്വൂർ മാത്വുരീതീ(റ) എന്നിവരെ പിന്തുടരുന്നവരും മഹോന്നതമായ നാല് സ്വൂഫി ത്വരീഖകളിലേക്ക് ചേർക്കപ്പെട്ടവരുമാകുന്നു" (അൽ മുഹന്നദ് 29,30). ഈ അവകാശവാദം ഉയർത്തുന്നവർക്ക് അശ്അരീ, മതുരീതി സരണികളെയും മദ്ഹബുകളെയും സൂഫീ ത്വരീഖകളെയും തള്ളിപ്പറയുകയും മാർഗഭ്രംശത്തിന്റെ പാർട്ടികളെന്നു വിശേഷിപ്പിക്കുകയും ചെയ്യുന്ന വഹാബികളെ എങ്ങനെ വാഴ്ത്തിപ്പറയാനാകും?

അർശദുൽ ഖാദിരിയുടെ 'സൽസല' പോലുള്ള ഗ്രന്ഥങ്ങളിലൂടെയും മറ്റും ബറേൽവികൾ ഉയർത്തിയ ഇതുപോലുള്ള ചോദ്യങ്ങൾ ദയൂബന്ദികളെ ശരിക്കും 'പ്രകമ്പനം' കൊള്ളിച്ചിട്ടുണ്ട്. ഉത്തരം കിട്ടാത്ത ഈ ചോദ്യങ്ങളിൽ നിന്നു ഒഴിഞ്ഞുമാറാനാണ് ദയൂബന്ദികൾ ശ്രമിക്കാറുള്ളത്. അഹ്ലുസുന്നയുടെ അടിത്തറ ഭദ്രമാണെന്നു മനസ്സിലായിട്ടും മതനവീകരണ ചിന്തയിൽ ആകൃഷ്ടരായതുകൊണ്ടാണ് ദയൂബന്ദിയ്യത്തിനു ഈ ഗതി സംഭവിച്ചത്. അൻവർഷാ കാശ്മീരിയുടെ 'ഫൈളുൽ ബാരി'യും ശബീർ അഹ്മദ് ഉസ്മാനിയുടെ 'ഫത്ഹുൽ മുൽഹിമും' അടക്കം നിരവധി ദയൂബന്ദി രചനകളിൽ സുന്നി ആശയങ്ങൾ തുറന്നു പറയുന്നതു കാണാം. ഒരിടത്ത് അംഗീകരിക്കുകയും മറ്റൊരിടത്ത് തിരസ്കരിക്കുകയും ചെയ്യുന്ന വൈരുദ്ധ്യാധിഷ്ഠിത സമീപനമാണ് ഇന്നു ദയൂബന്ദിയ്യത്തിന്റെ ഏറ്റവും വലിയ വൈകല്യം. അതിൽ പിടിച്ചു കുലക്കുന്നിടത്താണ് ബറേൽവികൾ വിജയിക്കുന്നതും.

## കേരളവും ബറേൽവികളും

ബറേൽവികൾക്ക് കേരളീയ മുസ്ലിംകളുമായുള്ള ബന്ധം സംഘടനാപരം എന്നതിലുപരി ആദർശപരമാണ്. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ഇവിടെ ഏറ്റെടുത്തു നടത്തിയ മഹാദൗത്യമാണല്ലോ ഉത്തരേന്ത്യയിൽ അഅ്ലാ ഹസ്റത്ത് നിർവഹിച്ചത്. സമസ്തയുടെ സമുന്നത നേതാവും 1933-ലെ ഫറോക്ക് സമ്മേളനത്തിലെ അധ്യക്ഷനുമായിരുന്ന മൗലാനാ ശിഹാബുദ്ദീൻ അഹ്മദ് കോയ ശാലിയാത്തി, ബിദഈ പ്രസ്ഥാനങ്ങളെ ഖണ്ഡിക്കുവാൻ പ്രത്യേക പരിശീലനം നേടിയത് റസാഖാനിൽ നിന്നായിരുന്നു. ചാലിയത്തെ അസ്ഹരിയ്യാ ഖുതുബുഖാനയിൽ ഇമാം അഹ്മദ് റസാഖാൻ(റ)ന്റെ നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം സംഘടിപ്പിച്ചു സൂക്ഷിച്ചിട്ടുണ്ട്. അതവലംബമാക്കിയാണ് ശാലിയാത്തി പല ഗ്രന്ഥങ്ങളും രചിച്ചത്.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ത്രിവർണ പതാകക്കു പോലും, പ്രവാചക പ്രേമം കാരണം 'അബ്ദുൽ മുസ്ത്വഫാ' എന്ന അപരനാമം സ്വീകരിച്ച മൗലാനാ ബറേൽവി(റ)യുമായി ബന്ധമുണ്ട്. ബറേലി ശരീഫിൽ പാറിക്കളിക്കുന്ന പതാകയും കേരളത്തിലെ സുന്നീ സമൂഹം ഉപയോഗിക്കുന്ന പതാകയും ഒന്നുതന്നെയാണ്. 29-12-1963 കാസർക്കോട് ചേർന്ന സമസ്ത മുശാവറ, ബി കുട്ടി ഹസൻ ഹാജി ബോംബെയിൽ നിന്നുകൊണ്ടുവന്ന ബറേൽവികളുടെ പതാക അതിലെ വിശുദ്ധ വചനം ഒഴിവാക്കി അംഗീകരിക്കുകയായിരുന്നു. 1986-ൽ മുംബൈയിൽ ബറേൽവികൾ സംഘടിപ്പിച്ച അന്താരാഷ്ട്ര സുന്നി സമ്മേളനത്തിൽ സമസ്തയുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. യു.എ.ഇയിലെ ശൈഖ് അലിയ്യുൽ ഹാശിമി, ശൈഖ് രിഫാഈ തുടങ്ങിയ ലോക പ്രശസ്ത പണ്ഡിതർ പങ്കെടുത്ത പ്രസ്തുത സമ്മേളനത്തിൽ സമസ്തയെ പ്രതിനിധീകരിച്ചത് മർഹൂം കെ കെ അബൂബക്ർ ഹസ്റത്ത് ആയിരുന്നു. നമ്മുടെ പല സമ്മേളനങ്ങളിലും അവരും അതിഥികളായി എത്താറുണ്ട്. എങ്കിലും സംഘടനാപരമായ ഒരു ബന്ധവും കൂട്ടായ്മയും ഇപ്പോഴും ശക്തിപ്പെട്ടിട്ടില്ല. ദേശീയതലത്തിൽ ഒരു കൂട്ടായ്മ സുന്നി സമൂഹത്തിന് കൂടുതൽ ഊർജ്ജം പകരുക തന്നെ ചെയ്യും.

നയനിലപാടുകളിലും പ്രവർത്തന രീതികളിലും തീവ്രസമീപനം സ്വീകരിക്കുന്നു എന്നതാണ് സമസ്തയെ ബറേൽവികളിൽനിന്നും വേർതിരിക്കുന്ന പ്രധാന ഘടകം. അഹ്ലേഹദീസിന്റെയും ദയൂബന്ദികളുടെയും രൂക്ഷമായ എതിർപ്പും കുഫ്ർ ആരോപണവും ഈ തീവ്രതക്ക് ഒരു കാരണമായിട്ടുണ്ടാകാം. മഖ്ബറകളിൽ സുജൂദ് ചെയ്യുന്നവരും ത്വവാഫ് ചെയ്യുന്നവരുമാണ് ബറേൽവികളെന്ന് ചിലർ ആരോപിക്കാറുണ്ട്. കാര്യബോധമുള്ള ബറേൽവീ പണ്ഡിതന്മാരൊന്നും അത്തരം അനാചാരങ്ങളെ അംഗീകരിക്കുന്നില്ലെന്നതാണ് വാസ്തവം. ഇമാം അഹ്മദ് റസാഖാന്റെ പല ഗ്രന്ഥങ്ങളും അതിനു സാക്ഷിയാണ്. സമൂഹത്തിൽ കയറിപ്പറ്റിയ അത്തരം ജീർണതകളെ അദ്ദേഹവും പിൻമുറക്കാരും ശക്തമായി എതിർത്തിട്ടുണ്ട്.

# അല്ല, എന്താണ് നിങ്ങൾ പറയുന്ന ഈ പൗരോഹിത്യം?

പ്രധാന സ്റ്റോറി

• ഗഫൂർ റഹ്മാനി കമ്പളക്കാട്

സുന്നി പണ്ഡിതന്മാരെ യാഥാസ്ഥിതികരെന്നും മുല്ലമാരെന്നും വിളിക്കുന്ന വഹാബികൾ സ്വന്തം കാലിലെ മന്താണു കാണാതെ പോകുന്നത്. വിശുദ്ധ ഖുർആനിന്റെയും ഹദീസിന്റെയും പദങ്ങൾക്കും ശബ്ദങ്ങൾക്കുമപ്പുറത്തേക്കു ചിന്തിക്കാൻ കഴിയാത്ത വരണ്ട ഒരു ദർശനമാണ് വഹാബിസം. മതത്തിൽ ഇതേവരെയുണ്ടായ സമുദ്ധാരണ പ്രകിയകളെയെല്ലാം ബിദ്അത്ത് എന്നു ചാപ്പകുത്തി സമുദായത്തിന്റെ പുറത്തെ ആലയിൽ കെട്ടിയവരാണവര്. ഖുർആനും ഹദീസും നിർദ്ധാരണം ചെയ്തു കർമശാസ്ത്രം ക്രോഡീകരിച്ച മദ്ഹബ് ഇമാമുമാരെയും അല്ലാഹുവിനുള്ള ആരാധനയിൽ ആത്മീയോത്കർഷം കണ്ടെത്തുകയും ജീവിതത്തിനു ഇസ്ലാമിന്റെ ആചാരങ്ങൾക്കപ്പുറം ചൈതന്യം നൽകുകയും ചെയ്ത സൂഫികളെയും അവർ പടിക്കു പുറത്തുനിർത്തി. മുസ്ലിം സ്വത്വവും പാരമ്പര്യവും തിരസ്കരിച്ചു പകരം കയ്യിൽ കിട്ടിയ ഹദീസുകൾ മാത്രമാണിസ്ലാമെന്നും ബാക്കിയെല്ലാം പൗരോഹിത്യത്തിന്റെ സൃഷ്ടിയാണെന്നും തട്ടിവിട്ടു സ്വയം പരിഷ്കർത്താക്കൾ എന്ന കുപ്പായം എടുത്തണിഞ്ഞു.

കേരളത്തിൽ 'സമസ്ത'ക്കാരെ തിരുത്താൻ നിയുക്തരായവർ എന്ന് വീമ്പിളക്കുമ്പോൾ മതത്തിനുള്ളിലെ ഈ യുക്തിവാദികൾ സയണിസ്റ്റ് ഗൂഢാലോചനയുടെ ഇരകളാണെന്നറി



യുന്നില്ല. സുന്നികൾ ഇംഗ്ലീഷ് വിരോധികൾ ആയിരുന്നുവെന്നും ഇന്നത് തിരുത്തിയെന്നുമാണു ഒരാക്ഷേപം. ബ്രിട്ടീഷുകാരന്റെ ഭാഷ മുസ്‌ലിം വിരുദ്ധ സംസ്കാരത്തിന്റെ പ്രതീകമായിരുന്നു. ഇംഗ്ലീഷ് രാജും ഇംഗ്ലീഷ് ഉദ്യോഗവും ഉത്പന്നവും അവരുടെ വിദ്യാഭ്യാസവും ബഹിഷ്കരിക്കാൻ മുസ്‌ലിം പണ്ഡിതർ ആഹ്വാനം ചെയ്യുകയും ജനം അത് മുഖവില ക്കെടുക്കുകയും ചെയ്തിട്ടുണ്ട്. അത് മുസ്‌ലിമിന് ഒരേ സമയം ദേശവിരുദ്ധവും മതവിരുദ്ധവുമായിരുന്നു. അതിനാൽ ഇംഗ്ലീഷ് തിരസ്കരിച്ചു. അന്ന് അതിനു പാരപണിതവർക്കു അതിനെക്കുറിച്ചറിയില്ലാതാവുന്നതെങ്ങനെ? എന്നാൽ ഇന്നു ചിത്രം ആകെ മാറിയിരിക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യം കയ്യൊഴിഞ്ഞ രാജ്യങ്ങളിലെല്ലാം ഒഴിയാ പ്രേതം പോലെ ഇന്നു ഇംഗ്ലീഷ് നിലനിൽക്കുകയാണ്. ഇന്ന് ഇംഗ്ലീഷ് ഭാഷ ലോകവ്യാപകമായി ഒരു മാധ്യമമായിത്തീർന്നിരിക്കുന്നു. അപ്പോൾ അത് പഠിക്കുന്നത് തിരുത്തലാവുന്നതെങ്ങനെ?ഏതൊരു സമൂഹത്തിന്റെയും ഭാഷ പഠിക്കുന്നത് അവരുടെ ഉപദ്രവത്തിൽനിന്നുള്ള സുരക്ഷയാണെന്ന തിരുവചനം തന്നെയാണിതിനു പ്രേരകം.

ഇന്നു ഇംഗ്ലീഷ് മീഡിയം നടത്തുക മാത്രമല്ല ഇംഗ്ലീഷ് ഭാഷയിൽ മദ്റസാ പാഠപുസ്തകങ്ങളും ഇറക്കിയത് ആ ചിന്തയിൽ നിന്നാണു. കാലത്തിന്റെ ചുവരെഴുത്തുകൾ മറ്റാരേക്കാളും വായിക്കാൻ സുന്നികൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ന് പല സുന്നി മത കലാലയങ്ങളിലും പാരമ്പര്യ മത ബിരുദത്തിനൊപ്പം ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദവും നൽകിയാണ് യുവപണ്ഡിതരെ പുറത്തുവിടുന്നത്.

പെൺ വിദ്യാഭ്യാസത്തെ കുറിച്ചാണ് ചിലർക്കു വല്ലാത്ത സംശയം. മുമ്പ് അക്ഷരം പഠിക്കൽ ഹറാമാക്കി വീട്ടിലിരുത്തിയ ഉമ്മമാരുടെ മക്കൾ ഇന്ന് വനിതാ കോളേജ് അധ്യാപികമാരാണെന്നു പറഞ്ഞു പരിഹസിക്കുകയാണ്. മുക്കിന് മുക്കിന് സുന്നികൾ വനിതാ കോളേജുകൾ സ്ഥാപിച്ചത് വല്ലാത്ത തിരുത്തലായാണു അവർക്ക് തോന്നിയത്. സത്യത്തിൽ എവിടെയാണു മാറ്റം സംഭവിച്ചിരിക്കുന്നത്? സ്ത്രീ വിദ്യാഭ്യാസത്തിൽ ഈ മാറ്റത്തിനു പ്രേരകമായതെന്താണു എന്നു ഒരു നിമിഷം നാം ചിന്തിക്കുന്നത് നല്ലതാണ്. കാലം ധാർമ്മികതക്കു വലിയ ക്ഷതമേൽപ്പിച്ചിട്ടുണ്ട്. ടെക്നോളജിയുടെ വികാസത്തിൽ മീഡിയ കുതിച്ചുചാടുന്നത് അയൽക്കാരന്റെ സ്വകാര്യതയിലേക്കാണ്. പുരുഷന്റെ ലൈംഗിക മോഹങ്ങൾക്കു മുമ്പിൽ സ്ത്രീയൊരു വിൽപനച്ചരക്കായി. അവളുടെ സൗന്ദര്യവും ശബ്ദ സൗകുമാര്യതയും പേജിലും സ്റ്റേജിലും സ്ക്രീനിലും ലാഭക്കൊതിയൻമാർക്കു നല്ലൊരു മൂലധനമായിരിക്കുന്നു. ഈ ധാർമ്മികതയുടെ കടപുഴകലിൽ, അരുതായ്മകളുടെ കുത്തൊഴുക്കിൽ മതങ്ങൾ പൊതുവെയും മുസ്‌ലിംകൾ പ്രത്യേകിച്ചും തടയണകൾ പണിയാനാണു പണിപ്പെടുന്നത്. ഇത്തരം ഒരു പ്രതിരോധം തീർക്കുന്നത് ഒട്ടേറെ വിവാദങ്ങൾക്കു വഴിവെക്കുന്നുണ്ട് എന്നത് സത്യമാണ്. സ്ത്രീ അച്ചടക്കത്തിന്റെ വേലി പൊളിച്ചു പുറത്തുവന്നു ഫെമിനിസം തകർത്താടുമ്പോൾ മതമറിയാത്തവർ ഈ സ്വാതന്ത്ര്യത്തിന്റെ മഹത്വത്തിൽ പെരുമ്പറയടിക്കുകയാണ്. പടച്ചവനെ ആരാധിക്കാൻ പെണ്ണുങ്ങൾക്കു വീടാണുത്തമമെന്നു കേൾക്കുമ്പോൾ അത് പുരുഷ മേധാവിത്വ പുരോഹിത വർഗത്തിന്റെ ഗൂഢാലോചനയാണെന്നും മുസ്‌ലിം സ്ത്രീകളുടെ ആരാധനാ സ്വാതന്ത്ര്യത്തിനു വേണ്ടി രണ്ടാം ക്ഷേത്രപ്രവേശന വിളംബരം ആവശ്യമാണെന്നും പറയുന്നവർ പുരോഗമനവാദികളും നവോത്ഥാന നായകരുമാണെന്നാണു ഇസ്‌ലാമിനെ അറിയാത്തവർ വിശ്വസിച്ചു വച്ചിരിക്കുന്നത്. ഇന്ന് ചിലയിടങ്ങളിൽ സ്ത്രീകൾക്കു പള്ളിയോടനുബന്ധിച്ച് സൗകര്യം ഒരുക്കിയത് അതിന്റെ ആവശ്യം പരിഗണിച്ചാണ്. അനിവാര്യമായ സാഹചര്യങ്ങളിൽ സ്ത്രീകൾ പുറത്തിറങ്ങിയാൽ അവരുടെ നിസ്കാരം തടസ്സപ്പെടാതിരിക്കാനുള്ള സംവിധാനമാണത്.

സ്ത്രീയുടെ പൊതുരംഗപ്രവേശനം ഉണ്ടാക്കികൊണ്ടിരിക്കുന്ന കുഴപ്പങ്ങൾ അറ്റമില്ലാത്തതാണ്. അവൾക്ക് അവയിലൊക്കെയും ഇരയുടെ യോഗം തന്നെയേയുള്ളൂവെന്നതും ശ്രദ്ധേയമാണ്. സ്ത്രീ എന്തിനാണിറങ്ങി പുറപ്പെട്ടിരിക്കുന്നത്? അവളുടെ അവകാശങ്ങൾക്കു വേണ്ടി? രാജാവ് സ്വന്തം രാജ്യത്തിന്റെ സംരക്ഷണത്തിനു പടച്ചട്ടയണിഞ്ഞ് പൊരുതി രക്തസാക്ഷിയായാൽ പിന്നെ നാട് ഭരിക്കാൻ രാജാവുണ്ടാവുമോ? അതുകൊണ്ട് ഇസ്‌ലാം പറഞ്ഞു: സ്ത്രീയെ ഉപകരണമാക്കുകയല്ല ഒരു അമാനത്തായി സൂക്ഷിക്കുകയാണ് വേണ്ടത്. നാട് ഭരിക്കാനും പോരടിക്കാനും ചേരുപുരളാനും അവളിറങ്ങേണ്ട എന്നും. ഇതൊക്കെ നമ്മുടെ നാട്ടിലെ മുജാഹിദ് മൗലവിമാർക്കുമറിയാഞ്ഞിട്ടല്ല. പുറമെനിന്നു ചാർത്തപ്പെടുന്ന പുരോഗമനത്തിന്റെ മേലങ്കിക്കു വേണ്ടിയുള്ള കപടനാടകമാണവരുടേത്. സത്യത്തിൽ, സ്ത്രീകൾ എഴുത്തുപഠിക്കുന്നത് നിരുത്സാഹപ്പെടുത്തുന്ന ഒരു ഹദീസ് വന്നിട്ടുണ്ട്-ദുർബലമാണെന്നു അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും.

**വാളെടുക്കുന്നവനൊക്കെ വെളിച്ചപ്പാടെന്ന പോലെ ഖുർആൻ പരിഭാഷയോ ഹദീസ് ഗ്രന്ഥങ്ങളോ ഒരാവർത്തി വായിച്ചുതീർത്ത 'മഹാജ്ഞാനികൾ' ഇത്തരം വാദങ്ങൾ തങ്ങളുടെ അഴിഞ്ഞാട്ടത്തിനു ന്യായീകരണമാക്കാറുണ്ട്. ചീപ്പ് പോപ്പുലാരിറ്റി ചാപല്യമാക്കിയ ഇത്തരക്കാരിൽ ബർസ എഴുതിയ നോവലിസ്റ്റ് ഡോ. ഖദീജ മുംതാസ് ഒരു ഉദാഹരണം മാത്രം. കഥ വായിക്കും പോലെ മതപ്രമാണങ്ങൾ വായിച്ചു മതിയാക്കുന്ന ഇവർക്ക് ഡോക്ടറാകാനും അങ്ങനെ കഴിയുമായിരുന്നില്ലേ. മതം പുസ്തകത്തിൽ തെരയുന്ന മുജാഹിദ് മൗലവിമാരുടെ പ്രേതം ഇത്തരം പെണ്ണുങ്ങളിൽ ആവാഹിക്കപ്പെട്ടില്ലെങ്കിലേ അത്ഭുതമുള്ളൂ.**

കാരണം, പ്രാചീന കാലഘട്ടത്തിൽ എഴുത്ത് അധികാരത്തിന്റെയും ഉദ്യോഗത്തിന്റെയും അടയാളമായിരുന്നു. സ്ത്രീ അധികാരവും ഉദ്യോഗവും കയ്യാളുന്നതിനു വിലക്കുണ്ടായിരുന്നു. അവളുടെ പ്രകൃതത്തിനു യോജിച്ചതല്ലാത്ത ഒന്നായതിനാലാണ് അത്തരം സേവനത്തിൽനിന്നു അവളെ മാറ്റിനിർത്തിയത്. അല്ലെങ്കിലും ഭരണമെന്നാൽ ഇസ്‌ലാമിൽ അധികാരത്തിന്റെ പര്യായമല്ല, മറിച്ച് ഉത്തരവാദിത്വമാണ്. സൂക്ഷിച്ചു കയ്യാളേണ്ട ഒരു അമാനത്ത്. ഈ സാഹചര്യത്തിലാണ് സ്ത്രീ വീട്ടിൽ ഇരുന്നാൽ മതിയെന്നും അവളുടെയും കുട്ടികളുടെയും ഭക്ഷണ-സംരക്ഷണച്ചുമതല പുരുഷനിൽ നിക്ഷിപ്തമാണെന്നുമുള്ള ഇസ്‌ലാമിക ദർശനം. അതു തന്നെയാണു സുന്നി പണ്ഡിതൻമാരെയും നയിച്ചത്. അല്ലാതെ പുരോഹിത വർഗത്തിന്റെ പുരുഷമേൽക്കോയ്മയല്ല. ഇന്ന് സ്ത്രീകളെ തെരുവിലിറക്കി ചൂഷണോപകരണമാക്കുന്ന വിദ്യ അവർ പഠിച്ചിട്ടില്ല. പിന്നെ ആ ഹദീസുകൾ ഇന്നെവിടെ പോയി എന്നതായിരിക്കും ചോദ്യം. ഉത്തരം ഇതാണ്: ഇന്ന് വിദ്യാഭ്യാസം ഉദ്യോഗമോ ഭരണമോ ഉന്നം വച്ചുള്ളതല്ല. പുതുലോകത്ത് ഒരു സാധാരണ ജീവിതത്തിനു തന്നെ ഇന്നു നല്ല വിദ്യാഭ്യാസം അത്യാവശ്യമാണു. സ്വസന്താനങ്ങളെ നല്ല സംസ്കാരമുള്ളവരായി വളർത്തിയെടുക്കുക എന്ന മൗലികധർമം നിർവഹിക്കാൻ അവൾക്കിന്ന് അറിവ് ആവശ്യമാണ്. ഒരു കുടുംബിനിയെന്ന നിലയിൽ ഒരു നല്ല ജീവിതത്തിനാവശ്യമായതെന്തും പഠിക്കുകയെന്നത് അവളുടെ അനിവാര്യതയാണു. പഠിച്ചു ജോലി നേടി അവൾക്ക് വേണ്ട ധനം അവൾ സമാഹരിക്കുക അവളുടെ ബാധ്യതയല്ലെന്നർത്ഥം. എന്നുവച്ചു ഭർത്താവിന്റെ അധ്വാനം തികയാതെ വരുകയോ അയാൾക്കു അതിനു സാധ്യമാവാതെ വരുകയോ ചെയ്യുന്ന സാഹചര്യത്തിൽ ജോലി ചെയ്യുന്നത് ഇസ്‌ലാം വിലക്കുന്നില്ലതാനും. ഇതെല്ലാം കുഴപ്പങ്ങൾക്കു വഴിവക്കാത്ത രീതിയിൽ അച്ചടക്കവും സുരക്ഷിതത്വവും ഉറപ്പുവരുത്തിക്കൊണ്ടായിരിക്കണമെന്നുമാത്രം. അതിലെല്ലാം ഉപരി മതത്തെ വികലമായി അവതരിപ്പിക്കപ്പെടുന്ന ഈ സാഹചര്യത്തിൽ അതിനെ പ്രതിരോധിക്കാനും വനിതാ കോളേജുകൾ ആവശ്യമായിരിക്കുന്നു. സംഘടനയുണ്ടാക്കാനും നോട്ടീസൊട്ടിക്കാനും സ്ത്രീകൾ ആവശ്യമാണെന്നു വരുന്നില്ല.

വനിതകളുടെ ഉന്നത മതപഠനത്തിന് സുന്നികൾ എതിരല്ല. കഴിഞ്ഞകാല പണ്ഡിതൻമാർ തങ്ങളുടെ പെൺ മക്കൾക്കു വീട്ടിൽ കിതാബ് ഓതിക്കൊടുത്തിട്ടുണ്ട്. ഇന്നും ആവശ്യത്തിനു അത്തരം സംവിധാനങ്ങളും സുന്നികൾക്കുണ്ട്. പക്ഷേ, സ്ത്രീകളോട് ഖാസി ചുമതല വഹിക്കാനും പള്ളി ഇമാം ആകാനും ജുമുഅ നയിക്കാനും പൊതുപ്രസംഗം നടത്താനും ഇസ്‌ലാം പറഞ്ഞിട്ടില്ല. നല്ല വിശ്വാസിനികൾക്കു മാതൃകയായ ഒരു പാട് വനിതകൾ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. അവർ ആരാധനയിലൂടെയും ആത്മജ്ഞാനത്തിലൂടെയുമായിരുന്നു ആ മഹനീയ സ്ഥാനം അലങ്കരിച്ചിരുന്നത്. അല്ലാതെ 'പുരുഷ പൗരോഹിത്യത്തെ' വെല്ലുവിളിച്ചു ജുമുഅ ഖുത്വുബക്ക് നേതൃത്വം വഹിച്ച ആമിനാ വദൂദുമാരുടെ രീതിയല്ല. ഖുർആനും പ്രവാചകനും സ്ത്രീക്കു മാന്യമായ റോൾ നൽകിയിരുന്നുവെന്നും പിന്നീടു വന്ന പണ്ഡിതൻമാർ അത് തടയുകയായിരുന്നുവെന്നും നിരീക്ഷിക്കുന്ന പെണ്ണെഴുത്തുകളും പ്രസംഗങ്ങളും സ്ത്രീ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടക്കാരുടെ ആയുധമാണു. വാളെടുക്കുന്നവനൊക്കെ വെളിച്ചപ്പാടെന്ന പോലെ ഖുർആൻ പരിഭാഷയോ ഹദീസ് ഗ്രന്ഥങ്ങളോ ഒരാവർത്തി വായിച്ചുതീർത്ത 'മഹാജ്ഞാനികൾ' ഇത്തരം വാദങ്ങൾ തങ്ങളുടെ അഴിഞ്ഞാട്ടത്തിനു ന്യായീകരണമാക്കാറുണ്ട്. ചീപ്പ് പോപ്പുലാരിറ്റി ചാപല്യമാക്കിയ ഇത്തരക്കാരിൽ ബർസ എഴുതിയ നോവലിസ്റ്റ് ഡോ. ഖദീജ മുംതാസ് ഒരു ഉദാഹരണം മാത്രം. കഥ വായിക്കും പോലെ മതപ്രമാണങ്ങൾ വായിച്ചു മതിയാക്കുന്ന ഇവർക്ക് ഡോക്ടറാകാനും അങ്ങനെ കഴിയുമായിരുന്നില്ലേ. മതം പുസ്തകത്തിൽ തെരയുന്ന മുജാഹിദ് മൗലവിമാരുടെ പ്രേതം ഇത്തരം പെണ്ണുങ്ങളിൽ ആവാഹിക്കപ്പെട്ടില്ലെങ്കിലേ അത്ഭുതമുള്ളൂ. ഖുർആൻ കൊണ്ട് എങ്ങനെയാണ് ജീവിക്കുക എന്ന് കാണിച്ചുകൊടുത്ത പ്രവാചകനെ പിന്തുടർന്ന സ്വഹാബികളിൽനിന്നു പകർന്നുകിട്ടിയ അനുഭവും ആവിഷ്കാരവുമാണ് മുസ്‌ലിം ജീവിതത്തിനു വഴികാട്ടേണ്ടത്.

സ്ത്രീകൾക്കു ഡ്രസ്കോഡ് ഇസ്‌ലാമിന്റെ പേരിൽ പുരോഹിതൻമാർ അടിച്ചേൽപ്പിച്ചതാണെന്നാണു ചിലരുടെ ആക്ഷേപം. കറുത്ത ഹിജാബ് ധരിച്ച തരുണികളെ മുസ്‌ലിം റാഡിക്കലിസത്തിന്റെ ചിഹ്നമായി ചിത്രീകരിക്കുന്ന മീഡിയകളാണ് വില്ലൻ. കറുപ്പ് നിറം അസ്വാതന്ത്ര്യത്തിന്റെയും അടിച്ചമർത്തലിന്റെയും ഉപകരണമായാണ് കാണുന്നത്. യഥാർത്ഥത്തിൽ കറുത്ത നിറത്തി






**അവർ യഥേഷ്ടം ഷോപ്പിംഗ് മാളുകളിലും ഉത്സവപ്പറമ്പുകളിലും സ്വൈരവിഹാരം നടത്തുന്നത് അവരുടെ സുരക്ഷിതത്വത്തിന് ഭീഷണിയാണെന്നതിൽ സംശയമില്ല. കാമവെറിയൻമാരായ പുരുഷൻമാരിൽ നിന്നു അവരെ രക്ഷിക്കാൻ സുരക്ഷകൾ കർശനമാക്കിയതു കൊണ്ടു സാധിക്കുമായിരുന്നുവെങ്കിൽ ഉന്നത സാമൂഹിക സുരക്ഷിതത്വം നിലനിൽക്കുന്ന രാജ്യങ്ങളിലെങ്കിലും സാധിക്കേണ്ടിയിരുന്നു. അത്തരം രാജ്യങ്ങളിലാണ് അവൾ ഏറ്റവും ഇരയാകേണ്ടിവരുന്നത് എന്നത് ശ്രദ്ധേയമാണ്**

ലുള്ള പർദ്ദ തന്നെയാവണം സ്ത്രീ വേഷമെന്നു ഇസ്ലാം കൽപ്പിച്ചിട്ടില്ല. സ്ത്രീ വേഷം സൗന്ദര്യം വെളിപ്പെടുന്നതാവരുത് എന്ന് കൽപ്പിച്ചിട്ടുണ്ട്. അത് മനസ്സിന് രോഗം ബാധിച്ചവർക്കു കുഴപ്പത്തിനു കാരണമാവും എന്നാണു ഖുർആൻ പറഞ്ഞത്. സ്ത്രീ സ്വകാര്യതയും അവളുടെ സൗന്ദര്യവും അവളുടെ വേഷവും ഏറ്റവും വിപണനസാധ്യതയുള്ള വസ്തുവായാണ് ലോകം കാണുന്നത്. അത് ഏറ്റവും ഹീനവും അങ്ങേയറ്റം സ്ത്രീവിരുദ്ധവുമാണെന്നു സമ്മതിക്കുന്നത് ഫെമിനിസ്റ്റുകൾ തന്നെയാണു. ഈ എക്സിബിഷനിസ്റ്റു മനഃസ്ഥിതി വച്ചു പുലർത്തുന്ന പെൺകുട്ടികൾ ചാരിത്ര്യവും (അങ്ങനെ ഒന്നുണ്ടെങ്കിൽ) ജീവനും നഷ്ടമായെതിനു ശേഷം അവകാശികളുടെ കയ്യിലേക്കു ഏൽപ്പിക്കപ്പെടുന്ന കാഴ്ചയാണിന്നുള്ളത്.

എന്നാൽ, കറുത്ത പർദ്ദ ധാരിണികൾ ഈ വേഷത്തിലൂടെ ചൂഷകർക്കും മനോരോഗികൾക്കും വ്യക്തമായ ഒരു സന്ദേശം നൽകുന്നുണ്ട്. ഞങ്ങൾ ഉപകരണങ്ങളോ പാവകളോ അല്ല; ഈ സൗന്ദര്യം പരാസ്വാദനത്തിനുള്ളതല്ല എന്നതാണത്. അത് അവൾ സ്വയം തെരഞ്ഞെടുക്കുന്ന നിലപാടാണണ്. അത് സ്വാതന്ത്ര്യവും ആത്മാഭിമാനവുമാണ്. കുറേക്കൂടി പക്വവും സത്യസന്ധവുമാണത്. അതിനെ പിന്തിരിപ്പനായി ചിത്രീകരിക്കുന്നവരുടെ വിശ്വാസ്യതയും ഉദ്ദേശശുദ്ധിയുമാണ് ചോദ്യം ചെയ്യപ്പെടേണ്ടത്. അത് അടിച്ചേൽപ്പിക്കുന്നതാണെന്ന വാദം ശരിയല്ല. അച്ചടക്കത്തിന്റെയും ധാർമികതയുടെയും മതശാസനയുടെയും ഭാഗമായി തന്നെയാണത് സമൂഹം കാണുന്നത്.

അവർ യഥേഷ്ടം ഷോപ്പിംഗ് മാളുകളിലും ഉത്സവപ്പറമ്പുകളിലും സ്വൈരവിഹാരം നടത്തുന്നത് അവരുടെ സുരക്ഷിതത്വത്തിന് ഭീഷണിയാണെന്നതിൽ സംശയമില്ല. കാമവെറിയൻമാരായ പുരുഷൻമാരിൽ നിന്നു അവരെ രക്ഷിക്കാൻ സുരക്ഷകൾ കർശനമാക്കിയതു കൊണ്ടു സാധിക്കുമായിരുന്നുവെങ്കിൽ ഉന്നത സാമൂഹിക സുരക്ഷിതത്വം നിലനിൽക്കുന്ന രാജ്യങ്ങളിലെങ്കിലും സാധിക്കേണ്ടിയിരുന്നു. അത്തരം രാജ്യങ്ങളിലാണ് അവൾ ഏറ്റവും ഇരയാകേണ്ടിവരുന്നത് എന്നത് ശ്രദ്ധേയമാണ്. കുടുംബം എന്ന സംവിധാനം തന്നെ ഒരു പഴങ്കഥയാണവിടങ്ങളിൽ. ആഭാസങ്ങൾക്കു സ്ത്രീസ്വാതന്ത്ര്യമെന്നു വിളിക്കാൻ മാത്രം നാം വിഡ്ഢികളയിക്കൂടാ.


**ഫലപ്രദമായ ചികിത്സ**



സ്ത്രീപുരുഷൻമാർ പുറത്തുപറയാൻ മടിക്കുന്ന രഹസ്യ രോഗങ്ങൾ, ലൈംഗിക ക്ഷീണം, ബലക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, സന്താനമില്ലായ്മ (വന്ധ്യത), സ്ത്രീകളുടെ വെള്ളപോക്ക്, മെലിച്ചിൽ, സ്തനരോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, മൂലക്കുരു, വെള്ളപ്പാ ", സോറിയാസിസ് എന്നിവയ്ക്ക് ഫലപ്രദമായ യൂനാനി ചികിത്സ. 35 വർഷത്തെചികിത്സാ പരിജ്ഞാനമുള്ള **ഹക്കീം കെ.ഇ. ഇബ്രാഹിമി**നെ നേരിൽ കാണുക. വിദേശത്തുള്ളവർ രോഗവിവരം കത്ത് മുഖേനഅറിയിക്കുക. പ്രവർത്തനം ബുധൻ, വ്യാഴം, വെള്ളി മാത്രം.

**അൽ - അമീൻ** കാട്ടുങ്ങൽ കോംപ്ലക്സ്, ജുമാമസ്ജിദിന് മുൻവശം, ഊട്ടി റോഡ്, **പെരിന്തൽമണ്ണ. Ph: 04933 227984, 9847103628**

**ശനി മുതൽ ചൊവ്വ വരെ എറണാകുളം P.N.V.M**
ഹോസ്പിറ്റലിൽ രോഗികളെ പരിശോധിക്കുന്നു. Ph: 0484 2396393



# സമസ്തഃ മധ്യമേഖല ഉലമാ സമ്മേളനം
# ഉയർത്തുന്ന ചിന്ത

സമ്മേളന ഫീച്ചർ


• **കോട്ടുമല ടിഎം ബാപ്പു മുസ്‌ലിയാർ**
(ജനറൽ കൺവീനർ, സ്വാഗതസംഘം)


**ഹി**ജ്റ 21-ൽ കൊടുങ്ങല്ലൂർ ചേരമാൻ മസ്ജിദ് നിർമിച്ചതായും മുഹമ്മദ് ബിൻ മാലികിനെ ഖാസിയായി നിയമിക്കപ്പെട്ടതായും റാവുബഹദ്ദൂർ സി. ഗോപാലൻ നായരുടെ 'മലയാളത്തിലെ മാപ്പിളമാർ' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. 1498 വാസ്ഗോഡിഗാമ കാപ്പാട് കപ്പലിറങ്ങുന്നത് വരെയുള്ള ഏതാണ്ട് എട്ടര നൂറ്റാണ്ടു കാലം മുസ്‌ലിംകളുടെ സുവർണകാലമായി കണക്കാക്കാം.

പ്രധാനമായും ആ നല്ല കാലത്തിന്റെ സവിശേഷത ഐക്യവും ഉലമാ നേതൃത്വത്തിന്റെ നിയന്ത്രണവും ഉണ്ടായിരുന്നു എന്നു തന്നെയാണ്. പിന്നീടുള്ള ഏതാണ്ട് നാല് നൂറ്റാണ്ട് വൈദേശികാക്രമങ്ങളിൽ പ്രതിരോധിക്കപ്പെട്ട ഒരു ജനതയായി മുസ്‌ലിംകൾ ഒതുക്കപ്പെട്ടു. എങ്കിലും ആ വലിയ വെല്ലുവിളി നേരിടാൻ മുസ്‌ലിംകൾക്ക് സാധ്യമായത് അവർക്ക് മികച്ച നേതൃത്വവും ആദർശഐക്യവും ഉള്ളതു കൊണ്ടാണ്. പ്രവാചകൻ(സ്വ)യുടെ വഫാത്തിന്റെ പത്ത് വർഷങ്ങൾക്ക് പിറകെ ഖാസിയെ നിയമിക്കപ്പെട്ട പ്രദേശം എന്ന നിലക്ക് മഹത്തായ പാരമ്പര്യമവകാശപ്പെടാവുന്ന അഭിമാനവും മുസ്‌ലിം കൈരളിക്കുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വപാദത്തിൽ കേരളത്തിൽ ഉരുത്തിരിഞ്ഞ ശൈഥില്യ ചിന്തകൾ മുസ്‌ലിം സമൂഹത്തിന്റെ ഭാവിയിൽ വരുത്താനിടയുള്ള വലിയ അപകടങ്ങൾ പണ്ഡിതരെയും സാദാത്തുക്കളെയും കർമ്മനിരതരാക്കി.

1925-ൽ പ്രമുഖ പണ്ഡിതൻമാരും സമുദായ നേതാക്കളും കോഴിക്കോട് വലിയ ജുമാമസ്ജിദിൽ സമ്മേളിച്ചു. നീണ്ട ഗൗരവമേറിയ ചർച്ചകൾക്കു ശേഷം ഒരു പണ്ഡിത സഭയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു. കെ

## വിശുദ്ധ ഇസ്‌ലാമിനെ സമൂഹത്തിന് പരിചയപ്പെടുത്തുന്നതും സമുദായത്തിന്റെ ദിശ തെറ്റാതെ നിയന്ത്രിക്കുന്നതും ഉലമാക്കളാണ്. അതത് കാലങ്ങൾ ഉയർത്തുന്ന സമസ്യകർക്ക് ഉത്തരം കാണുന്നതും ഉലമാക്കൾ തന്നെ. അതിനാൽ അവരുടെ ചുമതലയും ജാഗ്രതയും വിലപ്പെട്ടതായി വരുന്നു. അവർക്ക് കാലിക വെല്ലുവിളികൾ നേരിടാനുള്ള കരുത്തു പകരുകയാണ് സമ്മേളനത്തിന്റെ മുഖ്യലക്ഷ്യം. മതം, ആദർശം, പ്രസ്ഥാനം എന്നിവയിലൂന്നിയ ഏറ്റവും പ്രസക്തമായ മൂന്നു വിഷയങ്ങളാണ് ഉലമാ സമ്മേളനം ചർച്ചക്കു വിധേയമാക്കുന്നത്

പി മുഹമ്മദ് മീറാൻ മുസ്‌ലിയാർ, പാറോൽ ഹുസൈൻ മൗലവി എന്നിവർ യഥാക്രമം സംഘടനയുടെ പ്രസിഡണ്ട്, സെക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെട്ടു. പുതുതായി രൂപംകൊണ്ട പണ്ഡിത സഭ ഒരു വർഷത്തിനുള്ളിൽത്തന്നെ നിരവധി പ്രഭാഷണ സദസ്സുകൾ സംഘടിപ്പിച്ചു.

1926 ജൂൺ 26-ന് സയ്യിദ് ശിഹാബുദ്ദീൻ ചെറുകുഞ്ഞിക്കോയ തങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടുക്കുമുള്ള പ്രശസ്തരായ പണ്ഡിതൻമാർ പങ്കെടുത്ത ഒരു മഹാസമ്മേളനം കോഴിക്കോട് ടൗൺ ഹാളിൽ നടക്കുകയുണ്ടായി. പ്രസ്തുത കൺവൻഷനിൽ നിലവിലുണ്ടായിരുന്ന പണ്ഡിതസഭയെ പുനഃസംഘടിപ്പിക്കുകയും സമസ്ത കേരള ജംഇയ്യത്തുൽ ഉലമയെന്ന പേരിൽ അതിന് സമ്പൂർണ്ണ സംഘടനാ രൂപം ആവിഷ്കരിക്കുകയും ചെയ്തു. വരക്കൽ ബാ അലവി മുല്ലക്കോയ തങ്ങളെ സമസ്തയുടെ പ്രഥമ പ്രസിഡന്റായി കൺവൻഷൻ നാമനിർദ്ദേശം ചെയ്തു. പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാർ, അബുൽഹഖ് മുഹമ്മദ് അബ്ദുൽ ബാരി മുസ്‌ലിയാർ, കെഎം അബ്ദുൽ ഖാദിർ മുസ്‌ലിയാർ, കെപി മുഹമ്മദ് മീറാൻ മുസ്‌ലിയാർ എന്നിവർ പ്രഥമ കമ്മിറ്റിയിലെ ഉപാധ്യക്ഷൻമാരായും പിവി മുഹമ്മദ് മുസ്‌ലിയാർ, പികെ മുഹമ്മദ് മുസ്‌ലിയാർ എന്നിവർ സെക്രട്ടറിമാരായും തെരഞ്ഞെടുക്കപ്പെട്ടു.

നിയമവിദഗ്ധൻമാരുടെ ഉപദേശങ്ങൾക്കനുസൃതമായി നിരവധി മുശാവറ യോഗങ്ങളിലെ സജീവ ചർച്ചകൾക്കൊടുവിൽ തയ്യാറാക്കപ്പെട്ട സമസ്ത ഭരണഘടന ഗവൺമെന്റ് അംഗീകരിച്ചതോടെ, 1934 നവംബർ 14ന് സമസ്ത ഔദ്യോഗികമായി രജിസ്റ്റർ ചെയ്യപ്പെട്ടു (രജി. നമ്പർ: S1 1934-35)

സമസ്തയുടെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്: 1) അഹ്‌ലുസ്സുന്നത്തിവൽജമാഅത്തിന്റെ യഥാർത്ഥ ആശയാദർശങ്ങൾക്കനുസരിച്ച് ഇസ്‌ലാമിക വിശ്വാസങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും പ്രബോധനം ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്യുക. 2) അഹ്‌ലുസ്സുന്നത്തിവൽജമാഅത്തിന്റെ ആശയാദർശങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന സംഘടനകളെയും അവരുടെ കുപ്രചരണങ്ങളെയും നിയമാനുസൃതമായി എതിർക്കുകയും ചെറുക്കുകയും ചെയ്യുക. 3) മുസ്‌ലിം സമുദായത്തിന്റെ അവകാശ സംരക്ഷണത്തിനായി നിലകൊള്ളുക. 4) മതവിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കുകയും മതവിശ്വാസത്തോടും മത സംസ്കാരത്തോടും കൈകോർത്തുപോകുന്ന മതേതര വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും അതിനാവശ്യമായത് ചെയ്യുകയും ചെയ്യുക. 5) അന്ധവിശ്വാസങ്ങൾ, അരാജകത്വം, അധാർമികത, അനൈക്യം എന്നിവ തുടച്ചുനീക്കി മൊത്തത്തിൽ മുസ്‌ലിം സമുദായത്തിന്റെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുക.

1925 മുതൽ 1950 വരെ പൊതുസമ്മേളനങ്ങൾ, ആശയസംവാദങ്ങൾ, ചർച്ചാവേദികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിലാണ് 'സമസ്ത' കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്. 1927-നും 1944-നുമിടയിൽ വമ്പിച്ച ജനശ്രദ്ധയാകർഷിച്ച 15 വാർഷിക സമ്മേളനങ്ങൾ വ്യത്യസ്ത സ്ഥലങ്ങളിൽ സംഘടിപ്പിച്ചു. 1950-ഓടെ സംഘടന കേരളത്തിൽ കൂടുതൽ വേരൂന്നുകയും ശക്തിപ്രാപിക്കുകയും ചെയ്തു. പിന്നീട് എട്ടു പൊതുസമ്മേളനങ്ങൾ കൂടി നടത്തി. കോഴിക്കോട് കടപ്പുറത്ത് നടന്ന 1985-ലെ 24-ാമത്തെയും 1996ലെ 25-ാമത്തെയും പൊതുസമ്മേളനങ്ങൾ ജനസാഗരം തീർത്തവയായിരുന്നു.

കാസർകോഡ്, കോഴിക്കോട്, തൃശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ അഞ്ചു പ്രധാന നഗരങ്ങളിൽ പൊതുസമ്മേളനങ്ങൾ സംഘടിപ്പിച്ച് 'സമസ്ത' 2002-ൽ അതിന്റെ പ്ലാറ്റിനം ജൂബിലി സമുചിതമായി ആഘോഷിച്ചു. ഇപ്പോൾ സമസ്ത വിവിധ കേന്ദ്രങ്ങളിൽ ഉലമാഅ് സമ്മേളനങ്ങൾ സംഘടിപ്പിച്ചു വരികയാണ്. 2011 ഡിസംബർ മാസം 85-ാം വാർഷിക സമ്മേളനം മലപ്പുറത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

2011 മെയ് 11ന് കാസർക്കോട്, കണ്ണൂർ, കോഴിക്കോട്, വയനാട്, നീലഗിരി, മലപ്പുറം, പാലക്കാട് ജില്ലകൾ ഉൾക്കൊള്ളുന്ന മധ്യമേഖല ഉലമാ സമ്മേളനം നടക്കുന്നു. ഈ ജില്ലകളിലെ പള്ളി-മദ്റസ, അറബിക് കോളേജുകൾ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്ന കാൽലക്ഷത്തിലധികം വരുന്ന പണ്ഡിതരുടെ കൂട്ടായ്മയാണ് നടക്കാനിരിക്കുന്നത്. വിശുദ്ധ ഇസ്‌ലാമിനെ സമൂഹത്തിന് പരിചയപ്പെടുത്തുന്നതും സമുദായത്തിന്റെ ദിശ തെറ്റാതെ നിയന്ത്രിക്കുന്നതും ഉലമാക്കളാണ്. അതത് കാലങ്ങൾ ഉയർത്തുന്ന സമസ്യകർക്ക് ഉത്തരം കാണുന്നതും ഉലമാക്കൾ തന്നെ. അതിനാൽ അവരുടെ ചുമതലയും ജാഗ്രതയും വിലപ്പെട്ടതായി വരുന്നു. അവർക്ക് കാലിക വെല്ലുവിളികൾ നേരിടാനുള്ള കരുത്തു പകരുകയാണ് സമ്മേളനത്തിന്റെ മുഖ്യലക്ഷ്യം. മതം, ആദർശം, പ്രസ്ഥാനം എന്നിവയിലൂന്നിയ ഏറ്റവും പ്രസക്തമായ മൂന്നു വിഷയങ്ങളാണ് സമ്മേളനം ചർച്ചക്കു വിധേയമാക്കുന്നത്.

വ്യത്യസ്ത പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ വിവിധ പോഷകഘടകങ്ങൾ രൂപീകരിച്ചു. 1951-ൽ സെപ്തംബർ 17-ന് മൗലാനാ അബുൽഹഖ് അബ്ദുൽബാരി

മുസ്‌ലിയാരുടെ കാർമികത്വത്തിൽ വാളക്കുളം പുതുപ്പറമ്പ് ജുമാമസ്ജിദിൽ നടന്ന ഒരു സുപ്രധാന യോഗത്തിൽ 33 അംഗ സമസ്ത കേരള ഇസ്‌ലാംമത വിദ്യാഭ്യാസ ബോർഡ് നിർവ്വാഹക സമിതി രൂപീകൃതമായി. ഇതിലൂടെ പ്രാഥമിക മതവിദ്യാഭ്യാസ പ്രവർത്തന രംഗത്ത് സമസ്ത പ്രവേശിച്ചു. ഇപ്പോൾ 9025 മദ്‌റസകളും 1108610 വിദ്യാർത്ഥികളും 84216 അധ്യാപകരും ഉൾകൊള്ളുന്ന മഹാപ്രസ്ഥാനമായി വിദ്യാഭ്യാസ ബോർഡ് വളർന്നു.

സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ, ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന അധ്യാപകരുടെ സംഘശക്തിയാണ്. ഈ അധ്യാപക സംഘടനക്ക് കേന്ദ്രകമ്മിറ്റി കൂടാതെ കേരളത്തിലും പുറത്തുമായി 17 ജില്ലാ ഘടകങ്ങളും 403 റൈഞ്ച് കമ്മിറ്റികളുമുണ്ട്.

1954 ഏപ്രിൽ 25-ന് താനൂരിൽവച്ച് സമസ്തയുടെ സമ്മേളനം നടന്നു. യുവസമൂഹത്തെയും പൊതുജനത്തെയും സമസ്തയുടെ കീഴിൽ അണിനിരത്തുക, താഴെ തട്ടുമുതൽ തന്നെ സമസ്തക്കു വ്യവസ്ഥാപിത സംഘടനാ രൂപം നൽകുക തുടങ്ങിയ ഉദ്ദേശത്തോടെ, സമസ്തക്കുകീഴിൽ ഒരു യുവജന പ്രസ്ഥാനം രൂപീകരിക്കാൻ സമ്മേളനത്തിൽ വച്ച് തീരുമാനിച്ചു. ഏപ്രിൽ 26-ന് കോഴിക്കോട്ടെ അൻസാറുൽ ഇസ്‌ലാം ഓഫീസിൽ വച്ചാണ് സുന്നി യുവജനസംഘം ജൻമമെടുത്തത്. ഇപ്പോൾ ഈ യുവജന സംഘത്തിന് കേരളത്തിലെ എല്ലാ ജില്ലകളിലും പ്രത്യേക കമ്മിറ്റികളും കേരളത്തിനകത്തും പുറത്തും ശാഖകളും നിലവിലുണ്ട്. 1961-ൽ കക്കാട്ട് സംഘടിപ്പിക്കപ്പെട്ട 21-ാമത് പൊതു സമ്മേളനത്തിൽ വച്ച് സുന്നി യുവജനസംഘത്തെ ഒരു പോഷക സംഘടനയായി സമസ്ത അംഗീകരിച്ചു.

സംസ്ഥാനത്തെ മുസ്‌ലിം മഹല്ലുകളുടെ പ്രവർത്തനങ്ങൾക്ക് ഒരു സംഘടിത രൂപം നൽകുക എന്ന ലക്ഷ്യത്തോടെ 1976 ഏപ്രിൽ 26ന് ചെമ്മാട് നടന്ന തിരൂർ താലൂക്ക് സമസ്ത സമ്മേളനത്തിൽ സമസ്ത നേതാക്കൾ സുന്നി മഹല്ല് ഫെഡറേഷൻ (എസ്എംഎഫ്) എന്ന മഹല്ലു സംഘടനക്കു രൂപം കൊടുത്തു. സമസ്തയുടെ ഈ പോഷകവിഭാഗം പ്രത്യേകിച്ച് മഹല്ലുകളെ ഏകോപിപ്പിക്കുന്ന കാര്യത്തിൽ ശ്രദ്ധേയമായ നിരവധി നേട്ടങ്ങൾ കാഴ്ചവെക്കുകയുണ്ടായി. ഇപ്പോൾ മഹല്ലുകൾക്ക് അംഗീകാരം നൽകി സംഘടന കൂടുതൽ ശക്തമായി പ്രവർത്തിച്ചുവരുന്നു.

മുസ്‌ലിം വിദ്യാർത്ഥികളെ സമസ്തക്കുകീഴിൽ സംഘടിപ്പിക്കുകയും അവരെ ഉദാത്തമായ ധർമ്മനിഷ്ഠയുള്ള ജീവിതത്തിലേക്ക് വഴിനടത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 1989 ഫെബ്രുവരി 19-നാണ് സമസ്ത നേതാക്കളുടെ ആഭിമുഖ്യത്തിൽ എസ്കെഎസ്എസ്എഫ് എന്ന വിദ്യാർത്ഥി സംഘടന സ്ഥാപിക്കപ്പെടുന്നത്. മികച്ച നിരവധി പ്രവർത്തനങ്ങളിലൂടെ സംഘടന വലിയ വളർച്ച നേടിയിട്ടുണ്ട്.

സുന്നി ബാലവേദി, സമസ്ത കേരള ഇസ്‌ലാംമത വിദ്യാഭ്യാസപരീക്ഷാ ബോർഡ്, മദ്രസാ മാനേജ്മെന്റ് അസോസിയേഷൻ, സമസ്ത കേരള മുസ്‌ലിം എംപ്ലോയീസ് അസോസിയേഷൻ എന്നീ പോഷക സംഘടനകൾകൂടി സമസ്തയുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

സമുദായത്തിനകത്ത് സമസ്തയുടെ മഹിതമായ സന്ദേശ പ്രചരണം സാധ്യമാക്കുന്നത് നിരവധി പ്രസിദ്ധീകരണങ്ങൾ മുഖേനയാണ്. ആദ്യം അറബിമലയാളത്തിലും പിന്നീട് 1954-ൽ മലയാളത്തിലും അൽബയാൻ എന്ന മാസിക പ്രസിദ്ധീകരിച്ചു. 1959-ൽ ജംഇയ്യത്തുൽ മുഅല്ലിമീൻ അതിന്റെ മുഖപത്രമായ 'അൽമുഅല്ലിം' (ത്രൈമാസിക) പ്രസിദ്ധീകരിച്ചുതുടങ്ങി. 1977-ൽ അത് മാസികയായി പുനഃപ്രസിദ്ധീകരിച്ചു തുടങ്ങി.

കുട്ടികൾക്കായി 'കുരുന്നുകൾ' എന്ന പേരിലും സ്ത്രീകൾക്കും കുടുംബിനികൾക്കുമായി 'സന്തുഷ്ടകുടുംബം' എന്ന പേരിലും രണ്ടു പ്രധാനപ്പെട്ട മാസികകൾ കൂടി ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രസിദ്ധീകരിക്കുന്നുണ്ട്. കുരുന്നുകൾ കന്നഡ ഭാഷയിലും പ്രസിദ്ധീകരിക്കുന്നു. സമുദായത്തിന് മൊത്തത്തിലും സ്ത്രീ സമൂഹത്തിന് പ്രത്യേകിച്ചും ഇസ്‌ലാമിക വായനയുടെ നവ്യാനുഭൂതി പകർന്നു നൽകുകയെന്നതാണ് കുടുംബ മാസികയായ 'സന്തുഷ്ട കുടുംബ'ത്തിന്റെ ലക്ഷ്യം. കേരളത്തിൽ ഏറ്റവുമധികം വരിക്കാരും വായനക്കാരുമുള്ള ഇസ്‌ലാമിക മാസികയാണ് സന്തുഷ്ട കുടുംബം.

സുന്നി അഫ്കാർ വാരികയും(എസ്‌വൈഎസ്), സത്യധാര ദ്വൈവാരികയും(എസ്കെഎസ്എസ്എഫ്) പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. ചെമ്മാട് ദാറുൽ ഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽനിന്ന് 'തെളിച്ചം' മലയാള മാസികയും ജാമിഅ: നൂരിയ്യ:യിൽനിന്ന് 'അന്നൂർ', പറപ്പൂർ സബീലുൽ ഹിദായയിൽ നിന്ന് 'അന്നഹ്ള' അറബി മാസികയും പ്രസിദ്ധീകരിക്കുന്നു.

ഏതൊരു സംഘടനയെയും പോലെ ഭിന്നിപ്പുകൾ സമസ്തയുടെ ചരിത്രത്തിന്റെയും ഭാഗമായിട്ടുണ്ട്. 60-കളിൽ തബ്‌ലീഗ് ജമാഅത്തിനെതിരെ സമസ്ത കൈക്കൊണ്ട തീരുമാനത്തിൽ പ്രതിഷേധിച്ച് ചില പണ്ഡിതന്മാർ സമസ്ത വിടുകയും അഖിലകേരള ജംഇയ്യത്തുൽ ഉലമാ എന്ന സംഘടനക്ക് രൂപം നൽകുകയും ചെയ്തു.

പ്രാർത്ഥനകളിൽ ഉച്ചഭാഷിണി ഉപയോഗിക്കുന്നത് മതവിരുദ്ധമാണെന്ന് സമസ്തയിലുണ്ടായിരുന്ന ശ്രദ്ധേയനായൊരു പണ്ഡിതൻ അഭിപ്രായപ്പെട്ടപ്പോൾ സമസ്ത ഔദ്യോഗികമായി അദേഹത്തിന്റെ നിലപാടുകളെ എതിർത്തു. തത്ഫലമായി അദ്ദേഹം സമസ്തയിൽ നിന്ന് രാജിവെക്കുകയും കേരള സംസ്ഥാന ജംഇയ്യത്തുൽ ഉലമയെന്ന സംഘടനക്ക് രൂപം നൽകുകയും ചെയ്തു.

നിരുത്തരവാദപരമായ ചില പ്രവർത്തനങ്ങൾ നടത്തിയതിനാൽ കാന്തപുരം അബൂബക്ർ മുസ്‌ലിയാർ അടക്കം ഏതാനും ചിലർക്ക് ഈ മഹാപ്രസ്ഥാനത്തിൽനിന്ന് പുറത്തുപോകേണ്ടിവന്നു. അഖിലേന്ത്യാ സുന്നി ജംഇയ്യത്തുൽ ഉലമ എന്ന സംഘടനക്ക് രൂപം നൽകി അദ്ദേഹം പ്രവർത്തിച്ചുവരുന്നു.

കേരള മുസ്‌ലിംകളിൽ ഏറ്റവുമധികം സ്വാധീനവും വിശ്വാസ്യതയും നേടിയ മഹാപ്രസ്ഥാനമാണ് സമസ്ത. വികേന്ദ്രീകൃത നേതൃരീതിയിൽനിന്ന് കേന്ദ്രീകൃത രീതിയിലേക്ക് കാലെടുത്തുവച്ചുകൊണ്ട് പാരമ്പര്യമായി മുസ്‌ലിം ഉമ്മത്ത് കൈക്കൊണ്ടിരുന്ന എല്ലാ രീതികളും പൈതൃകവും പരിരക്ഷിക്കുന്ന ഏക ആധികാരിക പണ്ഡിതസഭ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ മാത്രമാണ്.



# തിരുസന്നിധിയിൽ ചെന്നണയുന്നു

അബൂമൂസൽ അശ്അരി
സത്യാന്വേഷിയുടെ ജീവിതസഞ്ചാരങ്ങൾ/മൂന്ന്

• **ഫൈസി അബൂനുഅ്മാൻ അരിപ്ര**

**മു**ഹാജിറുകൾ ഹബ്ശിയയിൽനിന്നു മടങ്ങുകയാണ്. പതിനഞ്ച് വർഷങ്ങൾക്ക് മുമ്പ് ഹബ്ശിയയിലെത്തിയ ജഅ്ഫറുബ്നു അബീത്വാലിബി(റ)നും സംഘത്തിനും അബൂമൂസൽ അശ്അരീ(റ)ക്കും സംഘത്തിനും രണ്ടു വിഭാഗത്തിനും യാത്ര ചെയ്യാൻ ഓരോ കപ്പൽ ഏർപാടു ചെയ്തിട്ടുണ്ട്. ഇരു വിഭാഗവും അവരവരുടെ കപ്പലുകളിൽ കയറി ഇടം പിടിച്ചു. യാത്രക്കാർ കയറിക്കഴിഞ്ഞതോടെ കപ്പൽ പുറപ്പെട്ടു. ദിവസങ്ങളോളം കപ്പൽ സമുദ്രത്തിലൂടെ ഇഴഞ്ഞുനീങ്ങി ഒടുവിൽ അബവാഅ് കടൽതീരത്ത് ചെന്നണഞ്ഞു.

എല്ലാവരും കപ്പലിൽ നിന്നിറങ്ങി. മനസ്സുകളൊക്കെ മദീനയിലേക്ക് തിരിഞ്ഞു. പ്രവാചക ദർശനം സാധ്യമാവാനിരിക്കുന്ന നിമിഷങ്ങൾ, പ്രവാചക സാമീപ്യത്തിന്റെ സൗഭാഗ്യം അനുഭവിച്ചറിയാനുള്ള അവസരങ്ങൾ. എങ്കിലും ഒരു സ്വപ്നം പോലെ മനതാരിൽ ഉയർന്നുവരികയാണെല്ലാവരിലും. ഇതിൽ മക്കക്കാരിൽ ഒട്ടും പുറകിലല്ല യമനികളും, മദീനയിലേക്കടുക്കുംതോറും ആവേശം വർധിക്കുകയാണ്. ഉഹ്ദ് പർവ്വതത്തിന്റെ ഉയരത്തിലുള്ള പാറക്കല്ലുകൾ നേത്രദൃഷ്ടിയിൽ പതിയാൻ തുടങ്ങിയപ്പോൾ അവർ ഉച്ചത്തിൽ പാടി: *"ഗദൻ നൽഖൽ അഹിബ്ബ/മുഹമ്മദൻ വ ഹിസ്ബ"* (നാളെ ഞങ്ങൾ ഇഷ്ഠൻമാരെ കാണും, മുഹമ്മദിനെയും സംഘത്തെയും) അത്യുച്ചത്തിൽ ഈ വരികൾ പാടിക്കൊണ്ടിരുന്നു. മദീനക്കാർ ഈ വാഹകസംഘത്തെ എതിരേറ്റു. അവരുടെ ആഗമനത്തിൽ അതിരറ്റ് സന്തോഷിച്ചു. പക്ഷേ, പുരുഷൻമാരുടെ കുറവും കുട്ടികളുടെ ആധിക്യവും അവരുടെ മനസ്സുകളെ ചിന്തിപ്പിച്ച. ഉടൻ പ്രവാചകനെ കുറിച്ചവർ ചോദിച്ചറി

അബൂമൂസാ(റ) പ്രവാചകന്റെ അടുത്തിരുന്നു. അദ്ദേഹത്തെ പ്രവാചകൻ സന്തോഷമറിയിച്ചു. മക്കയിൽ അദ്ദേഹം വന്നത് മറക്കുകയില്ലെന്നറിയിച്ചു. അതു കേട്ട അബൂമൂസ പൂർവ്വോപരി സന്തുഷ്ടനായി. പക്ഷേ, ബദ്റിലും ഉഹ്ദിലും ഖന്തഖിലും ഖൈബറിലും നടന്ന സമരങ്ങൾ നഷ്ടപ്പെട്ട ദുഃഖം അദ്ദേഹം പ്രകടമാക്കി. ഉടൻ നബി(സ്വ) പ്രതികരിച്ചു: ''അദ്ദേഹവും മറ്റു സ്വഹാബികളും കാത്തിരിക്കുന്ന നീണ്ട സമരങ്ങൾ ഇനിയും വരാനുണ്ട്.'' ഈ സുവിശേഷം അദ്ദേഹത്തിന്റെ മുഖത്തെ പ്രസന്നമാക്കി.

ഞ്ഞു. പ്രവാചകൻ ഖൈബറിലാണെന്നും മദീനയെ വഞ്ചനയിലൂടെ പിടിച്ചടക്കാൻ ശ്രമിച്ച ജൂതരെ പാഠം പഠിപ്പിച്ചു അവരുടെ കോട്ടകൾ അധീനത്തിലാക്കുന്ന ശ്രമത്തിലാണെന്നും അവർ വിവരം നൽകി. പ്രവാചകന്റെ അഭാവത്തെ കുറിച്ചുള്ള വാർത്ത അവരെ ദുഃഖിതരാക്കി. അതവരുടെ സന്തോഷ നിമിഷങ്ങൾക്ക് മങ്ങലേൽപ്പിച്ചു. എങ്കിലും പ്രവാചക പ്രതിനിധി സിബാഉബ്നു ഉർഫുത്വത്ത്(റ) അവരെ മദീനയിലേക്ക് സ്വീകരിച്ചാനയിച്ചു. സിബാഇനോടവർ പ്രവാചകരുടെ അരികിലേക്ക് തിരിക്കാൻ അനുവാദം ചോദിച്ചു. അദ്ദേഹം അവർക്കതിനു സമ്മതം നൽകി. വാഹനങ്ങളും ഭക്ഷണങ്ങളും ഏർപാട് ചെയ്തു യാത്ര തിരിച്ചു.

മുഹാജിറുകൾ വീണ്ടും ഒരു യാത്ര തുടങ്ങി. ഉദ്ദേശ്യം നിറവേറുന്നത് വരെ യാത്ര ചെയ്യാൻ തന്നെയാണ് തീരുമാനം. പിന്നിട്ട നാളുകളിലെ സമുദ്രയാത്രയുടെ ക്ഷീണം സഹിച്ചുകൊണ്ട് തന്നെ ദീർഘമായ ഒരു മരുഭൂമി യാത്ര കൂടി ആരംഭിക്കുകയാണ്. പ്രവാചകനെ നേരിൽ കാണണം, ഹസ്തദാനം ചെയ്യണം, കെട്ടിപ്പിടിച്ചാശ്ലേഷിക്കണം. ആ ധന്യ നിമിഷങ്ങൾ അവരുടെ ഹൃദയങ്ങളിൽ ഉന്മേശത്തിന്റെ ശക്തി വർധിപ്പിച്ചിരിക്കുകയാണ്. മദീനയുടെ വടക്കു ഖൈബറിനെ ലക്ഷ്യമിട്ടവർ നടന്നുതുടങ്ങി. ദിവസങ്ങളോളം ആ യാത്ര തുടർന്നു.

നബി(സ്വ)യെ ആരോ വിവരമറിയിച്ചു; അശ്അരികൾ വരുന്നുവെന്ന വിവരം. സന്തുഷ്ടനായ നബി(സ്വ) ആ വാർത്ത അനുചരൻമാരെ ബോധ്യപ്പെടുത്തി. 'യഖ്ദുമു അലൈക്കും അഖ്വാമുൻ ഹും അറഖു മിൻക്കും ഖുലൂബൻ' (നിങ്ങളെക്കാൾ ഹൃദയ നൈർമല്യമുള്ള ചില സമൂഹങ്ങൾ നിങ്ങളിലേക്ക് വന്നുകൊണ്ടിരിക്കുന്നു.)

അവർ പ്രവാചകസന്നിധിയിലെത്തി. വളരെ ആവേശത്തോടെ നബി(സ്വ) അവരെ സ്വീകരിച്ചു. അവർ മക്കയിൽ വന്നതും ഇസ്‌ലാമതമാശ്ലേഷിച്ചതും അവരുടെ സമൂഹത്തിൽ ഇസ്‌ലാമിക പ്രബോധം നടത്തിയതും നബി(സ്വ) അബൂമൂസയെയും അബൂ ആമിറിനെയും ഓർമപ്പെടുത്തി.

ജഅ്ഫർ(റ)വും സംഘവും എത്തുന്നതിനു മുമ്പെ അബൂമൂസ(റ)വും സംഘവുമാണ് നബി(സ്വ)യുടെ സന്നിധിയിൽ എത്തിച്ചേർന്നത്. അബൂ മൂസ(റ) ഉടനെ നബി(സ്വ)യെ ഹസ്തദാനം ചെയ്തു സലാം ചൊല്ലി. നബി(സ്വ) അദ്ദേഹത്തെ ആലിംഗനം ചെയ്തു. നെറ്റിത്തടത്തിൽ ചുംബനം ചെയ്തു. സേഷം അബൂആമിറും സംഘവും നബി(സ്വ)യെ സലാം ചൊല്ലി ഹസ്തദാനം ചെയ്തു. അവരുടെ ശഹാദത്ത് പുതുക്കി പ്രവാചകനോട് ഇസ്‌ലാമിന്റെ പേരിൽ ബൈഅത്ത് ചെയ്തു. പ്രവാചകനെ നേരിൽ കാണാനായതിൽ അവർ വല്ലാതെ സന്തോഷിച്ചു. അവർ കേട്ടറിഞ്ഞതിലേറെ വലിയ പ്രവാചകന്റെ ഭംഗിയും സൗമ്യതയും സൽസ്വഭാവവും അവർ ആസ്വദിച്ചറിഞ്ഞു.

അൽപസമയം കഴിഞ്ഞപ്പോഴേക്കും ജഅ്ഫർ(റ)വും സംഘവും പ്രവാചക സന്നിധിയിൽ എത്തിച്ചേർന്നു. പ്രവാചകന്റെ സന്തോഷം വർധിച്ചു. എഴുന്നേറ്റു ജഅ്ഫറിനെ അണച്ചുകൂട്ടി ഇരു കണ്ണുകൾക്കിടയിൽ ചുംബനം അർപ്പിച്ചു. നബി(സ്വ) പറഞ്ഞു: വല്ലാഹി മാ അദ്‌രീ ബി അയ്യിഹിമാ അസൂർറു ബിഫത്ഹി ഖൈബറിൻ അം ബിഖുദൂമി ജഅ്ഫറിൻ' (ജഅ്ഫറിന്റ ആഗമനം കൊണ്ടോ, ഖൈബറിന്റെ വിജയം കൊണ്ടോ ഞാൻ സന്തോഷിക്കേണ്ടത് എന്നത് എനിക്കറിയുന്നില്ല സത്യം). മുസ്‌ലിംകളെ ഒട്ടേറെ സന്തോഷിപ്പിച്ച ദിനമാണിത്. ഖൈബറിലെ ജൂത സങ്കേതങ്ങൾക്കു മീതെ ഇസ്‌ലാമിന്റെ വിജയപതാക നാട്ടിയ സുദിനം. ഇസ്‌ലാമിന്റെ കഠിന വൈരിയായിരുന്ന മുറഹ്ഹിബ് വധിക്കപ്പെട്ട ദിനം. ഖൈബറിലെ പ്രശസ്തമായ കോട്ടകൾ മുഴുവനും മുസ്‌ലിംകൾ അധീനപ്പെടുത്തിയ ദിനം, അതിനൊക്കെ ഉപരി യമനിലെ അശ്അരീ കുടുംബവും യമനിലെ ദൗസി കുടുംബവും ഹബ്ശിയയിലെ മുഹാജിറുകളും ആഗതമായ സന്തോഷം.

യുദ്ധം വിജയകരമായി പര്യവസാനിച്ചു. ഗനീമത്ത് വിഹിതം നീക്കപ്പെടുന്നതിനു മുമ്പെ നബി(സ്വ)യുടെ സന്നിധിയിൽ എത്തിച്ചേർന്ന അശ്അരികളെ നബി(സ്വ) ആദരിച്ചു. ഗനീമത്തിൽനിന്നും അവർക്കും വിഹിതം നൽകി സന്തോഷിപ്പിച്ചു. അവരുടെ ശക്തമായ വിശ്വാസവും നല്ല സ്വഭാവവും പ്രവാചക സ്നേഹത്തിനു പാത്രീഭവിച്ചു അവരെ കുറിച്ചു പ്രവാചകൻ പ്രതികരിച്ചു: ''അൽ അശ്അരിയ്യൂന ഫിന്നാസി കസ്വുർറതിൻ ഫീഹാ മിസ്കുൻ (അശ്അരികൾ ജനങ്ങളിൽ കസ്തൂരിയിട്ട ഭാണ്ഡം പോലെയാണ്)

അബൂമൂസാ(റ) പ്രവാചകന്റെ അടുത്തിരുന്നു. അദ്ദേഹത്തെ പ്രവാചകൻ സന്തോഷമറിയിച്ചു. മക്കയിൽ അദ്ദേഹം വന്നത് മറക്കുകയില്ലെന്നറിയിച്ചു. അതു കേട്ട അബൂമൂസ പൂർവ്വോപരി സന്തുഷ്ടനായി. പക്ഷേ, ബദ്റിലും ഉഹ്ദിലും ഖന്തഖിലും ഖൈബറിലും നടന്ന സമരങ്ങൾ നഷ്ടപ്പെട്ട ദുഃഖം അദ്ദേഹം പ്രകടമാക്കി. ഉടൻ നബി(സ്വ) പ്രതികരിച്ചു: ''അദ്ദേഹവും മറ്റു സ്വഹാബികളും കാത്തിരിക്കുന്ന നീണ്ട സമരങ്ങൾ ഇനിയും വരാനുണ്ട്.'' ഈ സുവിശേഷം അദ്ദേഹത്തിന്റെ മുഖത്തെ പ്രസന്നമാക്കി.

ഖൈബർ യുദ്ധം കഴിഞ്ഞു ഫദക്ക്, വാദീഖുറാ, തൈമാഅ് എന്നീ പ്രദേശത്തെ ജൂതരെ മേലിൽ ശിക്ഷാനടപടികൾ പ്രവാചകൻ പൂർത്തീകരിച്ചു. സ്വഹാബികളൊന്നിച്ചു മദീനയിലേക്ക് തിരിച്ചു. പ്രസ്തുത യാത്രയിൽ അബൂമൂസ(സ്വ) പ്രവാചകനോട് ഓരം ചേർന്നു സഞ്ചരിച്ചു. നാലു ഭാഗത്തു നിന്നും സ്വഹാബികൾ പ്രവാചകനെ വലയം ചെയ്തിട്ടുണ്ട്. ഓരോ കുന്നുകൾ കയറുമ്പോഴും അത്യുച്ചത്തിൽ അവർ

തക്ബീർ മുഴക്കുന്നു. അങ്ങനെയായിരിക്കെ നബി(സ്വ) അവർക്ക് നേരെ തിരിഞ്ഞു പറഞ്ഞു: "ജനങ്ങളെ, നിങ്ങളുടെ ശരീരങ്ങളോട് നിങ്ങൾ അനുകമ്പ കാണിക്കുക! നിശ്ചയം നിങ്ങൾ ബധിരനും, അദൃശ്യമായവനുമായ രക്ഷിതാവിനെയല്ല നിങ്ങൾ ആരാധിക്കുന്നത്, കാഴ്ചയും കേൾവിയുമുള്ളവനെയാണ് നിങ്ങൾ ആരാധിക്കുന്നത്. അവൻ നിങ്ങളോടൊപ്പമുണ്ടുതാനും.

പ്രവാചക ആഹ്വാനം ശിരസാവഹിച്ചവർ ശബ്ദം കുറച്ചു. അവരുടെ അനുസരണാ മനഃസ്ഥിതി നബി(സ്വ)ക്ക് സന്തോഷമായി. യാത്ര തുടർന്നുകൊണ്ടിരിക്കെ കൂട്ടത്തിലൊരാൾ 'ലാഹൗല വലാ ഖുവ്വത ഇല്ലാബില്ലാ' എന്നു ആവർത്തിക്കുന്നത് നബി(സ്വ) കേട്ടു. തിരിഞ്ഞു നോക്കുമ്പോൾ അബൂമൂസയാണത് ചൊല്ലുന്നത്. ആ മഹത്തായ വചനത്തിന്റെ മൂല്യം അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ നബി(സ്വ) തീരുമാനിച്ചു. നബി(സ്വ) പറഞ്ഞു: "അബ്ദുല്ലാഹിബ്നു ഖൈസ്, സ്വർഗത്തിലെ നിക്ഷേപങ്ങളിലൊന്ന് ഞാൻ നിനക്കറിയിച്ചു തരട്ടെ?" "അതെ പ്രവാചകരെ"-അബ്ദുല്ലയുടെ പ്രതികരണം. "എന്നാൽ നീ 'ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാബില്ലാ' എന്ന് ചൊല്ലുക."

ഹിജ്റക്ക് ശേഷം പ്രവാചകരിൽനിന്നും ലഭിക്കുന്ന പ്രഥമ അധ്യാപനം. മനോഹരമായ ശൈലി. അദ്ദേഹത്തെ അത് വല്ലാതെ സന്തോഷിപ്പിച്ചു. പിന്നെ അതിന്റെ മഹത്വവും ബോധ്യപ്പെട്ടു അശ്അരി(റ) അത് കൂടുതലാക്കാൻ തന്നെ തീരുമാനിച്ചു. നബി(സ്വ) കൂട്ടുകാരൊന്നിച്ച് മദീനയിൽ തിരിച്ചെത്തി. ഖൈബറിന്റെ അത്ഭുത വിജയം മദീനക്കാരുടെ മനസാന്തരങ്ങളിൽ ആവേശത്തിന്റെ തിരി കൊളുത്തിയിരിക്കുന്നു. അവരുടെ ആവേശവും ആനന്ദവും അന്തമായി തുടരുകയാണ്. അശ്അരീ, ദൗസീ ഖബീലകലും മദീനയിൽ എത്തിച്ചേർന്നിരിക്കുന്നു. കൂടാതെ ഹബ്ശിയയിലേക്ക് ഹിജ്റ പോയവരുടെ തിരിച്ചുവരവും. കപടൻമാരെയും ജൂതൻമാരെയും അല്ലാഹു മുട്ടുകുത്തിച്ചിരിക്കുന്നു. സത്യവിശ്വാസികൾക്കു വൻവിജയത്തിന്റെ പുതിയ കവാടങ്ങൾ തുറന്നുകൊടുത്തിരിക്കുന്നു.

മുഹാജിറുകളായി വന്ന അശ്അരികൾ അവരുടെ ഗതകാല സംഭവങ്ങൾ ഓർത്തെടുക്കുകയാണ്. സമുദ്രമധ്യത്തിലെ കാറ്റും കോളും മറക്കാനാവാത്ത വിധം അവരെ സ്വാധീനിച്ചിരിക്കുന്നു. അല്ലാഹുവിന്റെ കനിവിന്റെ തിരിഞ്ഞു നോട്ടം ഇല്ലായിരുന്നെങ്കിൽ അവർ സമുദ്രത്തിലെ മത്സ്യങ്ങൾക്കു ഭക്ഷണമാവുമായിരുന്നു. കാറ്റിലും കോളിലും അകപ്പെട്ട കപ്പൽ ദിശ തെറ്റിയിട്ടില്ലായിരുന്നുവെങ്കിൽ ഹബ്ശിയയിലെ മുഹാജിറുകളുമായി അവർക്ക് സന്ധിക്കാനാവുമായിരുന്നില്ല. എല്ലാം സഹിച്ചു മദീനയിൽ വന്നണയുമ്പോൾ പ്രവാചകനെ കാണാനാ വാത്തതുകൊണ്ടു ക്ഷീണം വകവക്കാതെ ഖൈബറിനെ ലക്ഷ്യമാക്കിയുള്ള പുനർയാത്ര.

നബി(സ്വ)യുടെ ഹൃദ്യമായ സ്വീകരണം, സൗമ്യമായ പെരുമാറ്റം, ആഗതരോടുള്ള ബഹുമാനാദരവ്, സാന്ദർഭികമായ ഇടപെടൽ. എല്ലാം മുഴുവൻ പ്രയാസങ്ങളെയും നിഷ്പ്രഭമാക്കിയിരിക്കുന്നു. കപ്പൽ യാത്രക്കാരായ ഇരു സംഘത്തെയും പ്രവാചകൻ പുകഴ്ത്തി. അവർക്ക് ഭാവുകങ്ങൾ നേർന്നു. ജഅ്ഫറുബ്നു അബീത്വാലിബ്(റ)ന്റെ പ്രിയ പത്നി അസ്മാഉബിൻത് ഉമൈസ്(റ)യെ നബി(സ്വ) അതെല്ലാം ബോധ്യപ്പെടുത്തി. ഈ കപ്പൽ യാത്രക്കാരെ

മുഹാജിറുകളായി വന്ന അശ്അരികൾ അവരുടെ ഗതകാല സംഭവങ്ങൾ ഓർത്തെടുക്കുകയാണ്. സമുദ്രമധ്യത്തിലെ കാറ്റും കോളും മറക്കാനാവാത്ത വിധം അവരെ സ്വാധീനിച്ചിരിക്കുന്നു. അല്ലാഹുവിന്റെ കനിവിന്റെ തിരിഞ്ഞു നോട്ടം ഇല്ലായിരുന്നെങ്കിൽ അവർ സമുദ്രത്തിലെ മത്സ്യങ്ങൾക്കു ഭക്ഷണമാവുമായിരുന്നു. കാറ്റിലും കോളിലും അകപ്പെട്ട കപ്പൽ ദിശ തെറ്റിയിട്ടില്ലായിരുന്നുവെങ്കിൽ ഹബ്ശിയയിലെ മുഹാജിറുകളുമായി അവർക്ക് സന്ധിക്കാനാവുമായിരുന്നില്ല

കുറിച്ചു പ്രവാചകരുടെ പ്രകീർത്തനങ്ങളറിയാൻ അസ്മാഇനെയാണവർ പിന്നീടു സമീപിക്കാറുണ്ടായിരുന്നത്.

ഒരിക്കൽ അബൂമൂസാ(റ)യെ വളരെ രഹസ്യമായി അസ്മാഇനെ സമീപിച്ചു. നബി(സ്വ) ഹിജ്റയെ കുറിച്ചു പ്രശംസിച്ചതറിയൽ മാത്രമായിരുന്നു ലക്ഷ്യം. കപ്പൽ യാത്രക്കാരായ അശ്അരികളെ കുറിച്ചും ഹബ്ശിയയിലെ മുഹാജിറുകളെ കുറിച്ചും നബി(സ്വ) പറഞ്ഞത് വിശദമായി പറഞ്ഞുകൊടുക്കാൻ അവരോടദ്ദേഹം ആവശ്യപ്പെട്ടു. അവർ പറഞ്ഞു തുടങ്ങി:

ഞാൻ മിനിഞ്ഞാന്ന് പ്രവാചക പത്നി ഹഫ്സ(റ)യെ സന്ദർശിക്കാൻ ചെന്നു. ഞാൻ അവരുടെ സന്നിധിയിലിരിക്കുമ്പോൾ അവരുടെ പിതാവ് ഉമർ(റ) കയറിവന്നു. സലാം ചൊല്ലി അദ്ദേഹം ഇരുന്നു. എന്റെ ശബ്ദം കേട്ടതോടെ എന്നെ കളിയാക്കി. അദ്ദേഹം പറഞ്ഞു. ഹബ്ശിയക്കാരിയാണോ ഇത്? സമുദ്രക്കാരിയാണോ ഇത്? ഞാൻ പറഞ്ഞു: അതെ! ഞങ്ങളുടെ ഹബ്ശിയാ പലായനത്തെക്കുറിച്ചും അവിടത്തെ ഞങ്ങളുടെ താമസത്തെക്കുറിച്ചും അദ്ദേഹം എന്നോട് ചോദിച്ചു തുടങ്ങി ഞാനതിനെല്ലാം മറുപടി പറഞ്ഞു. "നിങ്ങളെക്കാൾ ഹിജ്റ കൊണ്ട് മുൻകടന്നവർ ഞങ്ങളാണ്. അതിനാൽ റസൂലുല്ലാഹിയുമായി നിങ്ങളെക്കാൾ ബന്ധവും ഞങ്ങൾക്ക് തന്നെയാണ്." ഈ വാക്കുകൾ എന്നെ ചൊടിപ്പിച്ചു. ഞാനാ വാക്കുകൾ അദ്ദേഹത്തോട് മടക്കി പറഞ്ഞു. അദ്ദേഹത്തോട് ഗൗരവമായി സംസാരിച്ചു. പിന്നെ ഞാൻ പറഞ്ഞു: "അല്ലാ അല്ലാഹുവാണ് സത്യം. നിങ്ങൾ നിബി(സ്വ)യോടൊപ്പമായപ്പോൾ നിങ്ങളിലെ വിശന്നവരെ ഭക്ഷിപ്പിച്ചിരുന്നു. വിഡ്ഢികളെ അദ്ദേഹം ഉപദേശിച്ചിരുന്നു. ഞങ്ങളാവട്ടെ ഹബ്ശിയൻ മണ്ണിൽ കുടുംബങ്ങളിൽ നിന്നും അകന്നു ദീനിന്റെ എതിരാളികൾക്കിടയിലായിരുന്നു. അത് അല്ലാഹുവിന്റെയും റസൂലിന്റെയും മാർഗത്തിൽ മാത്രമായിരുന്നു." ഞാനിതു പറഞ്ഞപ്പോൾ ഉമർ ഒന്നു പുഞ്ചിരിച്ചതല്ലാതെ മറുപടി ഒന്നും പറഞ്ഞില്ല.

ഞാൻ വീണ്ടും അദ്ദേഹത്തോടു പറഞ്ഞു: "നിങ്ങൾ ഈ പറഞ്ഞതു നബി(സ്വ)യോടു പറഞ്ഞിട്ടല്ലാതെ ഞാൻ

ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്യുകയില്ല. ഞാൻ കളവ് പറയുകയോ മാറ്റിപ്പറയുകയോ കൂട്ടി പറയുകയോ ചെയ്യുകയില്ല, സത്യം!"

ഇതെല്ലാം ശ്രദ്ധാപൂർവം കേട്ടിരുന്ന അബൂമൂസാ(റ) പെട്ടെന്ന് ചോദിച്ചു: "പിന്നെ എന്തുണ്ടായി?" അസ്മാഅ്(റ) തുടർന്നു: "ഹഫ്സ(റ)യുടെ സന്നിധിയിൽ നിന്നും ഉമർ(റ) എഴുന്നേറ്റു പോയി. അധികം താമസിയാതെ പ്രവാചകൻ കടന്നുവന്നു, സലാം ചൊല്ലി ഇരുന്നു. അപ്പോൾ വളരെ വേദനയോടെ ഉമറിൽ നിന്നു കേട്ടത് നബി(സ്വ)യോട് ഞാൻ പറഞ്ഞു: "നബിയെ, ഞങ്ങളാണ് നിങ്ങളെക്കാൾ ഹിജ്റകൊണ്ട് മുൻകടന്നവർ അതു കൊണ്ടുതന്നെ നിങ്ങളെക്കാൾ നബിയുമായി ഞങ്ങൾക്കാണ് കൂടുതൽ ബന്ധമെന്ന് ഉമർ(റ) എന്നോട് പറഞ്ഞു. ഉമർ പറഞ്ഞതു ശരി തന്നെയാണോ പ്രവാചകരെ?"

പ്രവാചകൻ ഉടൻ പ്രതികരിച്ചു: "നിങ്ങളെക്കാൾ എന്നോട് കൂടുതൽ ബന്ധം അവരൊന്നുമല്ല. അവനും കൂട്ടുകാർക്കും ഒരു ഹിജ്റ മാത്രമെ ഉള്ളൂ. കപ്പൽക്കാരായ നിങ്ങൾക്ക് രണ്ട് ഹിജ്റയാണുള്ളത്." ഇതു കേൾക്കേണ്ട താമസം എനിക്ക് സമാധാനമായി. എന്റെ ഹൃദയം സന്തോഷപുളകിതമായി. അസ്മാഅ് അല്ലാഹുവിന് നന്ദി പറഞ്ഞു. അബൂമൂസ(റ)യും കൂട്ടുകാരും എഴുന്നേറ്റു. സന്തോഷഭരിതരായി. പ്രവാചകൻ അവരെക്കുറിച്ച് പറഞ്ഞ ഈ വാക്കുകളിലേറെ ഭൗതികലോകത്ത് അവർക്ക് മറ്റൊരു സന്തോഷവും ഉണ്ടായിട്ടില്ല. അബൂമൂസ(റ) തന്റെ കൂട്ടുകാർക്കെല്ലാം ഇതു വിവരിച്ചു കൊടുത്തു. എല്ലാവരും സന്തുഷ്ടരായി.

ഈ വാർത്ത കേൾക്കാനായി അബൂമൂസാ(റ) പല കൂട്ടുകാരോടൊപ്പം പല പ്രാവശ്യം അസ്മാഅ്(റ)നെ സമീപിക്കാറുണ്ടായിരുന്നു. അതിന്റെ ആവർത്തനം അദ്ദേഹത്തിനു വലിയ ഹരം പകർന്നുൽകുകയും ചെയ്തിരുന്നു. ഒരിക്കൽ കേൾക്കാത്തവരെയായിരുന്നു അദ്ദേഹം ഈ ഉദ്യമത്തിനു കൂട്ടുപിടിച്ചിരുന്നത്.

*(തുടരും)*



# അല്ലാഹുവിന്റെ ദാത്ത് സലഫിന്റെയും ഖലഫിന്റെയും രീതികൾ

ഇസ്‌ലാമിലെ വിശ്വാസശാസ്ത്രത്തിന്റെ നാൾവഴി/നാല്

**● എംഎ ജലീൽ സഖാഫി പുല്ലാര**

**അ**ല്ലാഹു മറ്റൊന്നിനോടും ഒരു വിധേനയും സദൃശമല്ലെന്നും പൂർണതയുടെ ഗുണങ്ങളെല്ലാം അവനുണ്ടെന്നും ഓരോ വ്യക്തിയും വിശ്വസിക്കൽ നിർബന്ധമാണ്. ഇതാണു യഥാർത്ഥത്തിൽ തൗഹീദ്. സ്രഷ്ടാവായ അല്ലാഹു അരൂപനാണ്. നമ്മുടെ നിരൂപങ്ങൾക്ക് വിധേയമാകുന്ന എല്ലാ വസ്തുക്കൾക്കും അതീതനാണവൻ. സ്ഥൂലമോ സൂക്ഷ്മമോ ആയ തടി (ജിസ്മ്) അവനില്ല. അത്തരം ജിസ്മുകൾക്കുള്ള ഗുണങ്ങളെല്ലാം അല്ലാഹുവിനെ സംബന്ധിച്ച് അസംഭവ്യവും നിരൂപിക്കാൻ പാടില്ലാത്തതുമാണ്.

സിംഹാസനത്തിൽ ഇരിക്കുക, മുകളിൽ നിന്നു താഴോട്ടിറങ്ങുക, മുകളിലേക്കു കയറുക എന്നീ ഗുണങ്ങളൊന്നും അല്ലാഹുവിനെ കുറിച്ചു പറയാവുന്നതല്ല. മുഖം, കൈകാൽ, കണ്ണ് പോലുള്ള



**അല്ലാഹുവിന്റെ 'യദ്' എന്നതിനു ശക്തി എന്നും റബ്ബിനെ കുറിച്ചു 'ജാഅ' എന്നതിനു പ്രതിഫലം വന്നു എന്നും 'ളഹിക' എന്ന പദത്തിനു റഹ്മത്ത് ചെയ്തു എന്നും നിങ്ങൾ എവിടെയാണെങ്കിലും അവിടെയെല്ലാം അല്ലാഹുവിന്റെ 'വജ്ഹ്' ഉണ്ട് എന്നതിനു ഖിബ്‌ല എന്നും ഖലഫ് സരണിയിൽ വ്യാഖ്യാനം പറഞ്ഞിട്ടുണ്ട്. സലഫ് സരണിയിലെ പ്രധാനി ഇബ്നു അബ്ബാസ് (റ) തന്നെ 'വജ്ഹ്' എന്ന പദത്തിനു 'ഖിബ്‌ല' എന്നു അർത്ഥം പറഞ്ഞിട്ടുണ്ട്**

അവയവങ്ങളൊന്നും അല്ലാഹുവിനില്ല. ഉണ്ടെന്നു വിശ്വസിക്കുകയും വിശേഷിപ്പിക്കുകയും ചെയ്യുന്നയാൾ ഇസ്‌ലാമിൽനിന്നു പറത്തുപോകും. ഇതിൽ ഇസ്‌ലാമിക പണ്ഡിതർക്കു തർക്കമില്ല. സൃഷ്ടികൾക്കുള്ള പോലെ അല്ലാഹുവിനും അവയവങ്ങൾ സ്ഥിരപ്പെടുത്തിയതു തന്നെ കാരണം. അതേസമയം സൃഷ്ടികൾക്കുള്ളതുപോലുള്ള അവയവങ്ങൾ ഇല്ലെന്നും സ്രഷ്ടാവിനോട് യോജിച്ച അവയവങ്ങൾ ഉണ്ടെന്നും വിശ്വസിച്ചാൽ കാഫിറാകുമോ എന്നതിൽ ഭിന്നതയുണ്ട്. കാഫിറാകുമെന്നു തന്നെയാണ് ഒരു വിഭാഗം ഉലമാഅ് പറയുന്നത്. അത്തരക്കാർ മുബ്തദിഅ് (വിശ്വാസം പിഴച്ചവൻ) ആണെന്നതിൽ തർക്കമില്ല. കാരണം, പ്രസ്തുത വാദം ഇജ്മാഅ് എന്ന ഖണ്ഡിത പ്രമാണത്തിനു വിരുദ്ധമാണ്.(ബന്നാനി: 2/147, ഫത്ഹുൽ ബാരി 13/401, ഫതാവാറംലി 4/266)

എന്നാൽ മുഖം, കണ്ണ്, കൈകാലുകൾ, കാൽതണ്ടവിരലുകൾ എന്നിങ്ങനെ അവയവങ്ങൾക്കു പറഞ്ഞു വരുന്ന വജ്ഹ്, അയ്ന, യദ്, രിജ്ല്, സാഖ് പോലുള്ള ശബ്ദങ്ങളും ഇറങ്ങി, കയറി, ഒപ്പമായി തുടങ്ങിയുള്ള കർമ്മങ്ങളെ കുറിക്കുന്ന നസല, സ്വഇദ, ഇസ്തവാ പോലുള്ള പദങ്ങളും അല്ലാഹുവിലേക്ക് ബന്ധപ്പെടുത്തി ഖുർആനിലും ഹദീസുകളിലും ഉപയോഗിച്ചിട്ടുണ്ട്. അല്ലാഹു തൗഫീഖ് നൽകിയ സൗഭാഗ്യവാൻമാരായ ഔലിയാഇനു ഈ പ്രയോഗങ്ങളുടെയും വാക്യങ്ങളുടെയും യഥാർത്ഥ ആശയങ്ങളും ഉദ്ദേശ്യങ്ങളും മനസ്സിലാകുമെങ്കിലും അല്ലാത്തവർക്കറിയില്ല. അതുകൊണ്ടുതന്നെ ഇത്തരം പ്രയോഗങ്ങളുമായി അനുവർത്തിക്കേണ്ട നയം ഇമാമുകൾ രണ്ടു മദ്ഹബായി വിവരിച്ചു തന്നിട്ടുണ്ട്. സലഫ് രീതി, ഖലഫ് രീതി എന്നിവയാണത്.

## സലഫിന്റെ രീതി

അഞ്ചാം നൂറ്റാണ്ടിലെ മുജദ്ദിദ് ഇമാം ഗസ്സാലി(റ) സലഫീ വഴി വിവരിക്കുന്നുണ്ട്: "അല്ലാഹുവിനു തടിയും തദനുസൃത ഗുണങ്ങളുമുണ്ടെന്നുവരുന്നതിൽ നിന്നും അവന്റെ തിരുദാത്തിനെ പരിശുദ്ധമാക്കലോടു കൂടെ അല്ലാഹുവും റസൂലും പ്രസ്തുത പ്രയോഗങ്ങൾ കൊണ്ട് അല്ലാഹുവിന്റെ മഹത്തത്തോടും പരിശുദ്ധിയോടും അനുയോജ്യമായ ആശയം ഉദ്ദേശിച്ചുകൊണ്ടാണ് പ്രസ്തുത വാക്യങ്ങൾ പറഞ്ഞിട്ടുള്ളതെന്നും അതു പരമാർത്ഥവും സത്യവുമാണെന്നും സർവാത്മാ വിശ്വസിക്കുകയും യഥാർത്ഥ ആശയങ്ങൾ അല്ലാഹുവിന്റെ അനുഗൃഹീത പണ്ഡിതർക്കു അറിയാമെങ്കിലും നമുക്കറിയില്ലെന്നു സമ്മതിച്ച് ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യുന്നതിൽ മൗനം പാലിച്ച് ഇവ്വിഷയം കൈകാര്യം ചെയ്യാതിരിക്കുക ( ഇൽജാമുൽ അവാം അൻ ഇൽമിൽ കലാം)

അപ്പോൾ സലഫിന്റെ സരണി പ്രസ്തുത പദങ്ങൾക്കും പ്രയോഗ

ങ്ങൾക്കും യാതൊരു വിധ വ്യാഖ്യാനവും നൽകാതെ അതിനെക്കുറിച്ചുള്ള ഉദ്ദേശ്യം അല്ലാഹുവിനറിയാമെന്നു പറഞ്ഞു ഒഴിയലാണെന്നു ചുരുക്കം. സലഫീ സരണിയാണ് കരണീയവും ഉചിതവും സത്യസന്ധവുമായ രീതി (ഫത്ഹുൽ ബാരി 17/214)

തഫ്സീറുകളിൽ 'ഇസ്തിവാഅൻ യലീഖു ബിഹി' എന്ന വ്യാഖ്യാനത്തിന്റെ ഉദ്ദേശ്യം അല്ലാഹുവിനോടു യോജിക്കുന്ന ഇസ്വാഅ് എന്നാണ്. അല്ലാഹുവിനോട് അനുയോജ്യമായ സിംഹാസനസ്ഥനാകൽ എന്നല്ല.

ഹാഫിള് ഇബ്നു ഹജർ(റ) പ്രസ്താവിക്കുന്നു: വിനയവും വിസ്വാസവും സൂക്ഷ്മതയും ഗുണകാംക്ഷയും നിറഞ്ഞുനിൽക്കുന്ന നിലപാടാണ് സലഫീ സരണി (ഫത്ഹുൽ ബാരി 1/214) എന്നാൽ സലഫീ മാർഗത്തെ ദുർവ്യാഖ്യാനക്കാരും പുത്തൻവാദികളും ദുഷ്ടലാക്കോടെ തെറ്റിദ്ധരിപ്പിച്ചു അല്ലാഹുവിനു മുഖവും കൈക്കാലുകളും ആരോഹണാവരോഹങ്ങളും ഉണ്ടെന്ന് പറയുകയും പക്ഷേ, അവയെല്ലാം അല്ലാഹുവിനോട് അനുയോജ്യമായ വിധമാണെന്നും കൂട്ടിച്ചേർത്ത് വിശ്വസിക്കലാണ് സലഫീ മാർഗമെന്നവർ പ്രചരിപ്പിച്ചു.

തുടർന്നു പലരും ഖുർആനിലും ഹദീസുകളിലും വന്ന മുതശാബിഹായ പ്രയോഗങ്ങളെ ഭാഷാപരമായ മൊഴിമാറ്റം നടത്തി അല്ലാഹുവിനെ കുറിച്ച് വികലമായ വിശ്വാസങ്ങൾ പ്രചരിപ്പിച്ചു. പലരും അതിൽ വഞ്ചിതരായി.

ഈ പ്രത്യേക സാഹചര്യത്തിൽ അന്നത്തെ പണ്ഡിതർ (ഖലഫ്) ജനങ്ങളുടെ വിശ്വാസം സംരക്ഷിക്കുവാനും ബിദ്അത്തുകാരുടെ ദുർവ്യാഖ്യാനം തടയുവാനുമായി ഒരു പ്രതിരോധനയം സ്വീകരിക്കാൻ നിർബന്ധിതരായി. അങ്ങനെയാണ് ഖലഫീ മാർഗം രൂപംകൊണ്ടത്.

## ഖലഫിന്റെ രീതി

ഖുർആനിന്റെ സംബോധിതരായ അറബികളിൽ സുപരിചിതവും സുലഭവുമായിരുന്ന ആലങ്കാരിക പ്രയോഗങ്ങളിൽ ഉദ്ദേശിക്കപ്പെടുന്ന അനുയോജ്യമായ അർത്ഥം നൽകി മുഖം, കണ്ണ്, കൈ തുടങ്ങിയ മുകളിൽ വിവരിച്ച പദങ്ങൾക്കും അതുപോലോത്തതിനും വ്യാഖ്യാനം നൽകലാണ് ഖലഫ് ശൈലി. പിൽകാല പണ്ഡിതരുടെ കാലത്ത് ഇങ്ങനെ ഒരു രീതി അനിവാര്യമായതുകൊണ്ടാണ് സലഫ് വിഴിയുണ്ടായിട്ടും മുതശാബിഹായ വാക്കുകളെ വ്യാഖ്യാനിക്കാൻ അവർ തയ്യാറായത്.

ഖലഫ് സരണിയിൽ പണ്ഡിതർ നൽകുന്ന വ്യാഖ്യാനം അല്ലാഹു ഉദ്ദേശിച്ചതാണോ എന്നു ഖണ്ഡിതമല്ല. സലഫ് മാർഗത്തിൽ ഒരു അർത്ഥവും വ്യാഖ്യാനവും പറയാതെ അല്ലാഹുവിലേക്ക് ഏൽപ്പിക്കുകയാണല്ലോ. അതുകൊണ്ടാണ് സലഫ് സരണി ഏറ്റവും മികച്ചതും ഉചിതവുമായത്. (ഫത്ഹുൽ ബാരി 17/214)

ഖലഫ് മദ്ഹബ് പ്രകാരം 'ഇസ്തവാഅൽ അർശി' എന്ന വാക്യത്തിന്റെ വ്യാഖ്യാനം അർശിനെ നിയന്ത്രിച്ചു, ഭരിച്ചു എന്നൊക്കെയാണ് (റാസി: 22/7). സലഫുസ്സ്വാലിഹുകളായ ചിലർ മുതശാബിഹായ ചില പദങ്ങളെ വ്യാഖ്യാനിക്കുകയും (ഖലഫ് ചെയ്തതു പോലെ) പിൽകാല പണ്ഡിതരിൽ ചിലർ സലഫ് സരണി പിൻപറ്റി ചിലവാക്യങ്ങൾ വ്യാഖ്യാനിക്കാതെ ഒഴിഞ്ഞുമാറുകയും ചെയ്തിട്ടുണ്ട്. (തഫ്സീർ ഇബ്നി അബീഹാതം 1/364), അൽബിദായത്തു വന്നിഹായ 10/227) രണ്ടു വീക്ഷണവും ശരിയാണ് (തഫ്സീർ സ്വാവി 2/223)

അല്ലാഹുവിന്റെ 'യദ്' എന്നതിനു ശക്തി എന്നും റബ്ബിനെ കുറിച്ചു 'ജാഅ' എന്നതിനു പ്രതിഫലം വന്നു എന്നും 'ളഹിക' എന്ന പദത്തിനു റഹ്മത്ത് ചെയ്തു എന്നും നിങ്ങൾ എവിടെയാണെങ്കിലും അവിടെയെല്ലാം അല്ലാഹുവിന്റെ 'വജ്ഹ്' ഉണ്ട് എന്നതിനു ഖിബ്ല എന്നും ഖലഫ് സരണിയിൽ വ്യാഖ്യാനം പറഞ്ഞിട്ടുണ്ട്. സലഫ് സരണിയിലെ പ്രധാനി ഇബ്നു അബ്ബാസ്(റ) തന്നെ 'വജ്ഹ്' എന്ന പദത്തിനു 'ഖിബ്ല' എന്നു അർത്ഥം പറഞ്ഞിട്ടുണ്ട്.

മുതശാബിഹായ പദങ്ങളുടെ ബാഹ്യാർത്ഥം ഉദ്ദേശ്യമല്ലെന്നു സലഫും ഖലഫും ഏകോപിക്കുന്നു. സലഫു കൊണ്ടുള്ള വിവക്ഷ ഹിജ്റ അഞ്ഞൂറിനു മുമ്പുള്ളവരാണ്. മുന്നൂറിനു മുമ്പുള്ളവരാണെന്നും അഭിപ്രായമുണ്ട്. ഖലഫ് എന്നാൽ ഹിജ്റ അഞ്ഞൂറിനു ശേഷമുള്ളവർ; മുന്നൂറിനു ശേഷമുള്ളവരാണെന്നും അഭിപ്രായമുണ്ട്. (ഹാശിയതുൽ ബാജൂരി പേജ് 56)

*(തുടരും)*




**സയ്യിദ് കോയഞ്ഞിക്കോയ തങ്ങൾ**

**കോഡൂർ, ചോല്ലൂർ**

**ഫോൺ: 2752711, മൊ: 9947585085**

സ്ത്രീപുരുഷ ലൈംഗിക രോഗങ്ങൾ, സീഗ്ര സ്കലനം, സന്താനമില്ലായ്മ, മെലിച്ചിൽ, മൂത്രാശയ രോഗങ്ങൾ, ശാരീരികവും മാനസികവുമായ മറ്റു രോഗങ്ങൾ വിരിപ്പിൽ മൂത്രമൊഴിക്കൽ, അപസ്മാര രോഗങ്ങൾ മുതലായവ മഹാന്മാരുടെ ഇജാസിയ്യത്ത് പ്രകാരം പാരമ്പര്യമായി ചികിത്സിക്കുന്നു.

**നേരിൽ ബന്ധപ്പെടുക**

കൂടാതെ കാലികളുടെ രോഗങ്ങൾക്കും ചികിത്സ നിർദ്ദേശിക്കുന്നു. എല്ലാവിധ ആയുർവേദ യൂനാനി തറി മരുന്നകൾക്കും ബന്ധപ്പെടുക.

**തങ്ങൾസ് ഫാർമസി**

**ഫെയ്മസ് ബേക്കറിക്ക് സമീപം, കോട്ടപ്പടി, മലപ്പുറം**

# ഭാഷാപാരമ്പര്യത്തോട് നൂൽബന്ധം തീർത്ത് മജല്ലത്തുന്നൂർ

പുസ്തകം
●**സുബൈർ റഹ്‌മാനി വാവൂർ**



മലയാളനാട്ടിലെ അറബി പ്രസാധന രംഗത്തെ അനന്ത സാധ്യതകളെ തുറന്നുകാട്ടുന്നതാണ് അന്നൂർ മാഗസിന്റെ മൂന്നാം വരവ്. പട്ടിക്കാട് ജാമിഅ നൂരിയ്യയിലെ 'ഓസ്ഫോജന്'യാണ് പുതുതായി അറബി ജേണൽ രംഗത്ത് ഒരു കൈ നോക്കാൻ ഒരുങ്ങിയിരിക്കുന്നത്. മാഗസിന്റെ മൂന്ന്-നാല് സംയുക്ത പതിപ്പുകൾ ഏറെ സവിശേഷതകളോടെയാണ് പുറത്തിറങ്ങിയിരിക്കുന്നത്.

ആഗോള സാമ്രാജ്യത്വ ശക്തികളെ തുരത്താൻ ഉലമാക്കൾ ഒട്ടേറെ അറബി സമരസാഹിത്യ കൃതികൾ പുറത്തിറക്കുകയും ഭാഷ അറിയാതിരുന്നിട്ടും അതിൽ ആകൃഷ്ടരായ മലബാറിലെ വിപ്ലവ വീര്യമുള്ള മാപ്പിളമാർ പ്രസ്തുത കൃതികളെ നെഞ്ചോട് ചേർത്ത് സമരം നയിക്കുകയും ശത്രുക്കൾ രാജ്യം വിടുകയും ചെയ്തത് അച്ചടിയുടെ വികസിത കാലത്തല്ലായിരുന്നു. അവയുടെ പിന്തുടർച്ച അവകാശപ്പെടാൻ ആധുനിക കേരളത്തിൽ അന്നൂർ മാഗസിനു സാധിക്കുമെന്നാണ് അതിന്റെ മൂന്നാം പതിപ്പ് (പ്രവാചക വിശേഷപ്പതിപ്പ്-മുഹമ്മദുൻ റസൂലുല്ലാഹ്) സാക്ഷ്യപ്പെടുത്തുന്നത്. കേരളത്തിൽ അങ്ങിങ്ങായി ചില 'മജല്ല'കൾ പുറത്തിറങ്ങാറുണ്ട്. ചിലതൊക്കെ ഒരു വഴിപാടാണെന്ന രീതിയിലാണ്. എന്നാൽ അന്നൂറിന്റെ ഇതളുകൾ വ്യത്യസ്തമാണ്.

ഒരേ വിഷയത്തിൽ പ്രമുഖൻമാർ തൂലികയേന്തുന്ന അപൂർവ്വം അറബി മാഗസിനാണിത്. ഉള്ളടക്ക ദാരിദ്രം അന്നൂറിനെ തൊട്ടിട്ടില്ല. കാരണം, 216 പേജിൽ ഘനഗംഭീരമായിട്ടാണത് സംവിധാനിച്ചിരിക്കുന്നത്. പാണക്കാട്ടെ മുല്ല മൊട്ടുകളായ തങ്ങൻമാർ തങ്ങളുടെ പ്രപിതാവിനെ കുറിച്ചും മറ്റും വാചാലമായി അതിൽ പ്രതിപാദിച്ചിട്ടുണ്ട്. പിന്നെ സമസ്ത ഉലമാക്കൾ വിദ്യാഭ്യാസ മേഖലയിലെ പ്രമുഖർ, അറബി ഗവേഷകർ, അറബി സാഹിത്യത്തിൻ വിവിധ യൂണിവേഴ്സിറ്റിയിൽനിന്നും ഗവേഷണം പൂർത്തിയാക്കിയവർ, അറബി കവികൾ തുടങ്ങിയവർ ഒരു മുറ്റത്ത് ഒരുവട്ടം കൂടി അണിനിരക്കുന്ന അപൂർവ്വാശയമാണ് പുതിയ മജല്ല-അന്നൂർ.

പ്രവാചക ജീവിതം, നബിയുടെ വ്യത്യസ്തമായ വ്യക്തിത്വം, പ്രവാചകനെ കുറിച്ച് രചിക്കപ്പെട്ട പ്രധാന സാഹിത്യ സൃഷ്ടികൾ, പ്രവാചകനെ കുറിച്ച് പുതിയ അഞ്ചു പഠനങ്ങൾ, കവിതകൾ, അന്താരാഷ്ട്ര നബിദിനാഘോഷത്തിൽ പങ്കെടുത്ത സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ യാത്രാവിവരണം, ലോകരാജ്യങ്ങളിലെ നിബിദിനാഘോഷത്തെ കുറിച്ചുള്ള അഭിമുഖം എന്നിവ പ്രവാചക ചരിത്രത്തിന്റെ ആധികാരികത തേടുന്നവർക്ക് ഒരു മുതൽക്കൂട്ടാണ്. കേരളത്തിലെ മദ്ഹ് ഗീതങ്ങൾ, ആധുനിക അറബി കവിതകളിലെ മദ്ഹ് കാവ്യങ്ങൾ എന്നീ വിഭാഗത്തിലെ ലേഖനങ്ങൾ ശ്രദ്ധാർഹമാണ്.

മദ്റസകൾ, പ്രൈമറി സ്കൂളുകൾ മുതൽ നൂറുക്കണക്കിനു അറബി കോളേജുകൾ, സർവ്വകലാശാലകൾ, കോളേജ് അറബി ഡിപ്പാർട്ട്മെന്റുകൾ എന്നീ തലങ്ങളിൽ അറബി ഭാഷയുടെ ആചാര്യൻമാരും പഠിതാക്കളും സ്നേഹികളുമായി ലക്ഷക്കണക്കിനു അനുവാചകർക്ക് എന്നും കാത്തുസൂക്ഷിക്കാനും പഠിക്കാനും ഗവേഷണം ചെയ്യാനും പറ്റുന്ന ഒരു റഫറൻസ് ഗ്രന്ഥമായി ഈ കൃതി മാറുമെന്നതിൽ സംശയമില്ല. അതോടൊപ്പം ജനമനസ്സുകളിൽ പുണ്യപ്രകാശത്തിന്റെ കൈത്തിരി കൊളുത്താനും പ്രവാചകർ(സ്വ) അഭിമാനം കൊണ്ട ഒരു ഭാഷയുടെ ശക്തമായ നിലനിൽപ്പിനും ഈ മാഗസിൻ ഒരു നിമിത്തമാവും.

കേരളത്തെ സംബന്ധിച്ചേടത്തോളം തുടക്കക്കാർക്ക് പഞ്ഞമില്ല. അന്നൂർ മാഗസിന്റെ തുടർച്ചയാണ് പ്രധാനം. പ്രബലമായ ഒരു സമിതിയെ മുഖതാളുകളിൽ വരച്ചു കാണിച്ചിട്ടുണ്ട്. അവർക്കതിനു സാധിക്കുക തന്നെ ചെയ്യും. അതിനുള്ള ശ്രമങ്ങൾ തുടരാനാവട്ടെ. പ്രത്യേകിച്ച് പ്രവാചക പ്രേമത്തിന്റെ കപടവും കച്ചവടപരവുമായ മത്സരകാലത്ത് ഈയൊരുദ്യമം അന്നൂർ പ്രവർത്തകരുടെ ത്യാഗസന്നദ്ധതയാണ് വിളിച്ചോതുന്നത്.

മനോഹരമായ കവർ, നല്ല പേപ്പർ ക്വാളിറ്റി, അക്ഷരത്തെറ്റുകളിൽനിന്നുള്ള മോചനം, ആകർഷകമായ ഫോണ്ട്, പരസ്യങ്ങളുടെ അഭാവം എന്നിവ മാഗസിനെ സവിശേഷമാകുന്നു. ഇങ്ങനെ ഒരു മാഗസിനൊരുക്കാൻ കഠിനപ്രയത്നം ചെയ്ത ഒരു ടീം തന്നെ ഉണ്ടാവുമെന്ന് ഈ മേഖലയിലെ പരിചയം വച്ച് പറയാൻ കഴിയും. അവർക്ക് തീർച്ചയായും അഭിമാനിക്കാൻ വകയുണ്ട്. അറബിഭാഷയെയും ഭാഷാസംസ്കാരത്തെയും നിലനിർത്താൻ ശക്തമായ പിന്തുടർച്ചകൾ ഇനിയും ഉണ്ടാവേണ്ടതുണ്ട്. അതിനുള്ള സന്നാഹങ്ങൾക്ക് ഒരു ആത്മപ്രചോദനമാവും മജല്ലത്തുന്നൂർ.

# പച്ചക്കറിതോട്ടമൊരുക്കി വിദ്യാർത്ഥികൾ മാതൃകയാവുന്നു

**കോഴിക്കോട്:** നടക്കാവ് മദ്റസ അങ്കണത്തിൽ പച്ചക്കറി തൊട്ടമൊരുക്കി അൻവാറുൽ ഇസ്‌ലാം മദ്റസ എസ്.ബി.വി ശാഖ മാതൃകയാവുന്നു.

വിവിധ കൃഷിയിനങ്ങൾ വളരെ പരിമിതമായ സ്ഥലത്താണ് വിദ്യാർത്ഥികൾ കഠിനാധ്വാനം ചെയ്ത് കൃഷിയൊരുക്കിയിരിക്കുന്നത്. പയർ, കക്കരി, മത്തൻ, ചുരങ്ങ, വെണ്ട, തക്കാറി, ചെറുപയർ, മമ്പയർ, കാബേജ്, വഴുതന, കൈപ്പ, ചെടിമുരിങ്ങ, ബീൻസ്, പടവലം, ചീര, വെള്ളരി, ഇളവൻ, വാളങ്ങ, ടിഷ്യൂ വാഴ തുടങ്ങിയ പത്തൊമ്പത് ഇനം സസ്യങ്ങൾ പച്ചക്കറിതോട്ടത്തിലുണ്ട്. നാട്ടുകാരും മറുനാട്ടുകാരുമൊക്കെ വിസ്മയത്തോടെ സന്ദർശിക്കുന്ന തോട്ടം കൃത്യമായ പരിചരണം കൊണ്ടാണ് സമൃദ്ധമായി വിളഞ്ഞുനിൽക്കുന്നത്.

അൻവാറുൽ ഇസ്‌ലാം സംഘത്തിന്റെയും അധ്യാപകരുടെയും പൂർണ പിന്തുണ കൊണ്ടാണ് വിദ്യാർത്ഥികൾ മാതൃകാപരമായ തോട്ടം ഒരുക്കിയത്. പഠനത്തിലും ജൈവ കൃഷിയിലും മിടുക്കു കാട്ടുന്ന വിദ്യാർഥികൾ കലാമത്സരത്തിലും മികവ് തെളിയിച്ചിട്ടുണ്ട്. കുരുന്നുകൾ ആസ്പദമാക്കി രണ്ടാഴ്ചയിലൊരിക്കൽ നടത്തപ്പെടുന്ന വിജ്ഞാന മത്സരവും മാസത്തിലൊരിക്കിൽ സാഹിത്യ സംഗമവും കൈയ്യെഴുത്തു മാസികയുമൊക്കെ വിദ്യാർഥികളുടെ അറിവും അനുഭവവും വർധിപ്പിക്കുന്നതാണ്. മാസംതോറും ഇറങ്ങുന്ന കൈയെഴുത്തു മാസിക കുട്ടികൾക്ക് ഏറെ പ്രചോദിതമാണ്. ഈ വർഷം നബിദിനത്തോടനുബന്ധിച്ച് മദ്റസയുടെ സുവർണജൂബിലി ആഘോഷിച്ചപ്പോൾ വിദ്യാർഥികൾ മുൻകൈയെടുത്ത് പ്രസിദ്ധീകരിച്ച സുവർണജൂബിലി ഉപഹാരം ഏവരുടെയും പ്രശംസ പിടിച്ചു പറ്റുകയുണ്ടായി.



*നടക്കാവ് അൻവാറുൽ ഇസ്‌ലാം മദ്റസ എസ്.കെ.എസ്.ബി.വി. വിദ്യാർത്ഥികൾ ഒരുക്കിയ പച്ചക്കറിത്തോട്ടം*




ദാമ്പത്യ ജീവിതം പരാജയമോ? പ്രയാസം വേണ്ട!

സ്നേഹം പിടിച്ചു വാങ്ങാനാവില്ല. ജീവിതപങ്കാളിയുടെ സ്നേഹം നേടിയെടുക്കാൻശരീരംകൊണ്ടും മനസ്സുകൊണ്ടും സ്നേഹിക്കുകയേ മാർഗ്ഗമുള്ളൂ. ശാരീരിക പ്രശ്നങ്ങൾ സ്നേഹത്തിനുതടസ്സമാവുന്നുവെങ്കിൽ ഉടൻ ചികിത്സ തേടൂ. അല്ലെങ്കിലതുനിങ്ങളുടെ ജീവിതം തന്നെ തകർത്തേക്കാം. പ്രശ്നം ദാമ്പത്യമെങ്കിൽ പരീക്ഷണത്തിനു സമയമില്ല.ദാമ്പത്യത്തെ ബാധിക്കുന്ന വിവിധ തരം രോഗങ്ങൾക്ക് പാർശ്വഫലങ്ങളില്ലാത്ത മരുന്നുകൾകൊണ്ട് നിരവധി പേർക്ക് ആശ്വാസമേകിയ പാരമ്പര്യ വൈദ്യൻ സി.പി.സുലൈമാൻ വൈദ്യരുടെ അജന്ത ആയുർവേദ ക്ലിനിക്കിൽ പ്രത്യേക ചികിത്സ ലഭിക്കുന്നു.

ശീഘ്രസ്ഖലനം, താൽപര്യക്കുറവ്, സ്വപ്നസ്ഖലനം, ശക്തിക്കുറവ്, തൃപ്തിയില്ലായ്മ, ബീജാണുക്കൾ കുറവ്, നാഡീതളർച്ച, കൈകാൽ വിറയൽ, ഭയം, ഉദ്ധാരണമില്ലായ്മ, വലിപ്പക്കുറവ് തുടങ്ങിയ എല്ലാ രഹസ്യരോഗങ്ങൾക്കും ചികിത്സ ലഭിക്കുന്നു.സ്ത്രീകളിലെ അസ്ഥിയുരുക്കം, മൂത്രാശയ രോഗങ്ങൾ, ചൊറിച്ചിൽ, ആർത്തവ ക്രമക്കേടുകൾ തുടങ്ങിയ എത്രപഴക്കമുള്ള രോഗങ്ങൾക്കും പാർശ്വഫലങ്ങളില്ലാത്ത ചികിത്സ ലഭ്യമാണ്.അർശസ്, ഫൈഷർസ്, പ്രമേഹത്താലുള്ള ലൈംഗിക പ്രശ്നങ്ങൾ എന്നിവയ്ക്കും സന്താന ലബ്ദിക്കും ചികിത്സിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് നേരിൽ ബന്ധപ്പെടുക.

ശരീരം തടിക്കുവാനും ആരോഗ്യത്തിനും പ്രത്യേക ചികിത്സ

സി.പി.സുലൈമാൻ വൈദ്യർ
അജന്ത ആയുർവേദിക് ക്ലിനിക്ക്
E.M.S പാർക്കിന് മുൻവശം, ഏഴൂർ റോഡ്, തിരൂർ-676 101
എല്ലാ ദിവസവും 9 മുതൽ 7 വരെ, ഞായർ ഒഴിവ്

Ph :0494-2421563, 9947005000

# സമൂഹബാധ്യതകൾ നിർവഹിക്കാൻ അവസരം സൃഷ്ടിക്കണം: ഹൈദരലി ശിഹാബ് തങ്ങൾ

**കോഴിക്കോട്:** നിലവിലുള്ളതും വരാനിരിക്കുന്നതുമായ സമൂഹത്തിനവകാശപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും വിഭവങ്ങളും നിലവിലുള്ള സമൂഹം നിർവ്വഹിച്ചുകൊടുക്കാൻ ബാധ്യസ്ഥരാണെന്ന് പാണക്കാട് സയ്യിദ് ഹൈദർ അലി ശിഹാബ് തങ്ങൾ പ്രസ്താവിച്ചു. ചേളാരി സമസ്താലയത്തിൽ സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന സാരഥി സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജനകോടികളുടെയും ജീവജാലങ്ങളുടെയും അവകാശങ്ങൾ ഹനിക്കുന്ന വിധം പെരുമാറാൻ വിശ്വാസികൾക്കാവില്ല. ആത്മീയ വെളിച്ചം നേടുക വഴി കാലങ്ങൾ ഉയർത്തുന്ന പ്രയാസങ്ങൾ നേരിടാനും മഹല്ല് തലങ്ങളിൽ പടർന്നു പിടിക്കുന്ന അധാർമ്മികതകൾക്കെതിരിൽ കർമ്മരംഗത്തിറങ്ങാനും തങ്ങൾ ആഹ്വാനം ചെയ്തു. ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ അദ്ധ്യക്ഷത വഹിച്ചു. കോട്ടുമല ടി.എം. ബാപ്പു മുസ്‌ലിയാർ, എസ്.എം.ജിഫ്രി തങ്ങൾ പ്രസംഗിച്ചു. പിണങ്ങോട് അബൂബക്കർ മുസ്‌ലിയാർ കർമ്മപദ്ധതി അവതരിപ്പിച്ചു. മുക്കം ഉമർ ഫൈസി സ്വാഗതവും പി.പി.മുഹമ്മദ് ഫൈസി നന്ദിയും പറഞ്ഞു.

# വെളിമുക്ക് ക്ലസ്റ്റർ സർഗലയം

**വെളിമുക്ക്:** വെളിമുക്ക് ക്ലസ്റ്റർ എസ്കെഎസ്എസ്എഫ് സർഗലയം വെളിമുക്ക് തഅ്‌ലീമുസ്വിബ്‌യാൻ മദ്രസയിൽ നടന്നു.

പരിപാടിയിൽ മൂന്നിയൂർ ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഹനീഫ മൂന്നിയൂർ, ശരീഫ് ചുഴലി, ബാപ്പു വെളിമുക്ക്, ജാഫർ പാലക്കൽ, റഫീഖ് പാലക്കൽ, ശിഹാബ് കൂഫ, ശമീം പാറായി, അബ്ദുസ്സമദ് വെളിമുക്ക് എന്നിവർ സംസാരിച്ചു. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ തലപ്പാറ, കൂഫ, പടിക്കൽ ശാഖകൾ കരസ്ഥമാക്കി.



*ഇരിക്കൂർ റെയ്ഞ്ച് ട്രൈനിംഗ് ക്ലാസിന്റെ സമാപന സംഗമം സമസ്ത ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് ജനറൽ സെക്രട്ടറി പികെപി അബ്ദുസ്സലാം മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യുന്നു*



*സമസ്ത മധ്യമേഖലാ ഉലമ സമ്മേളനത്തിന്റെ നീലഗിരി ജില്ല സ്വാഗതസംഘം രൂപീകരണ കൺവൻഷനിൽ ഇ അലവി ഫൈസി കുളപ്പറമ്പ് മുഖ്യപ്രഭാഷണം നടത്തുന്നു*

# അനുസ്മരണ സമ്മേളനം നടത്തി

**പട്ടിക്കാട്:** കോട്ടപ്പുറത്ത് സയ്യിദ് മുഹമ്മദ് സഖാഫ് പൂക്കോയ തങ്ങൾ അനുസ്മരണ സമ്മേളനം സമസ്ത ജനറൽ സെക്രട്ടറി ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അധ്യക്ഷതവഹിച്ചു.

അബ്ദുസ്സമദ് പൂക്കോട്ടൂർ മുഖ്യപ്രഭാഷണം നടത്തി. ഹാഫിള് മുനീബ് ഹുസൈൻ ഖിറാഅത്ത് നടത്തി. സയ്യിദ് ഹസൻ സഖാഫ് ആറ്റക്കോയ തങ്ങൾ സ്വാഗതവും സയ്യിദ് ഹുസൈൻ തങ്ങൾ നന്ദിയും പറഞ്ഞു. ഖത്മുൽ ഖുർആനിന് ഹാഫിള് തഹ്സീൻ ബിഹാരി നേതൃത്വം നൽകി. മൗലിദ് സദസ്സിന് സയ്യിദ് ഉമർ സഖാഫ് കൂട്ടായി, സി മുഹമ്മദ് ഫൈസി, എടി അബ്ദുൽ അസീസ് മുസ്‌ലിയാർ നേതൃത്വം നൽകി.

# കൺവൻഷൻ നടത്തി

ചേളാരി: എസ്കെഎസ്എസ്എഫ് യൂണിവേഴ്സിറ്റി മേഖലാ കൺവൻഷൻ ചേളാരി ഇസ്‌ലാമിക് സെന്ററിൽ ചേർന്നു. സുലൈമാൻ മുസ്‌ലിയാർ ഉഗ്രപുരം അധ്യക്ഷതവഹിച്ചു. അഷ്റഫ് ചേലേമ്പ്ര, ശമീം കോഴിപ്പുറം, പിടി അബ്ദുൽ അസീസ് പാണമ്പ്ര, സിദ്ദീഖ് ദേവതിയാൽ, സുഹൈൽ ചേളാരി, മുഹമ്മദ് ഹുദവി പ്രസംഗിച്ചു.

• പിണങ്ങോട്

# ഒബാമ ഉസാമ ഭായി ഭായി

**പാ**കിസ്ഥാനിലെ അബോട്ടാബാദിൽ ഒരു വാടകവീട്ടിൽ താമസിച്ചിരുന്ന ഉസാമ ബിൻലാദനെ പാക് ഭരണാധികാരികളോ പോലീസോ, എന്തിന് സംഖ്യകക്ഷികളോ അറിയാതെ നിലാവില്ലാത്തരാത്രി നോക്കി അമേരിക്ക കമാണ്ടോകളെ ഉപയോഗിച്ച് വേട്ടയാടി കൊന്ന വാർത്ത (02/05/2011) പരക്കാൻ അധികസമയം വേണ്ടിവന്നില്ല. വാർത്തക്കൊപ്പം കിംവദന്തികളും തർക്കങ്ങളും പരപരന്നു. അതിപ്പോഴും തുടരുന്നു.

ഒബാമയുടെ ജനപ്രീതി ഒറ്റയടിക്ക് ഉയർന്നെന്ന ജനകീയ സർവേ പുറത്തു വന്നു. പാകിസ്ഥാനിലും അഫ്ഗാനിസ്ഥാനിലും ജനം ഭീതിയിലാണെന്നും വന്നു വാർത്ത. അതിനിടെ ബ്രിട്ടനിൽ 20-ൽ രണ്ടു സ്ത്രീകൾക്കും കോഴിമുട്ട പുഴുങ്ങാൻ പോലുമറിയില്ലെന്ന സർവേയും പുറത്തുവന്നു. പലജാതി വാർത്തകൾ പലവഴിക്ക് വരുന്നതിനാൽ വായനക്കാരും വിശകലനവിദ്വാൻമാരും വട്ടം കറങ്ങിയെന്നല്ലാതെ നിജസ്ഥിതി ഒട്ടും വ്യക്തമായതുമില്ല.

ഉസാമ എഞ്ചിനീയറിംഗ് ബിരുദമുള്ള നല്ലൊരു ധനാഢ്യനായിരുന്നു. സഊദിയിൽ നിന്നാണ് ഒന്നാം പുക ഉയർന്നത്. അതാണെങ്കിലോ, രാജകുടുംബാംഗങ്ങൾ തമ്മിലുള്ള പെട്രോൾ ലാഭ വിഹിത തർക്കവുമായി ബന്ധപ്പെട്ടതാണുതാനും. ഏതായാലും വളരെ പെട്ടെന്ന് ഉസാമ പ്രസിദ്ധനായി. അതിലധികം വേഗത്തിൽ ഉസാമ തീവ്രവാദിയായി. വലതുകയ്യിൽ യന്ത്രത്തോക്കുമായി അർദ്ധപുഞ്ചിരിതൂകി നിൽക്കുന്ന ഉസാമയുടെ ചിത്രം നെറ്റായ നെറ്റൊക്കെ നിറഞ്ഞുനിന്നു. ലോകവ്യാപാരസമുച്ചയം വിമാനമിടിച്ചു തകർക്കപ്പെട്ടതോടെ ഉസാമ ഉഗ്രനായി. അഫ്ഗാനിസ്ഥാനിലെ തോറാബോറ മലമടക്കുകൾ വാർത്തയായി. ഉസാമയെ തേടി യു. എസ് മിലിട്ടറി കാടു കയറിത്തുടങ്ങി. പോർവിമാനങ്ങൾ തലങ്ങും വിലങ്ങും പറന്നു. വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിൽ കൊല്ലപ്പെട്ടത് 3000 പേർ. പക്ഷേ, അതേ തുടർന്നു നടന്ന സൈനിക നടപടിയിൽ കൊല്ലപ്പെട്ടതിന്റെ കണക്ക് മാധ്യമങ്ങൾ പുറത്തുവിട്ടതുമില്ല. കാരണം, ഒന്നാം മരണം അമേരിക്കയിൽ. രണ്ടാമതു നടന്നതോ? അവിടെയല്ലതാനും.

ഏതായാലും ജോർജ് ബുഷ് പഠിച്ച പണി പതിനെട്ടും പയറ്റിയിട്ടും ഉസാമയെ പിടികൂടാനായില്ല. അദ്ദേഹം എവിടെയാണെന്നു പോലും തിട്ടമായി തിട്ടപ്പെടുത്താനുമായില്ല. അമേരിക്കയിൽ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ജോർജ് ബുഷിന് പിടിച്ചു നിൽക്കാനുമായില്ല.

ബറാക് ഹുസൈൻ ഒബാമയെന്ന കറുത്തവർഗക്കാരൻ യു.എസ് പ്രസിഡന്റായി. കുറെയൊക്കെ മയപ്പെടുത്തിയായിരുന്നു ഒബാമയുടെ വർത്തമാനം. ഇറാഖിൽനിന്ന് സൈനികരെ പിൻവലിക്കും, അഫ്ഗാനിൽ അധിക്രമം കാണിക്കില്ല, ഗ്വാണ്ടിനാമോ ജയിലിലെ പീഡനം അന്വേഷിക്കും. അങ്ങനെ അല്ലറ ചില്ലറ മനുഷ്യാവകാശ വാസനകളൊക്കെ അടങ്ങിയതായിരുന്നു ആദ്യകാല ഒബാമയുടെ പ്രസ്താവനകൾ. ചെറിയ തോതിലുള്ള പ്രതീക്ഷകൾ സമൂഹം വച്ചുപുലർത്തി. ഉസാമയെ പടച്ചുണ്ടാക്കി പണികൊടുത്ത അമേരിക്ക തന്നെ ഉസാമയെ പിടിവിട്ടുപോയ ഭൂതം പോലെ ഭയന്നിരുന്നോ? അതോ ഉസാമ ഒരു കെട്ടുകഥയിലെ നായകനോ? ഇതും തർക്കമായി.

ഇപ്പോൾ ലോകത്തിന്റെ കണ്ണും കാതും മനസ്സും ഉടക്കിനിൽക്കുന്നത് പെട്രോളിലാണ്. അതാണെങ്കിലോ അധികവും അറബ് മണ്ണിലാണുതാനും. അതിനവരെ അക്രമിച്ചും ആക്ഷേപിച്ചും കീഴ്പ്പെടുത്തി പെട്രോൾ ചോർത്തി കൊണ്ടുപോകാൻ നടത്തുന്ന ഏർപ്പാടായി യുദ്ധങ്ങൾ മാറി.

സഊദിയെ വരുതിയിൽ നിർത്തണം. ഇസ്രാഈലിനെ ദത്തെടുത്ത് സംരക്ഷിക്കണം. മദാമ്മമാർക്ക് മുട്ട പുഴുങ്ങാൻ പോലുമറിയില്ലെങ്കിലും സുഖമായി കഴിയണം. എല്ലാവരുടെയും മുകളിൽ കയറിനിന്ന് മേനിനടിച്ച് മാന്യനാവണം. അതിന് എന്തുവേണമെങ്കിലും, എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാൻ നയതന്ത്ര ഉദ്യോഗസ്ഥരും മാധ്യമ ലോബിയും അമേരിക്കൻപക്ഷത്ത് റെഡി.

ഗാസയിലേക്ക് കൊണ്ടുപോയ ജീവൻരക്ഷാ മരുന്നും, ഭക്ഷണവും തടയുകയും കപ്പൽ അക്രമിക്കുകയും ചെയ്ത ഇസ്രയേലിനെതിരിൽ യുഎന്നോ, യു.എസോ എന്തെങ്കിലും നടപടി എടുത്തോ? എന്തിന്, കനപ്പിച്ച് ഒരു വർത്തമാനം പറഞ്ഞോ, സെക്യൂരിറ്റി കൗൺസിൽ മീറ്റിംഗിൽ ഇസ്രയേലിനു വേണ്ടി അമേരിക്കയും ബ്രിട്ടനും എത്ര തവണ വീറ്റോ അധികാരം ദുരുപയോഗം ചെയ്തു. എന്നാൽ ഒരിക്കലെങ്കിലും പാലസ്തീനികൾക്കു വേണ്ടി ഒരു കൈ ഉയർന്നോ? ഉസാമ ചെയ്താൽ ഭീകരവാദം, അക്രമം, അനീതി. അതിനെക്കാൾ വലിയ കൃത്യവും കൊലകളും ഇസ്രയേൽ ചെയ്താലോ? അതൊരു രാഷ്ട്രീയ കൊലയും. ഇതാണ് ആർക്കും മനസ്സിലാവാത്ത സമസ്യ.

ഉസാമ ബിൻലാദനെ ഇസ്‌ലാമിസ്റ്റാക്കാനും ശ്രമം നടന്നു. അപ്പേരിൽ മതത്തെ പ്രതിക്കൂട്ടിലാക്കാനായിരുന്നു തൽപര ചിന്ത. ഇസ്‌ലാമിന് രക്തമുഖം നൽകി അവതരിപ്പിക്കാനാവുമോ എന്നാവും ചിലർ നടത്തിയ ഗവേഷണം. ആശയദാരിദ്ര്യം നേരിടുന്നവരാണ് ആയുധമെടുക്കുക. ഇസ്‌ലാമിനതിന്റെ ആവശ്യമില്ലല്ലോ. ചരിത്രത്തിൽ ഒരു ഘട്ടത്തിലും ഇസ്‌ലാം കണ്ണുരുട്ടി പേടിപ്പിച്ച് വികസിപ്പിക്കേണ്ടിവന്നിട്ടില്ല. അതൊരു തുറന്ന പുസ്തകം മാത്രമല്ല, ശാന്തി തേടുന്നവരുടെ ശാദ്വലതീരവും കൂടിയാണ്. ചൂഷണമുക്ത സമൂഹമാണ് ഇസ്‌ലാമിന്റെ ഉത്പന്നം തന്നെ. ലുഖ്മാനുൽ ഹകീം മഹാനായ ഉപദേശകനായതിന്റെ പൊരുൾ പറഞ്ഞത് അസൂയ, അഹങ്കാരം, ആർത്തി, ഭൗതിക താൽപര്യങ്ങൾ ആതിയായ ദുർവിചാരമില്ലാത്ത മനസ്സിന്റെ ഉടമയായിരുന്നു മഹാനവർകൾ എന്നതു കൊണ്ടു കൂടിയായിരുന്നു. ലോകരെ പറ്റിച്ചു പണമുണ്ടാക്കി പത്രാസ് നടിച്ചു നടക്കുന്ന അമേരിക്കൻ രീതിശാസ്ത്രം പിന്തുടർന്നതിനാലാണ് ഞങ്ങൾ കാന്തപുരം രീതിശാസ്ത്രത്തെയും വിമർശിക്കുന്നതും പ്രതിരോധിക്കുന്നതും. രണ്ടു ധ്രുവങ്ങളിലാണെങ്കിലും ചില കാര്യങ്ങളിൽ ഉസാമ-ഒബാമ സമാനതകൾ ഉണ്ട്. ആ നിലക്ക് നമുക്ക് ഉസാമ, ഒബാമ ഭായി ഭായി എന്നു വിചാരിക്കാം.